# ലോകവാണി

LOKAVANI ★ ★ ★ MADRAS.



# അടുത്ത ലക്കത്തിൽ

★

1. ഞാനും എൻെറ ദൈവങ്ങളും :

ശ്രീ. എസ്സ്. ഗുപ്തൻ നായർ.

2. ശ്രീ. വക്കം അബ്ദുൽ ഖാദർ (തൂലികാചിത്രം) :

ശ്രീ. കൊടുപ്പുന്ന.

3. കലേപ്പട്ടണത്തിലെ പൌരന്മാർ (ഹാസ്യലേഖനം) :

ശ്രീ. മലയാറ്റൂർ രാമകൃഷ്ണൻ.


## THE TRAVANCORE FORWARD BANK LTD.

Incorporated In Travancore, 1929.

*(Liability of Members Limited)*

A SCHEDULED BANK

HEAD OFFICE : KOTTAYAM.

Branches and Agencies at all Important Centres in India.

| | | |
|---|---|---|
| **Authorised Capital** | ... | **Rs. 50,00,000** |
| **Issued and Subscribed Capital** | ... | **Rs. 25.00,000** |
| **Paid-up Capital and Reserves** | ... | **Rs. 17,26,000** |

FIXED DEPOSITS RECEIVED AND
3 YEAR CASH CERTIFICATES
ISSUED ON VERY FAVOURABLE TERMS

All Kinds of Banking Business Transacted

*Madras Branch :*

14-A, STRINGER ST., "Loane Square", BROADWAY.

Telephone No. "2725".

C. M. CHERIAN, M.A.,
*Secretary.*

# ലോകവാണി

## ഉള്ളടക്കം

മുഖചിത്രം : സർദാർ ബൽദേവ് സിംഗ്.


1. പത്രാധിപലേഖനം.
2. എങ്കിലും (കവിത) : ജി. ശങ്കരക്കുറുപ്പ്.
3. ചോരയുടെ നിറം (ചെറുകഥ) : വെട്ടൂർ രാമൻ നായർ.
4. ഇങ്കാമറയുടെ മറവിൽ : കെ.
5. അണയാത്ത പ്രകാശം (കവിത) : തമ്മനത്തു് അരവിന്ദാക്ഷൻ.
6. വിവാഹജീവിതം : ഡാക്ടർ ആഞ്ഞിലിവേൽ മാത്യു.
7. ഐക്യകേരളം (കവിത) : വട്ടോളി കൊച്ചുകൃഷ്ണൻ നായർ.
8. ജീവചരിത്രസരണി– 'വ്യാഴവട്ടസ്മരണകൾ' : കെ. എം. ജി.
9. ഞങ്ങളുടെ കഥ : കൈനിക്കര കുമാരപിള്ള.
10. പുസ്തകങ്ങൾ 'അമൃതഗംഗ' : കെ. പി. ബി.
11. എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം : കെ. എം. ജോർജ്.
12. വിദ്യാർത്ഥിലോകം : കൊച്ചേട്ടൻ.
13. കഷായം : വാഗ്ഭടൻ.
14. അഭിപ്രായങ്ങളും കത്തുകളും.


—o—


National Book Stall,
KALARIKAL BAZAAR,
KOTTAYAM.

# മഹാകവി വള്ളത്തോൾ
# വിശേഷാൽ പ്രതി

അടുത്ത ലക്കം (1—11—'48) മഹാകവി വള്ളത്തോളിൻെറ
എഴുപതാം ജന്മദിനം സംബന്ധിച്ചുള്ള
ഒരു വിശേഷാൽ പ്രതിയായി
പ്രസിദ്ധീകരിക്കുന്നതാണ്.

പ്രത്യേക ലേഖനങ്ങളും, ചിത്രങ്ങളും പ്രതീക്ഷിക്കുക.

---

# ലോകവാണി
## (ഒരു പ്രതിപക്ഷപത്രിക)

മാസംതോറും 1, 15 എന്നീ തീയതികളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

കേരളത്തിലെ പേരുകേട്ട എല്ലാ സാഹിത്യകാരന്മാരും
ലോകവാണിയിൽ എഴുതുന്നുണ്ട്.

ഒററ പ്രതി 4 ണ. വരിസംഖ്യ ഒരു വഷത്തേക്കു 6 ക.

കേരളത്തിനുള്ളിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

The Manager,
Lokavani Office,
Tambaram.

# ലോകവാണി

വാല്യം 1 — 15-10-1948 — ലക്കം 15


## സൈനികശക്തി

ഇന്ത്യൻ പട്ടാളം ഹൈദരാബാദിൽ പ്രവേശിച്ച്, അവിടെ നടമാടിക്കൊണ്ടിരുന്ന അഴിമതികൾ അമർച്ച ചെയ്തവിവരം അറിഞ്ഞപ്പോൾ, വെള്ളക്കാരിൽ പലരും ബ്രിട്ടണിൽ താമസിക്കുന്ന നമ്മുടെ നാട്ടുകാരോട് "നിങ്ങളുടെ അക്രമരാഹിത്യം എവിടെ ? ഗാന്ധി പോയതോടുകൂടി അതും നശിച്ചുവോ?" എന്നിങ്ങനെ പരിഹാസപൂർവ്വം ചോദിച്ചതായി പറയപ്പെടുന്നു. അക്രമരാഹിത്യ സിദ്ധാന്തത്തെക്കുറിച്ച് ഉപരിപ്ലവമായ ഒരു ജ്ഞാനം മാത്രം ഉള്ളവരാണ് ഇത്തരം വിമർശനങ്ങളിൽ ഔത്സുക്യം കാണിക്കുക പതിവ്. അക്രമരാഹിത്യത്തിന്റെ പേരിൽ ഇന്ത്യ എന്നും ദുർബലമായ ഒരു രാഷ്ട്രമായി കഴിഞ്ഞുകൂടുന്നത് ചുററുപാടുമുള്ള ചില രാഷ്ട്രങ്ങൾക്കു സന്തോഷകാരണമായിരിക്കും. എങ്കിലും നമുക്കു നമ്മുടെ കാര്യം നോക്കാതെ നിവൃത്തിയില്ല.

അശക്തന്റെ അക്രമരാഹിത്യത്തിനു വില കല്പിക്കുന്നതിനു നിവൃത്തിയില്ല. നല്ല ശക്തിയുള്ള ഒരാളിന്റെ അക്രമരാഹിത്യമാണു അഭിമാനകരമായിട്ടുള്ളത്. അതുകൊണ്ടു ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയെ ഇനിയും വളരെ മടങ്ങു ശക്തിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്. ഈ ശക്തീകരണം പല മാർഗ്ഗങ്ങളിൽക്കൂടെ നടത്തേണ്ടതാണ്; എങ്കിലും അതിന്റെ സർവ്വപ്രധാനമായിട്ടുള്ള ഒന്നാണു സൈനികശക്തി വർദ്ധിപ്പിക്കുക എന്നുള്ളത്. ഏതൊരു ശക്തിയും അതിന്റെ വിനിയോഗം അനുസരിച്ചാണു നല്ലതോ ചീത്തയോ ആയി പരിണമിക്കുന്നത്. മററു രാജ്യങ്ങളെ ആക്രമിച്ചു കീഴടക്കണമെന്ന ഉദ്ദേശത്തോടുകൂടെ സൈനികശക്തി വർദ്ധിപ്പിക്കുന്നുവെങ്കിൽ അതു തികച്ചും അനാശാസ്യം തന്നെയാണ്. എന്നാൽ ലോകത്തിലുള്ള പ്രബലരാഷ്ട്രങ്ങളുടെ ഇന്നത്തെ സാംസ്ഥാരിക നില വെച്ചുനോക്കുമ്പോൾ ആത്മസംരക്ഷണത്തിനു ആവശ്യമുള്ളത്ര സൈനികശക്തി ഇല്ലാതിരിക്കുന്നതു കേവലം ബുദ്ധിശൂന്യതയായിരിക്കും.

ഇന്ത്യൻ പട്ടാളത്തിനു അഭികാമ്യമായ ഒരു പാരമ്പര്യമാണുള്ളതു്. ബ്രിട്ടീഷുകാക്കു പല രംഗങ്ങളിലും വിജയം സുഗമമാക്കിയതു നമ്മുടെ പട്ടാളക്കാരാണെന്നുള്ളതു് അവർ പരോക്ഷമായിട്ടെങ്കിലും സമ്മതിക്കുന്നുണ്ടു്. ഉയന്ന ഉദ്യോഗങ്ങൾ നമ്മുടെ ആളുകൾക്കു കിട്ടിത്തുടങ്ങിയതു ഈ അടുത്ത കാലത്തു മാത്രമാണു്. ഏതു സ്ഥാനത്തും സമത്ഥമായി കാര്യങ്ങൾ നടത്തുവാനുള്ള ശേഷി അവക്കുണ്ടു്. നമ്മുടെ സൈനികശക്തി ഉടനേ തന്നെ ഗണനീയമായ തോതിൽ വികസിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി കേൾക്കുന്നു. സർദാർ ബലദേവസിംഗിനെപ്പോലെ ഉറപ്പും ഊർജ്ജിതവുമുള്ള ഒരു മന്ത്രിയുടെ കീഴിൽ ഒരു സൈനികവകുപ്പു അഭികാമ്യമായ തോതിൽ അഭിവൃദ്ധിപ്പെടുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

---

# തിരുവിതാംകൂറിലെ മന്ത്രിസഭ.

ശ്രീ. പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ ഭരിച്ചുകൊണ്ടിരുന്ന മന്ത്രിസഭ രാജിവെച്ചൊഴിയുന്നു എന്ന വാത്ത തിരുവിതാംകൂർ രാഷ്ട്രീയ രംഗത്തിൻെറ പുറകിലെ കഥകൾ അറിഞ്ഞുകൊണ്ടിരുന്നവക്കു അത്ഭുതകരമല്ലെങ്കിലും തികച്ചും ദുഃഖകരമാണെന്നു പറയാതെ നിവൃത്തിയില്ല. പ്രായപൂത്തി വോട്ടവകാശം അടിസ്ഥാനമാക്കി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ മാത്രം ഉൾപ്പെടുന്ന ഒരു ജനപ്രതിനിധി സഭ ഇന്ത്യയിൽ ആദ്യം ഭരണസാരഥ്യം വഹിക്കുന്നതു തിരുവിതാംകൂറിലാണെന്നും അവരുടെ അപ്രതിഷേധ്യ നേതാക്കന്മാരായ മൂന്നു പേരാണു് മന്ത്രികളായിരിക്കുന്നതെന്നും മറവം പറഞ്ഞു നാമെല്ലാം ആഹ്ലാദം പൂണ്ടിട്ടു ഇന്നു കഷ്ടിച്ചു ആറുമാസം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഒന്നിച്ചു നിന്നു സമരം ചെയ്തപ്പോൾ പൊതുജനങ്ങളുടെ സാക്ഷാൽ കണ്ണിലുണ്ണികളായിരുന്ന നേതാക്കന്മാർ, അധികാരത്തിൽ പ്രവേശിച്ച അന്നുമുതൽ ഒരു പ്രത്യേക വർഗ്ഗക്കാരായി രൂപമെടുത്തു. ഭരണീയർ, ഭരണകത്താക്കൾ എന്ന രണ്ടു വിരുദ്ധശക്തികളായി തീൻ. ക്രമേണ വടം വലി തുടങ്ങി. ഇതു കൂടാതെ മന്ത്രിസഭയ്ക്കുള്ളിൽ തന്നെ വലിയ കോളിളക്കങ്ങളും ക്ഷോഭങ്ങളും ആവിർഭവിച്ചു. മന്ത്രിമാരുടെ എണ്ണം വർദ്ധിപ്പിച്ച ഘട്ടത്തിൽ അതു ഒരു ദുർഘട പ്രശ്നമായി വന്നുവെങ്കിലും, ചില വ്യക്തികളുടെ ഹൃദ്യവും ശക്തവുമായ പരിശ്രമം മൂലം ഒരു രഞ്ജിപ്പിൽ എത്തിച്ചേൻ എങ്കിലും കാര്യങ്ങൾ സുഗമമായി പോകുന്നില്ല എന്നു ഉള്ളുകള്ളികൾ മനസ്സിലാക്കിയിട്ടുള്ളവക്കു അറിയാമായിരുന്നു.

മന്ത്രിസഭയോടുള്ള അതൃപ്തി മൂർദ്ധന്യത്തിൽ എത്താനുള്ള പ്രധാന കാരണം, സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ ഭൗതികാവശിഷ്ടങ്ങൾക്കു ഉചിതമായ സ്വീകരണം

നൽകുന്നതിൽ അവർ കാണിച്ച വൈമുഖ്യമാണെന്നാണു അറിയുന്നതു്. തലസ്ഥാന നഗരത്തിൽ ആ കർമ്മധീരന്റെ സ്മരണയെ നിലനിർത്തുന്നതിനു വേണ്ട സാഹചര്യങ്ങൾ സാധിക്കാതിരുന്നതു് തികച്ചും ദുഃഖകരം തന്നെ.

സംഘടനാപരിപാടികളിൽ വളരെ സമർത്ഥമായും, നിസ്വാർത്ഥമായും പ്രവർത്തിച്ചു പേരുംപെരുമയും സമ്പാദിച്ചിട്ടുള്ള പല നേതാക്കന്മാരും ഭരണകൂടത്തിന്റെ ചക്കിൽ വീണുകഴിയുമ്പോൾ, വ്യക്തിത്വം നശിച്ചു കരുമ്പിൻ കോച്ചിൽ പോലെ പുറന്തള്ളപ്പെടുന്ന കാഴ്ച, ഇന്ത്യയിൽ പല ഭാഗങ്ങളിലും നാം കണ്ടുകഴിഞ്ഞു. ഇപ്പോൾ തിരുവിതാംകൂറിലും അതിനു നല്ല ഒരു ദൃഷ്ടാന്തമാണു ഉണ്ടായിരിക്കുന്നതു്. ഉത്തരവാദഭരണം ഭരണകർത്താക്കൾക്കും ഭരണീയർക്കും ഒന്നുപോലെ പുതിയതാണു്. ഇരുകൂട്ടരും വളരെയധികം പ്രതീക്ഷിച്ചുപോയി. സ്വപ്നവും യഥാർത്ഥ്യവും തമ്മിലുള്ള വൈജാത്യത്തിന്റെ ഘോരത ഞങ്ങൾ 25—3—48-ൽ എഴുതിയ മുഖലേഖനത്തിൽ സൂചിപ്പിച്ചതാണു്.

“അമ്പതുലക്ഷം ജനങ്ങൾ തന്റെ പിന്നിലുണ്ടെന്നുള്ള വിശ്വാസത്തോടുകൂടി അവർക്കുവേണ്ടിയാണു താൻ പടവെട്ടുന്നതെന്നും, കഷ്ടപ്പെടുന്നതെന്നും ഉള്ള ബോധത്തോടുകൂടി, ഭാവിയിലെ ഭരണകൂടം സ്വപ്നം കണ്ടുകൊണ്ടു ജയിലിൽ കഴിച്ചുകൂട്ടിയ ആ നാളുകളുടെ മാധുര്യം, ശ്രീ. പട്ടം ശരിക്കനുഭവിക്കുവാൻ പോകുന്നതേയുള്ളു.” എന്നു ഞങ്ങൾ അന്നു പറഞ്ഞപ്പോൾ അതു ഒരു പ്രവചനം ആയിരുന്നിരിക്കാം. തുടർന്നു ഞങ്ങൾ പറഞ്ഞു “അറുപതു ലക്ഷം നാവുകൾ ചോദ്യചിഹ്നരൂപത്തിൽ വളഞ്ഞു നിൽക്കുന്ന ചിത്രം, നമ്മുടെ നേതാക്കന്മാരെ സ്വപ്നത്തിലും ജാഗ്രത്തിലും അലട്ടുന്ന ഒരു വല്ലാത്ത പ്രശ്നമായിരിക്കും” അടുത്തുണ്ടാവാൻ പോകുന്ന മന്ത്രിസഭയേയും ഈ പ്രശ്നം ബാധിക്കാതിരിക്കയില്ല, എങ്കിലും ഇതിനകം ഉണ്ടായിട്ടുള്ള സംഭവപരമ്പരകൾ അവയ്ക്കു ഗുണപാഠമായി നിൽക്കുന്നതാണു്. തന്നെയുമല്ല അധികം പ്രതീക്ഷിക്കുന്നതു അനർത്ഥകാരണമാണെന്നു പൊതുജനങ്ങളും കുറെയൊക്കെ മനസ്സിലാക്കിത്തുടങ്ങിയതു കൊണ്ടു രാഷ്ട്രീയാന്തരീക്ഷം ഒന്നുകൂടെ ശാന്തമാകുവാനാണു് വഴികാണുന്നതു്.

—o—

# പ്രക്ഷേപണകേന്ദ്രം-മലയാളത്തിനു്.

പ്രക്ഷേപണപദ്ധതിയുടെ സാദ്ധ്യതകളെക്കുറിച്ചു നല്ലവണ്ണം അറിയാവുന്ന പരിഷ്കൃതരാജ്യങ്ങളെല്ലാം അതിന്റെ വികാസത്തിനും പരിഷ്കരണത്തിനും മുൻഗണന കൊടുത്തിരിക്കുകയാണു്. ഇന്ത്യ വിദേശഭരണത്തിൻകീഴിൽ ഇരുന്ന സമയത്തു തന്നെ ഇവിടെ നടത്തേണ്ടു യുദ്ധാനന്തര വികസന പദ്ധതികളെക്കുറിച്ചു ചില പരിപാടികൾ തയ്യാറാക്കി വന്നിരുന്നു. സ്വതന്ത്രഗവണ്മെന്റു ഭരണമേറെറടുത്തപ്പോൾ വികസനപദ്ധതികൾക്കു ഒരു നവ ചൈതന്യം ലഭിച്ചു. ബസ്വാഡയിലും, കോഴിക്കോട്ടും പ്രക്ഷേപണകേന്ദ്രങ്ങൾ ഉടനെ തന്നെ സ്ഥാപിക്കുന്നതാണു എന്നു സർദാർ പട്ടേൽ പ്രഖ്യാപ

നം ചെയ്തിട്ടു ഇപ്പോൾ ഒരു വർഷത്തോളമായി. ബെസവാഡയിൽ പ്രക്ഷേപണകേന്ദ്രം സ്ഥാപിക്കാനുള്ള ക്രമീകരണങ്ങളെല്ലാം ചെയ്തു കഴിഞ്ഞു. അന്നത്തെ പ്രഖ്യാപനം അനുസരിച്ചു അടുത്തു മുൻഗണനാ നൽകുന്നതു കോഴിക്കോട്ടിനായിരിക്കും എന്നെല്ലാവരും പ്രതീക്ഷിച്ചു. പക്ഷേ ഇപ്പോൾ അക്കാര്യം—മലയാളഭാഷയുടെ കാര്യം – പുറന്തള്ളപ്പെട്ടിരിക്കുകയാണെന്നു അറിയുന്നു. ഇനിയും കർണ്ണാടകക്കാർക്ക് ധർവാറിലും, ഗുജറാത്തികൾക്കു അഹമ്മദബാദിലും പ്രക്ഷേപണകേന്ദ്രങ്ങൾ ഉണ്ടാക്കിയശേഷം മാത്രമേ മലയാളിയുടെ കാര്യം ആലോചിക്കയുള്ളു എന്ന ഘട്ടമായിരിക്കയാണ്

ഇത്തരം അനീതികളെക്കുറിച്ചു ചോദിക്കാനും, ശബ്ദമുയർത്തിപ്പറയാനും നമുക്കു ആരുമില്ലേ ? വിദ്യാഭ്യാസ യോഗ്യതയിലും, കാര്യക്ഷമതയിലും മലയാളി പ്രഥമഗണനീയനാണ്. ഇന്ത്യാഗവണ്മെൻറിൻെറ പ്രധാന സ്ഥാനങ്ങളിലൊക്കെ മലയാളി ഇരുപ്പുറപ്പിച്ചിട്ടുണ്ട്. എങ്കിലും അവൻെറ തറവാട്ടുകാര്യം ഇങ്ങനെ താറുമാറായി കിടക്കുന്നതു് വല്ലാത്ത ഒരു വൈരുദ്ധ്യം തന്നെയാണ്. മലയാളിയുടെ അനൈക്യമാണ് ഇതിനു ഒരു പ്രധാനകാരണമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഇപ്പോൾ മലയാളികൾ എന്തെങ്കിലും ലഭിക്കണമെങ്കിൽ മററുള്ളവൻെറ കരുണവേണം എന്നാൽ ഇന്നു കേരളം ഒന്നിച്ചു കിടന്നിരുന്നുവെങ്കിൽ, ഇപ്രകാരം മലയാളത്തെ അവഗണിച്ചു മുമ്പോട്ടുപോകുന്നതിനു കേന്ദ്രഗവണ്മെൻറു ധൈര്യപ്പെടുമായിരുന്നില്ല. തിരുവിതാംകൂറിൽ ഒരു പ്രക്ഷേപണകേന്ദ്രം ഉണ്ടല്ലോ എന്നു ഒരു ന്യായം ചിലർ പറഞ്ഞേക്കാം. നീർക്കോലി കടിച്ചു അത്താഴം മുടക്കുന്ന കഥപോലെയാണു അതിൻെറ കഥ. ദിനന്തോറും ഒന്നര മണിക്കൂർ കർണ്ണാടകസംഗീതമാണു അവിടെ പ്രക്ഷേപണം ചെയ്യപ്പെടുന്നതു്. ഇയ്യിടെ ചില പ്രഭാഷണങ്ങളും, പ്രഹസനങ്ങളും മററുമൊക്കെ പരിപാടികളിൽ കാണുന്നുണ്ട്. കാണുന്നുണ്ട് എന്നു ഞാൻ ഒന്നുകൂടി എടുത്തു പറയുന്നു. കാരണം കേൾക്കുന്നില്ല; കേൾക്കാൻ സാധിക്കുന്നുമില്ല എന്നുള്ളതാണ്. തിരുവിതാംകൂറിൽ തന്നെ എല്ലാ സ്ഥലത്തും ശരിക്കു കേൾക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രക്ഷേപണകേന്ദ്രം കൊണ്ടു എന്തു പ്രയോജനമാണുള്ളതു്?

മദിരാശി പ്രക്ഷേപണകേന്ദ്രത്തിൽ തെക്കെ ഇന്ത്യയിലുള്ള എല്ലാ ഭാഷകൾക്കും സ്ഥാനം കൊടുത്തിരിക്കുന്നു എന്നാണ് വെപ്പ്. മലയാളത്തെ സംബന്ധിച്ചിടത്തോളം ദിനന്തോറുമുള്ള "ലോകവാർത്ത" കൂടാതെ ഒരു ആഴ്ചയിൽ 20 മിനിട്ടു മാത്രമേ അനുവദിച്ചിട്ടുള്ളു. ബാക്കിയെല്ലാം തമിഴും തെലുങ്കും വിഴുങ്ങുകയാണ്. തമിഴിനു പ്രത്യേകമായി തൃശ്ശിനാപ്പള്ളിയിൽ ഒരു കേന്ദ്രമുണ്ട്. തെലുങ്കിനു ബെസവാഡയിൽ ഉടനേ തന്നെ തുടങ്ങുകയും ചെയ്യും. ഇനിയുമെങ്കിലും മദിരാശി പ്രക്ഷേപണകേന്ദ്രത്തിൻെറ ഒരു നല്ല ശതമാനം സമയം മലയാളത്തിനായി മാററിവെക്കുക എന്നുള്ളതു കേവലം നീതിമാത്രമായിരിക്കും. മലയാളത്തിനു പ്രത്യേകമായി ഒരു സ്റ്റേഷൻ ഉണ്ടാകുന്നതുവരെ അതു തുടരുന്നതു അനുപേക്ഷണീയമായ ഒരു

(ശേഷം 45-ാം പേജിൽ)

# എങ്കിലും

ജി. ശങ്കരക്കുറുപ്പ്.

പാരിൻ മരതകത്തൊട്ടിലിൽ കൌതുക–
പൂരിതലോചനം ഞാൻ തുറന്നു.
പുഞ്ചിരികൊണ്ടതിൻ വക്കിൽ പിടിച്ചൊന്നു
കൊഞ്ചിച്ചു വെള്ളിനക്ഷത്രം നിന്നു.
ജീവിതത്തിൻെറ വിശാലവിചിത്രമാം
ഭൂവിൽ ഞാനത്ഭുതസ്തബ്ധം നോക്കി.
ഭാവി തന്നോരോ പൊടിപ്പിലും കണ്ടു ഞാൻ
തൂവിക്കിടക്കു മാനന്ദ ബിന്ദു.
ആശയ ചക്രവാളത്തെ ത്തിളക്കുന്നൊ-
രാശ തന്നാദ്യ കിരണങ്ങളാൽ
മിന്നുമാ മോഹന മുത്തുകളോരോന്നും
ചെന്നു പെറുക്കുവാൻ ഞാൻ മുതിന്നു.
മായിക മാധുരി മാഞ്ഞു, മാഞ്ഞപ്പോഴോ
മാറുകയായ് വെറും കണ്ണുനീരായ്
എങ്കിലും നിസ്സാരമല്ല പ്രപഞ്ചമേ
നിൻ കണ്ണുനീരിൻ കണികയൊന്നും.
ഞാനതുകൊണ്ടു നനയ്ക്കാതിരുന്നെങ്കിൽ
മാനസം ശൂന്യമരുവായേനേ
എൻ കണ്ണതിനാൽ കഴുകാതിരുന്നെങ്കിൽ
നിൻ കമ്രഭാവം ഞാൻ കാണില്ലേവം
ജീവനാലൊപ്പിയെടുക്കാൻ കഴിഞ്ഞെങ്കിൽ
താവക ബാഷ്പകണികയെല്ലാം !

—:o:—

# ലോകാവലോകം

ഡാക്ടർ പി. സി. അലക്സാണ്ടർ

## മി. ജിന്നായും ഇന്ത്യൻ മുസ്ലിം സമുദായവും

മരണം സകല അഭിപ്രായവ്യത്യാസങ്ങളെയും മറയ്ക്കുന്നതാണ്. ഒരു വ്യക്തി ജീവിച്ചിരിക്കുമ്പോൾ അയാളുടെ നയങ്ങളോടും ആദർശങ്ങളോടും എന്തെല്ലാം എതിർപ്പും വെറുപ്പും നമുക്കു തോന്നിയിരുന്നാലും അയാളുടെ മരണശേഷം അവയെപ്പററി സൂചിപ്പിക്കാതിരിക്കുകയെന്നതു് ഒരു സാധാരണ മര്യാദയാണ്. എന്നാൽ ഇങ്ങനെയുള്ള നയതന്ത്രമര്യാദകൾ ഒരു രാഷ്ട്രീയനിരീക്ഷകൻ അനുകരിക്കേണ്ട ആവശ്യമില്ല. മി. ജിന്നായെപ്പോലെയുള്ള ഒരു രാഷ്ട്രീയനേതാവിൻെറ ജയാപജയങ്ങൾ അപഗ്രഥനം ചെയ്യുന്നതിനു പററിയ ഒരവസരമാണു മരണം.

ലോകത്തിൽ ചുരുക്കം ചില വ്യക്തികൾ മാത്രം സാധിച്ചിട്ടുള്ള ഒരു കാര്യമാണ് ഒരു രാഷ്ട്രം സ്ഥാപിക്കുകയെന്നതു്. മി. ജിന്നായുടെ ഈ നേട്ടം ചരിത്രത്തിൽ അദ്ദേഹത്തിനു മായാത്ത ഒരു സ്ഥാനം കൊടുത്തിട്ടുണ്ടെന്നുള്ളതു നിസ്തക്കമാണ്. പക്ഷേ, സ്റ്റേററ സ്ഥാപിക്കുകയെന്നതു ഒരു ലക്ഷ്യമല്ല, വേറൊരു ലക്ഷ്യത്തിലേക്കുള്ള ഒരു ഉപാധി മാത്രമാണ്. മി. ജിന്നായുടെ രാഷ്ട്രീയപ്രചരണവും ഇതു തന്നെയായിരുന്നു. ഇന്ത്യൻ മുസ്ലിങ്ങൾ അവിഭജിതമായ ഇന്ത്യയിൽ എക്കാലവും ഹിന്ദുക്കളുടെ വിറകു വെട്ടുകാരും വെള്ളംകോരുകാരുമായി കിടക്കേണ്ടതായി വരുമെന്നും, പക്കിസ്ഥാൻ സ്ഥാപിതമായാൽ മാത്രമേ ഇന്ത്യയിലെ പത്തു കോടി മുസ്ലിങ്ങൾക്കു തല ഉയത്തി ആണുങ്ങളെപ്പോലെ ജീവിക്കാൻ സാധിക്കുകയുള്ളവെന്നുമായിരുന്നു മി. ജിന്നായുടെ പ്രധാന പ്രചരണവാദം. കൃത്രിമമായ ഒരു രാഷ്ട്രീയസിദ്ധാന്തം ഉന്നയിച്ചു്, ഇന്ത്യയുടെ ഭൂമിശാസ്ത്രപരവും സാംസ്കാരികവും, ചരിത്രപരവുമായ ഐക്യത്തേ വെട്ടി മുറിക്കുന്നതിനു മി. ജിന്നാ തുനിഞ്ഞതിൻെറ ധാമ്മികനീതീകരണം, അതു. മുഖാന്തിരം ഇന്ത്യൻമുസ്ലിങ്ങൾക്കു രാഷ്ട്രീയ സായൂജ്യം ഉണ്ടാകുമെന്നുള്ളതായിരുന്നു. ഒരു ന്യൂനപക്ഷസമുദായത്തിൻെറ താല്പയ്യങ്ങൾക്കുവേണ്ടി മാത്രം ഇന്ത്യയെപ്പോലെയുള്ള ഒരു പുരാതന രാഷ്ട്രത്തെ വിഭജിക്കുകയെന്നതിൻെറ ധാമ്മികവശത്തേക്കു ഇപ്പോൾ കടന്നിട്ടു് ആവശ്യമില്ലല്ലോ. പക്ഷേ ആരുടെ താല്പയ്യസംരക്ഷണത്തിനുവേണ്ടി പക്കിസ്ഥാൻ സ്ഥാപിതമായോ, അവരുടെയെങ്കിലും താല്പയ്യങ്ങൾ യഥാത്ഥത്തിൽ സംരക്ഷിക്കുന്നതിനു മി. ജിന്നായ്ക്കു സാധിച്ചുവോ എന്നുള്ളതാണ് ഇപ്പോൾ നോക്കേണ്ടതു്. മി. ജിന്നായുടെ വിചിത്രവാദങ്ങൾക്കു സിന്ദാബാദ്ു് വിളിച്ചു്, കണ്ണുമടച്ചു് അദ്ദേഹത്തെ അനുകരിച്ച ഇന്ത്യൻ മുസ്ലിങ്ങളുടെ ഇന്നത്തെ നില എത്ര പരിതാപകരമാണ്. അവി

(ശേഷം 47-ാം പേജിൽ)

ചെറുകഥ

# ചോരയുടെ നിറം

വെട്ടൂർ രാമൻ നായർ

നിങ്ങൾ എപ്പോഴെങ്കിലും ഒരു ലോക്കപ്പിൽ കിടന്നിട്ടുണ്ടോ? ഓ! അതു വേണമെന്നില്ല, പൊല്ലീസ് സ്റ്റേഷനുമായി അടുത്ത സമ്പൎക്കമുണ്ടായിരുന്നാലും മതി, ഞാനിപ്പറയുന്നതിലൊന്നും നിങ്ങൾക്കൊരു പുതുമയും തോന്നുകയില്ല. പക്ഷെ, എൻെറ കാൎയ്യം അങ്ങിനെയല്ല. എനിക്കവിടം അപരിചിതമാണ്. കാരണമൊന്നും കൂടാതെ തന്നെ ഒരു സാധാരണ പൊല്ലീസുകാരനുംകൂടി ആരെയും അറസ്റ്റു ചെയ്യുവാൻ അനുവദിക്കുന്ന നിയമങ്ങൾ നിലവിലുണ്ടായിട്ടും ഞാൻ ഒരു തടങ്കൽപ്പുള്ളി ആയിട്ടില്ലെന്നു പറഞ്ഞാൽ അതിൽ അധികമൊന്നും അഭിമാനിക്കാനില്ലെന്നു എനിക്കറിയാം. പണ്ടൊക്കെ ഇതിനെ പ്രതിഷേധിക്കാമായിരുന്നു. ഇന്നു് ദേശഭക്തിയുടെ പേരിൽ ഈ മർദ്ദനവിധികളെ സ്തുതിക്കണം! സ്വന്തമായ അഭിപ്രായങ്ങളൊന്നുമില്ലാത്തതുകൊണ്ടോ കാൺസ്റ്റബിൾമാരുടെ കരുണകൊണ്ടോ എങ്ങനെ ആയാലും ഞാൻ ഇതേവരെ ജയിലുകളുമായി പരിചയപ്പെട്ടിട്ടില്ല. അല്ലെങ്കിൽ എന്നെപ്പോലെയല്ലാതെ എന്തെങ്കിലും പ്രവൎത്തിക്കുവാൻ കഴിയുന്നവർ തന്നെ ആയിരക്കണക്കിനു് ആ നിയമത്തിൻെറ പിടിയിൽ പെടുവാൻ വേറെയുണ്ടായിരിക്കുമല്ലോ.

ഞാൻ അതിനെപ്പററിയെല്ലാം ഒന്നും പറയാറില്ലെങ്കിലും പലതും ചിന്തിക്കാറുണ്ടു്. ആ മജിസ്ട്രേട്ടുകോടതിയുടെ തെക്കുവശത്തുള്ള പുൽത്തകിടിയിൽ പൊല്ലീസ് സ്റ്റേഷനഭിമുഖമായി അങ്ങനെ കാത്തുനിന്ന സമയമെല്ലാം ഞാൻ കോടതിയെപ്പററിയും ജയിലുകളെപ്പററിയും വളരെ ആലോചിച്ചു. ആ സ്റ്റേഷനിൽ ഞാൻ രണ്ടു മൂന്നു പ്രാവശ്യം കടന്നു ചെന്നിട്ടുണ്ടു്. എൻെറ സുഹൃത്തുക്കളായ പൊല്ലീസുദ്യോഗസ്ഥന്മാരോടു കൂടി. ലോക്കപ്പുമുറിയിലെ ഞരക്കവും ചുമയും അപ്പോഴെല്ലാം അഞ്ചു മിനിട്ടിലധികം അവിടെ നില്ക്കുവാൻ എന്നെ അനുവദിച്ചിട്ടില്ല. സത്യത്തിൽനിന്നു പലപ്പോഴും അകന്നുപോകുന്ന തെളിവുകൾ വച്ചുകൊണ്ടു പോലും കുററക്കാരായി തെളിഞ്ഞിട്ടില്ലാത്ത സഹജീവികളെ ഇങ്ങനെ ദണ്ഡിക്കുന്ന ഒരു രാഷ്ട്രം പരിഷ്കൃതമാണെന്നഭിമാനി

കുന്നതിൽ നിങ്ങൾക്ക് അത്ഭുതം തോന്നില്ലെ ?

അങ്ങനെ എത്ര വേണമെങ്കിലും എനിക്ക് ആലോചിക്കാമായിരുന്നു. കാരണം, നാലു മണിക്കൂറിലധികം ഞാനവിടെ കാത്തു നിന്നു. എന്തിന് ? ഞാൻ ഒരു കുററവും ചെയ്തില്ല. കോടതിയിൽ നിന്നും നീതി ലഭിക്കുവാനുള്ള സങ്കടവും എനിക്കൊന്നുമില്ലായിരുന്നു. അല്ലെങ്കിൽ അവിടെ കാത്തുനില്ക്കുന്നവരിലെത്രയോ പേർ നിരപരാധികളായിരിക്കും. ഞാൻ എൻെറ കാര്യം പറയാം. നടു റോഡിൽ കിടന്ന് എനിക്കു പരിചയമില്ലാത്ത രണ്ടാളുകൾ തമ്മിൽ അടിപിടി കൂടുന്നതു ഞാനൊന്നു കണ്ടുപോയെന്നു മാത്രം. അതെ, ഞാനൊരു സാക്ഷിയാണ്. എൻെറ ജോലി ഉപേക്ഷിച്ച് അങ്ങനെ മൂന്നാം ദിവസമാണു ഞാനവിടെ കാത്തുനിൽക്കുന്നതു്. ആ വാദിയോ പ്രതിയോ അതിനുത്തരവാദപ്പെട്ടവരായിരിക്കാം. ഞാനെന്തിന് ഈ കഷ്ടപ്പാടുകൾ സഹിക്കണം. ഓ! മനുഷ്യൻ സമുദായജീവിയാണ്. സത്യവും നീതിയും നിറവേറുവാൻ അങ്ങനെ ചിലതെല്ലാം ചെയ്യുവാൻ നാം കടപ്പെട്ടിരിക്കുന്നു. അതു ചെയ്തേ മതിയാവൂ.

ഞാൻ ആ സ്റ്റേഷൻെറ മുററത്തു ധാരാളമായി വളർന്നു നിൽക്കുന്ന അരളിയിലെ പൂക്കളിൽ നോക്കിക്കൊണ്ടു കുറെ സമയം നിന്നു. ചോരയുടെ നിറമുള്ള ചുവന്ന അരളിപ്പൂക്കൾ. അതിൻെറ ചുവടു നന്നാക്കുകയും വെള്ളമൊഴിക്കുകയും ചെയ്യുന്നതു് ആ ലോക്കപ്പിലെ 'പുള്ളി'കളാണ്. സൂര്യപ്രകാശം നുകരുവാൻ കിട്ടുന്ന അപൂർവ്വ അവസരം! മനുഷ്യനായി അകത്തു കടന്ന് അസ്ഥികൂടമായി വെളിയിൽ വരുന്ന അവരുടെ ചോരയിൽ നിന്നാവണം അത്ര കടുത്ത അരുണവർണ്ണം ആ പൂക്കൾ സമ്പാദിച്ചതു്.

ആ ഇരുമ്പുകതകുകൾ തുറന്നു രണ്ടു പേരെ പുറത്തേയ്ക്കു കൊണ്ടുവന്നു.

"സുന്ദരൻ പാപ്പൻ, സുന്ദരൻ പാപ്പൻ"

ആളുകൾ പറയുന്നതു കേട്ടു ഞാൻ ശ്രദ്ധിച്ചു. ആ രണ്ടുപേരിൽ ഒരുവൻ സുമുഖനും ദൃഢഗാത്രനുമായ ഒരു ചെറുപ്പക്കാരനാണ്. അപരൻ, മെലിഞ്ഞു വിളറി കൈയിലും കാലിലും കറുത്ത ചൊറികൾ നിറഞ്ഞ ഒരു മദ്ധ്യവയസ്കനും. ഇരുവരേയും ചേർത്തു വിലങ്ങു വെച്ചിരിക്കയാണ്. ആ ചെറുപ്പക്കാരനാണു പാപ്പൻ. അവനെ കോടതിയിലേക്കു കൊണ്ടുവരുന്നതു കാണുവാൻ വളരെപേർ അവിടെ കൂടിയിരുന്നു. ആ കേസിനെപ്പററി ഞാൻ ആരോടും ഒന്നും ചോദിച്ചില്ലെങ്കിലും അവിടെ കൂടിയിരുന്നവരുടെ സംഭാഷണത്തിൽനിന്നും എനിക്കു പലതും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു മോഷണക്കേസിൽ പ്രതിയായിട്ടാണു പാപ്പനെ പിടിച്ചിരിക്കുന്നതു്. അവൻ ഒരു ധിക്കാരിയും നിർഭയനുമാണെന്ന് അവരുടെ സംസാരത്തിൽ നിന്നു തോന്നി. എങ്കിലും ആ കേസിൽ അവന് ഒരു മനസ്സറിവുമില്ല. അവിടത്തെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻെറ ആവശ്യപ്രകാരം അവനെ ആ കേസിൽ പെടുത്തിയെന്നു മാത്രം. പാപ്പൻ കുറെ നാളായി അയാളുടെ ഭാര്യയുമായി ............ലോഹ്യത്തിലായിരുന്നു. ഒടുവിൽ അവനെ കാണാതെ അവൾക്ക് ഉറക്കം വരാതായി. നാലു ദിവസം മുമ്പാണ് ഉദ്യോഗസ്ഥൻ ആ രഹസ്യം കണ്ടുപിടിച്ചതു്. അന്നു രാത്രി

പാപ്പനെ അറസ്റ്റ് ചെയ്തു. അപ്പോഠം അവൻെറ പേരിൽ കേസൊന്നുമുണ്ടാ യിരുന്നില്ല. പിന്നീട് ഒരു മോഷണ ക്കേസിലെ പ്രതിയെക്കൊണ്ട് അവ ൻെറ കൂടെ പാപ്പനും ഉണ്ടായിരു ന്നെന്നു പറയിക്കുകയായിരുന്നു. പാ പ്പൻെറമേൽ നടത്തിയ മർദ്ദനവിധി കളെപ്പററി അവർ വികാരലേശമെ ന്യേ പലതും പറയുന്നതു കേട്ടു. എ ന്നിട്ടും റിമാൻറന്റുവദിപ്പിക്കുവാൻ അ വനെ കോടതിയിൽ ഹാജരാക്കിയ പ്പോഠം പ്രതിസ്ക്കു് ലോക്കപ്പിൽ കിട ന്ന ലക്ഷണമൊന്നുമില്ലാത്തതെന്തു കൊണ്ടാണെന്നു മജിസ്ട്രേട്ട ചോദി ച്ചുവത്രേ!

പാപ്പനേയും കൂട്ടുകാരനേയും കോടതിയുടെ മുൻവശത്തു ഒരു പ്ലാ വിൻെറ ചുവട്ടിൽ ഇരുത്തി. അവ ൻെറ ശരീരത്തിൽ കുറേശ്ശെ നീരു വച്ചിട്ടുള്ളതായി എനിക്കു തോന്നി. എങ്കിലും അവൻെറ മുഖം പ്രസന്ന മായിരുന്നു! കൂട്ടുകാരനാകട്ടെ "നി ങ്ങളുടെ ഈ നിയമങ്ങളേയും ശിക്ഷ കളേയും ഞാൻ പുല്ലോളം ബഹുമാ നിക്കുന്നില്ല" എന്ന ഭാവത്തിൽ സ്വാ തന്ത്ര്യത്തിലുള്ള ഒരു കൈകൊണ്ടു ചൊറികളിൽ പററിക്കൂടിയ ഈച്ച കളെ പിടിക്കുന്നതിൽ വ്യാപൃതനാ യിരിക്കയാണ്. കുററം ചെയ്യാത്ത ഒരുവനാണു തന്നോടൊപ്പം വില ങ്ങിൽ കിടക്കുന്നതെന്നു അവനറിഞ്ഞു കൂടെ? ആ സമയത്തു അതുപോലു ള്ള എത്രയോ പ്രതികഠം ഓരോ കോ ടതിയുടെ മുമ്പിലും കാത്തിരിക്കുന്നു ണ്ടാകും! ഞാൻ എൻെറ കേസ് വി ളിക്കുന്നതും കാത്തു അവിടെ അങ്ങ നെ ചുററിനടക്കുവാൻ തുടങ്ങി.

അവിടെ കൂടിയിരുന്നവർ പാപ്പ നെപ്പററി പറഞ്ഞ കാര്യങ്ങഠം എ ൻെറ ചിന്തയിൽ ഉയൻവന്നു. ആ ഉദ്യോഗസ്ഥൻ ആഫീസിലേക്കു പുറ പ്പെട്ടാലുടനെ അയാളുടെ ഭാര്യ പാ പ്പനു് ആളയക്കുകയായി. അവർ ഒരുമിച്ചേ കാപ്പി കഴിക്കാറുള്ളു. അ വനു കൊടുക്കുവാൻ വേണ്ടി വില പ്പെട്ട ഭക്ഷ്യപദാർത്ഥങ്ങഠം അവർ വാ ങ്ങി വയ്ക്കുമായിരുന്നു. പാപ്പൻെറ മുഖം അല്പമൊന്നു വാടി കണ്ടാൽമതി അവർ പരിഭ്രാന്തയാകും. ആ നീല യ്ക്കു് ആ സ്ത്രീയുടെ ഹൃദയം ഇപ്പോഠം എത്രമാത്രം നീറുന്നുണ്ടായിരിക്കണം? ഓ! അല്ലെങ്കിൽ അവർ മറെറാരു പാപ്പനെ കണ്ടുപിടിച്ചിരിക്കാനും മതി. ആ മജിസ്ട്രേട്ട് അവനെപ്പററി അങ്ങനെ പറഞ്ഞുകാണുമോ? ഒരു ന്യായാധിപൻ ഒരുവനെ മർദ്ദിച്ചതു ചോരെന്നു സൂചിപ്പിക്കുവാൻ മാത്രം അധ:പതിക്കയോ? ഒരിക്കലും അതു ശരിയായിരിക്കയില്ല. അപ്പോഠം അ ങ്ങനെ ചിന്തിച്ചെങ്കിലും പിന്നീടു ണ്ടായ എൻെറ അനുഭവം ഞാൻ ഓ ർമ്മിക്കുകയാണ്. കോടതിയിൽ കയ റി നിന്നപ്പോഴേ മജിസ്ട്രേട്ട് എന്നെ ഒന്നു സൂക്ഷിച്ചു നോക്കി. അവജ്ഞ നിറഞ്ഞ ഒരു നോട്ടം. എന്നിട്ടു പറ കയാണ്:

"താൻ കല്യാണത്തിനു വരുന്ന പോലെ ഒരുങ്ങിയാണല്ലോ പുറപ്പാ ട്."

ഞാൻ ഒന്നു ഞെട്ടി. ഭംഗിയായി ചീകി വച്ചിരുന്ന എൻെറ മുടിയിലും ഇസ്തിരിയിട്ടു മിനുക്കിയ ഷേർട്ടിലും നോ ക്കിക്കൊണ്ടാണ് ആ പ്രസ്താവം. ഒരു സാക്ഷിക്കു് അങ്ങനെ ഒന്നു വൃത്തി യായി ചെന്നുകൂടെന്നു നിയമമു ണ്ടോ? ആ വാക്കിലും നോട്ടത്തിലു മുള്ള അമർഷം ഇന്നും എൻെറ ഹൃദയ ത്തിൽ തറച്ചുനിൽക്കുന്നു. പിന്നീട് ഞാൻ കൂസലില്ലാതെ, ആവശ്യത്തിനു

മാത്രം മറപടി പറയുന്നതായി കണ്ട പ്പോഠം ആ ന്യായാധിപൻ പറഞ്ഞു:

"തന്നേ കണ്ടാൽ ഒരു ചട്ടമ്പി യാണെന്നു തോന്നുമല്ലോടോ."

എന്താണ് ഈ ചട്ടമ്പിയുടെ ലക്ഷണമെന്നു എനിക്കിപ്പോഴും മനസ്സിലായിട്ടില്ല. ഒരു സാക്ഷിയായിപ്പോലും ഇന്നത്തെ നീതിന്യായകോടതികളെ സമീപിക്കേണ്ടതായി വന്നാൽ ഒരു പക്ഷെ എല്ലാത്തരം അപമാനങ്ങളും സഹിക്കാൻ അയാഠം തയ്യാറാകണമെന്നു മാത്രം ഞാൻ അറിഞ്ഞു.

നിങ്ങഠക്കു മുഷിവു തോന്നുന്നുണ്ടായിരിക്കണം. ഞാൻ ഇടയ്ക്കു പലതും പറഞ്ഞുപോകുന്നു. അതെ, അതെല്ലാം പിന്നീടുണ്ടായ സംഭവങ്ങളാണ്. ഞാൻ അങ്ങനെ ആ സ്റ്റേഷനെൻറ മുൻവശത്തെ വേലിക്കു സമീപം നില്ക്കുകയായിരുന്നു. ആ അരളിപ്പൂക്കഠം കണ്ടാൽ ആരും അങ്ങനെ നിന്നു പോകും. ചോരയുടെ നിറം എത്ര മനോഹരമാണ്! കുറെ സമയം അങ്ങുമിങ്ങും ചുററി നടന്നുകഴിഞ്ഞാൽ ഞാൻ വന്നുനിൽക്കുന്നതു് അവിടെ ആയിരിക്കും.

നാലു മണി കഴിഞ്ഞുകാണും. സ്റ്റേഷൻഗേററ് കടന്നു രണ്ടു സ്ത്രീകഠം അകത്തേയ്ക്കു പോകുന്നതു ഞാൻ കണ്ടു. ഒരു വൃദ്ധയും ഒരു ചെറുപ്പക്കാരിയും. ആ യുവതിയുടെ കൈയിൽ ഒരു പിഞ്ചുകുഞ്ഞുണ്ടു്. രണ്ടു മാസത്തിലധികം പ്രായമില്ലാത്ത ഒരു ചോരപ്പൈതൽ. മുററത്തു നിന്നിരുന്ന രണ്ടു മൂന്നു പൊലീസുകാർ അവരെ ഒന്നു കണ്ണിറുക്കിനോക്കി. യാതൊരു ഭാവഭേദവും കൂടാതെ ആ സ്ത്രീകഠം മുമ്പോട്ടു നടന്നു. ഉത്തരക്ഷണത്തിൽ ലോക്കപ്പുമുറിയുടെ ഇരുമ്പഴികഠക്കിടയിലൂടെ ഒരു മനുഷ്യരൂപം പ്രത്യക്ഷപ്പെട്ടു. മെലിഞ്ഞു വിളറി താടി നീണ്ട ഒരു ചെറുപ്പക്കാരൻ. അയാളുടെ കണ്ണുകഠം രണ്ടു നക്ഷത്രം പോലെ തിളങ്ങി. ആ കമ്പികളിൽ കടന്നുപിടിച്ചുകൊണ്ടു അയാഠം വാപൊളിച്ചു നിൽക്കുകയാണ്.

"അയാളുടെ കുട്ടിയാണതു്. അവർ ആ കൊച്ചിനെ കാണിക്കാൻ വന്നതാ."

എൻെറ അടുത്തു നിന്നിരുന്ന ആരോ പറഞ്ഞു.

വൃദ്ധ മേശയ്ക്കടുത്തേയ്ക്കു ചെന്നു് റൈട്ടറോട് എന്തോ മന്ത്രിച്ചു. അപ്പോഴേക്കും ആ യുവതി ഇരുമ്പഴികഠക്കു സമീപം എത്തിക്കഴിഞ്ഞിരുന്നു.

"ങ്ആ, കാണിച്ചിട്ടു കൊണ്ടുപോ."

റൈട്ടർ അലസമായി ആ വൃദ്ധയോടു പറയുന്നതു കേട്ടു.

ആ കതകുകഠം അടുത്ത നിമിഷം തുറക്കും. അയാഠം ആ കുട്ടിയെ വാരിയെടുത്തു ചുംബിക്കും. തൻെറ സന്താനത്തെ അയാഠം ആദ്യമായി കാണാൻ പോകയാണ്. ആ പൊലീസുകാക്കെല്ലാം തന്നെ ആ കുടുംബത്തോടു് അനുകമ്പയും സ്നേഹവും തോന്നുന്നുണ്ടാവണം. അവക്കും ഭാര്യയും കുട്ടികളുമൊക്കെയുള്ളതല്ലെ?

നിമിഷങ്ങഠം പലതു കഴിഞ്ഞു. ആ വാതിൽ തുറന്നില്ല. പൊലീസുകാരാരും അങ്ങോട്ടു ശ്രദ്ധിച്ചതുമില്ല. ആ തടവുകാരൻ ആർത്തിയോടെ കമ്പികഠക്കിടവഴി കൈയിട്ടു തൻെറ കുഞ്ഞിനെ ഒന്നു തടവി. ആ ദമ്പതികഠക്കു എന്തെല്ലാം പറയുവാനുണ്ടാകും. എന്തൊരു നിർഭാഗ്യകരമായ ജീവിതം.

# 'ഇങ്കാമറ'യുടെ മറവിൽ

(കെ.)

പത്രപ്രതിനിധികളെ അകററി നിത്തിക്കൊണ്ടു നടക്കുന്ന കൂടിയാലോചനകളും യോഗനടപടികളും എല്ലാം 'ഇൻകാമറ' എന്നാണു ഇംഗ്ലീഷുകാർ പറയുക. ഈയിടെ നാട്ടതെണ്ടുന്ന ഭാഷാസംസ്ഥാനക്കമ്മീഷൻ ആളുകളുമായി നടത്തുന്ന കൂടിയാലോചനകളൊക്കെ അങ്ങിനെ 'ഇൻകാമറ'യാണെന്നാണു വെയ്പ്. കമ്മീഷൻെറ മുമ്പാകെ തെളിവുകൊടുക്കുന്നവർ എല്ലാം തന്നെ തങ്ങൾ എന്തു പറയുന്നു എന്നു ജനസമക്ഷം പ്രകാശിപ്പിക്കാൻ ഉത്സുകരായിട്ടാണു പ്രായേണ കാണുന്നതു്. അതു ആവശ്യവും തന്നെ. എന്തുകൊണ്ടെന്നാൽ ഇങ്ങിനെ തെളിവു കൊടുക്കുന്നവർ അധികവും പ്രാതിനിദ്ധ്യസ്വഭാവത്തോടുകൂടിയ ആളുകളാണ്. ഐക്യകേരളം പോലെയോ ആന്ധ്ര സംസ്ഥാനം പോലെയോ അത്രയും പ്രധാനപ്പെട്ട, അത്രയും ജീവസ്പർശിയായ, ഒരു കാര്യത്തെക്കുറിച്ചു തങ്ങളുടെ പ്രതിനിധികൾ എന്തു ചിന്തിക്കുന്നു എന്നറിയുവാൻ പൊതുജനങ്ങൾക്കവകാശമുണ്ടു്. ജനങ്ങളെ അക്കാര്യം അറിയിക്കേണ്ട കടമ തീച്ചയായും ജനപ്രതിനിധികൾക്കുമുണ്ടു്.

കോഴിക്കോട്ടുവെച്ചു കമ്മീഷൻെറ മുമ്പാകെ തെളിവു കൊടുത്തവരുടെ കൂട്ടത്തിൽ മി. കെ. കേളപ്പനും കൂട്ടുകാരും കെ. പി. സി. സി. യുടേയും

---

" മതി സൊള്ളിയതു്. കൊണ്ടുപോ."

ഒരുവൻ ആജ്ഞാപിച്ചു.

" പെററങ്കിലും വേണ്ടില്ലെ."

ആ യുവതി മെല്ലെ തിരിഞ്ഞു നടന്നപ്പോൾ മറെറാരാൾ പറഞ്ഞു.

തടവുകാരൻ നീണ്ട താടി കമ്പികൾക്കിടയിലൂടെ പുറത്തേക്കു കടക്കത്തക്കവണ്ണം മുഖം അതിൽ ചേർത്തുകൊണ്ടു നോക്കി നിൽക്കുകയാണ്. അയാളുടെ ഭാവിയും ആശയും അകലെ മറയുന്നു. ആ കണ്ണുകൾ ഉജ്ജ്വലമായി വീണ്ടും പ്രകാശിച്ചു. കമ്പികൾ വളഞ്ഞു ഞെരിയത്തക്കവണ്ണം ആ കൈകളുടെ പിടുത്തം മുറുകുന്നതായി എനിക്കു തോന്നി. അങ്ങനെ അയാൾ കുറച്ചു സമയം നിന്നു. പെട്ടെന്നു കമ്പിയിൽനിന്നും പിടിവിട്ടു തളന്ന കൈകളാൽ മുഖം പൊത്തി അയാൾ പിൻതിരിഞ്ഞ് ആ മുറിയുടെ ഇരുളിൽ മറഞ്ഞു.

നിറഞ്ഞ കണ്ണുകൾ ഞാൻ വീണ്ടും മുററത്തെ അരളിപ്പൂക്കളിലേയ്ക്കു തിരിച്ചു. പൂക്കളുടെ ചോരനിറം ആ പരിസരത്തിലെല്ലാം വ്യാപിച്ചിരിക്കുന്നതായി എനിക്കു തോന്നി. അതെ, അപ്പോഴാണു എൻെറ കേസു വിളിച്ചതു്. ഞാൻ തിരിഞ്ഞുനടന്നു.

—o—

പകപ്പവകാശം കാഥികന്ന്.

ഐക്യകേരളകൌൺസിലിന്റെയും, പൊതുവിൽ ജനാഭിലാഷത്തിന്റെയും, പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടു ഉടൻതന്നെ ഒരു കേരളസംസ്ഥാനം രൂപവൽക്കരിക്കണ മെന്നാവശ്യപ്പെട്ടു. തിരുവിതാംകൂറിൽനിന്നു വന്ന മി. ടി. കെ. നാരായണപിള്ളയും മി. വി. ഒ. മക്കോസും കൂട്ടുകാരും ഈ അഭിപ്രായത്തെ പിൻതാങ്ങി. എന്നാൽ വേറേ പലരും കൊടുത്ത തെളിവുകളുടെ സ്വഭാവം നല്ലപോലെ മനസ്സിലാക്കാൻ നമുക്കു കഴിയുന്നില്ല. എന്തു "ഇങ്കാമറ"യായാലും നമുക്കതറിയേണ്ടതില്ലേ ?

വിശേഷിച്ചു ജനപ്രതിനിധിസഭാമെമ്പർമാരായ മെ. പി. കുഞ്ഞിരാമൻ, അമ്പലക്കാട്ടു കരുണാകരമേനോൻ എന്നിവർ കൊടുത്ത തെളിവിന്റെ സ്വഭാവം നമുക്കറിയേണ്ടതുണ്ടു്. ജനപ്രതിനിധിസഭാമെമ്പർമാർ എന്ന നിലയ്ക്കു അവർ നമ്മുടെ പ്രതിനിധികളാണെന്നാണു വെപ്പ്. അവക്കു ഭാവിഭരണഘടനയുടെ രൂപവൽക്കരണത്തിൽ വലിയ പങ്കുണ്ടാവണം താനും. മററു നിലയ്ക്കു അവരുടെ അഭിപ്രായങ്ങൾക്കു ലഭിക്കാത്ത വില ഈ നിലയ്ക്കു കല്പിച്ചുവെന്നു വരും.

ദൽഹിയിൽവെച്ചു് ഇവർ രണ്ടുപേരും മിസിസ് അമ്മുസ്വാമിനാഥനും കമ്മീഷനെ കണ്ടു. ഐക്യകേരളം തല്ക്കാലം ആവശ്യമില്ലെന്നു ഇവരെല്ലാം പറഞ്ഞതായിട്ടാണു അന്നത്തെ റിപ്പോട്ട്. ഈ സെപ്തമ്പർ 19-ാംനു- വീണ്ടും അവർ കോഴിക്കോട്ടുവെച്ചു കമ്മീഷനെ കണ്ടു തെളിവു കൊടുത്തു. ഐക്യകേരളം തൽക്കാലം വേണ്ടതില്ല, കുറച്ചുകഴിഞ്ഞിട്ടു വേണം എന്നൊക്കെ അവർ പറഞ്ഞതായിട്ടാണു പത്രങ്ങളിലെ റിപ്പോട്ട്. 'മാതൃഭൂമി'യിൽ അവർ തല്ക്കാലം കേരളം വേണ്ടെന്നു പറഞ്ഞതിന്നു കാരണങ്ങൾകൂടി ചേൎത്തു കാണുന്നു. ശ്രീ. അമ്പലക്കാട്ടു കരുണാകരമേനോൻ 'മാതൃഭൂമി' കമ്പനിയുടെ ഡയറക്ടർകൂടി ആയതിനാൽ മററുള്ളവക്കറിയാൻ കഴിയാത്ത വിവരങ്ങൾ മാതൃഭൂമിക്കു അറിയാൻ കഴിഞ്ഞതാണെന്നു വിചാരിക്കാം. അതേ, അവർ കല്പിച്ചുകൂട്ടി ശ്രീ. അമ്പലക്കാടിനെ അവമാനിച്ചതോ ? അതാവില്ല. അവർ സാധാരണമായി വളരെ ശരിക്കുള്ള റിപ്പോർട്ടുകളാണു പ്രസിദ്ധപ്പെടുത്തി കാണാറുള്ളതു്.

എങ്കിലും ഇതൊന്നു നോക്കു : ഈ "രണ്ടുപേർ കേരളസംസ്ഥാനം അത്യാവശ്യമാണെന്നും എന്നാൽ ഇപ്പോൾ രാജ്യത്തു നടക്കുന്നതും (കാശ്മീർ-ഹൈദ്രബാദ്) ഉൽക്കണ്ഠ ഉളവാക്കുന്നതും ആയ സ്ഥിതികൾ ഓൎത്തും ഭരണഘടന തയ്യാറാക്കി വരുന്നതേ ഉള്ളൂ എന്നോൎത്തും തൽക്കാലം കേന്ദ്രഗവൎമ്മേണ്ടിനെ ഈ പ്രശ്നം കൊണ്ടു അലട്ടുന്നതും നാട്ടിൽ അന്തരീക്ഷം ക്ഷോഭിപ്പിക്കുന്നതും യുക്തമല്ലെന്നും അതുകൊണ്ടു ഭാഷാപ്രശ്നം തൽക്കാലം കുറച്ചു കൊല്ലത്തേക്കു നിൎത്തിവെക്കേണ്ടതാണെന്നും കേന്ദ്രഗവൎമ്മേണ്ടിന്നു തോന്നുന്നതുകൊണ്ടു അതിന്നു നാട്ടുകാർ അനുകൂലിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു." ഈ വാചകം ഒന്നു നിഷ്കൎഷിച്ചു പഠിക്കേണ്ടതാണ്. സമുച്ചയങ്ങളുടെ കാൎയ്യം പ്രത്യേകം സൂക്ഷിക്കണം

ഈ റിപ്പോർട്ടിൽനിന്നു ജനപ്രതിനിധിസഭാമെമ്പർമാരുടെ അഭിപ്രായമേതു്, കേന്ദ്രഗവൎമ്മേണ്ടിന്റെ അഭിപ്രായമേത് എന്നുമനസ്സിലാക്കാൻ

കുറച്ചധികം ക്ലേശമുണ്ട്. അഥവാ നിങ്ങൾ ഒന്നു മനസ്സിലാക്കിയാൽ അതു അങ്ങിനെയല്ലെന്നു വാദിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാവില്ല. പ്രതിനിധികൾക്കു ഏററവും അനുകൂലമായ വ്യാഖ്യാനപ്രകാരം, കേരളസംസ്ഥാനം അത്യാവശ്യമാണെന്നും, തൽക്കാലം നിത്തിവെക്കണമെന്നുമുള്ളതു അവരുടെ അഭിപ്രായമായും ബാക്കിയെല്ലാം കേന്ദ്രഗവമ്മേണ്ടിൻെറ അഭിപ്രായമായും കരുതണം. അല്ലെങ്കിൽ ആദ്യത്തെ കേരളസംസ്ഥാനം അത്യാവശ്യമാണെന്ന അഭിപ്രായം കൂടി കേന്ദ്രഗവമ്മേണ്ടിനു സമ്മാനിക്കേണ്ടിവരും. സംസ്ഥാനം അത്യാവശ്യമാണെന്നതിനേക്കാളേറെ അതു തൽക്കാലം നിത്തിവെക്കണമെന്ന അഭിപ്രായം സ്ഥാപിക്കാനാണു വെമ്പൽ അധികം.

നിത്തിവെക്കാൻ പറയുന്ന കാരണമേ? (1) ഇപ്പോൾ രാജ്യത്തു നടക്കുന്നതും (കാശ്മീർ–ഹൈദ്രബാദ്) ഉൽക്കണ്ഠ ഉളവാക്കുന്നതും ആയ സ്ഥിതികൾ. (2) നാട്ടുരാജ്യങ്ങളും കേന്ദ്രഗവമ്മേണ്ടും തമ്മിലുള്ള വ്യവസ്ഥകൾ തീച്ചപ്പെട്ടിട്ടില്ലാത്തതു്. (3) ഭരണഘടന തയ്യാറാക്കിവരുന്നതേ ഉള്ളു എന്നതു്. ഈ വക കാരണങ്ങളാൽ കേന്ദ്രഗവമ്മേണ്ടിനെ അലട്ടുകയും അന്തരീക്ഷം ക്ഷോഭിപ്പിക്കയും അരുതു് എന്നു കേന്ദ്രഗവമ്മേണ്ടിന്നു തോന്നുന്നു.

ഈ കാരണങ്ങളാൽ ഭാഷാസംസ്ഥാനക്കാര്യം നിത്തിവെക്കണമെന്നു പറയുന്നതു ആരാണ്? കേന്ദ്രഗവമ്മേണ്ടോ "ജനപ്രതിനിധി"കളോ? കേന്ദ്രഗവമ്മേണ്ടാണെന്നാണു വായിച്ചാൽ തോന്നുക. അതാണു ജനപ്രതിനിധികളുടെ വിവക്ഷയെങ്കിൽ അതുകൊണ്ടു അവർ കേന്ദ്രഗവമ്മേണ്ടിനെ അവമാനിക്കുകയും തെററിദ്ധരിപ്പിക്കുകയുമാണു ചെയ്തിട്ടുള്ളതു്. അഥവാ ഇതൊക്കെ 'പ്രതിനിധി'കളുടെ സ്വന്തം അഭിപ്രായമാണെങ്കിൽ അതു അഭിമാനകരമായ രാഷ്ട്രീയവിജ്ഞാനത്തെ കുറിക്കുന്നുവെന്നു സമ്മതിക്കാൻ കുറച്ചു വിഷമിക്കുകയും ചെയ്യും. ഇനി അതോരോന്നും എടുത്തു നോക്കിയാലോ?

കാശ്മീർ-ഹൈദ്രബാദു കാര്യങ്ങൾ പലതിനും പലരും ഒരു മറയാക്കാറുണ്ടു്. പക്ഷേ ഹൈദ്രബാദ് കാര്യം സപ്തെമ്പർ 18-ാംനു- തന്നെ തീൻു കഴിഞ്ഞു; 19-ാംനു- അതറിഞ്ഞതശേഷമാണു പ്രതിനിധികൾ തെളിവു കൊടുത്തതു്. കാശ്മീർ ഒരു പഴയ പ്രശ്നമാണ്. ദാമോദർ വാലി കോർപൊറേഷൻ മുതലായ വൻകാര്യങ്ങൾക്കൊന്നും അതൊരു തടസ്സമായിട്ടില്ല. പിന്നെ അന്തരീക്ഷം ക്ഷോഭിക്കുന്നതു ഭാഷാസംസ്ഥാനം നിഷേധിച്ചാലാവില്ലേ? നമ്മുടെ കാര്യം എന്തുമാകട്ടെ. നാം വളരെ സാധുപ്രകൃതികളാണ്. കേരളസംസ്ഥാനം കിട്ടരുതെന്നു വാദിക്കുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ടല്ലോ. ആന്ധ്ര-കർണ്ണാടകസംസ്ഥാനങ്ങളിലോ? ആന്ധ്രസംസ്ഥാനം വൈകിച്ചാൽ തെലുങ്കർ അതു പൊറുക്കുമോ? ഇന്നത്തെ നില അവർ തുടരുമോ? ഇനിയും പത്തോ പതിനഞ്ചോ കൊല്ലം തമിഴൻെറ കീഴിൽ കഴിയണമെന്നു തെലുങ്കനോടു പറഞ്ഞാൽ അവൻ സഹിക്കുമോ? അതുകൊണ്ടു നാട്ടിൽ കലക്കവും അന്തരീക്ഷത്തിൽ ക്ഷോഭവും ഉണ്ടാകാതിരിക്കണമെങ്കിൽ ഭാഷാസംസ്ഥാനക്കാര്യം നീട്ടിവെക്കുകയല്ല ഉടൻ നിറവേററുകയാണു വേണ്ടതു്.

രണ്ടും മൂന്നും വാദങ്ങളും വളരെ ബുദ്ധിപൂർവ്വം ഉന്നയിക്കപ്പെട്ടവയാണെന്നു പറയുവാൻ ഞെരുക്കമുണ്ട്. എന്തുകൊണ്ടെന്നാൽ ഇപ്പോഠം ഭാഷാസംസ്ഥാനവാദം മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള ഹേതു തന്നെ, കേന്ദ്രഗവമ്മെണ്ടും നാട്ടുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ഉറച്ചുകഴിഞ്ഞിട്ടില്ല, ഭരണഘടന തയ്യാറായി കഴിഞ്ഞിട്ടില്ല എന്നതാകുന്നു. ഓട് ഉരുകിക്കിടക്കുമ്പോഴല്ലെ അതു ഇഷ്ടമുള്ള ആകൃതിയിൽ പണിയാൻ സൌകര്യം? അല്ലാതെ കിണ്ടിയും മൊന്തയും വിളക്കും ഒക്കെ ഉണ്ടാക്കി കഴിഞ്ഞശേഷം വീണ്ടും അവയൊക്കെ ഒന്നുകൂടി ഉരുക്കിപ്പണിയുകയാണോ നല്ലതു്? ഒരു നല്ല മൂശാരി അങ്ങിനെ ചെയ്യുകയില്ല. നാട്ടിൽ ക്ഷോഭമുണ്ടാകുമെന്നു പറയുന്നതു വെറുതെ പേടിപ്പെടുത്തലാണ്. അതുണ്ടാവാൻ പോകുന്നില്ല. നാട്ടുനീളെ നടക്കുന്ന ഒരു പൊതുതെരഞ്ഞെടുപ്പുപോലെ അത്ര ക്ഷോഭകരമായ ഒന്നുണ്ടാകാനുണ്ടോ? അങ്ങനെ ക്ഷോഭമുണ്ടാകുമെന്നു കരുതി പുതിയ ഭരണഘടന തയ്യാറാക്കാതിരിക്കുമോ, അതനുസരിച്ചു തിരഞ്ഞെടുപ്പു നടത്താതിരിക്കുമോ?

ഈ അഭിപ്രായമൊക്കെ കേന്ദ്രഗവമ്മെണ്ടിന്റെമേൽ വെച്ചുകെട്ടുന്നതു സാഹസമാണ്, കഷ്ടമാണ്. കേന്ദ്രഗവമ്മെണ്ടു അങ്ങിനെ ഒരഭിപ്രായം പ്രകാശിപ്പിച്ചിട്ടില്ല. വർഗ്ഗീയതക്കും സാംസ്ഥാനികതക്കും എതിരായി ജവഹർലാൽ നെഹ്റു ചിലതൊക്കെ പറഞ്ഞിട്ടുണ്ട്. അതു ഭാഷാസംസ്ഥാനവാദത്തിന്നൊരു എതിർവാദമാണെന്നു പറയുന്നതു ദുർവ്യാഖ്യാനമാണ്. ഏതു നിലയിലും അതു കേന്ദ്രഗവമ്മെണ്ടിന്റെ വാദമെന്നു പറയുന്നതു കഷ്ടമാകുന്നു. രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ ഭാഷാസംസ്ഥാനക്കാര്യം ആപൽക്കരമാണെങ്കിൽ, സംസ്ഥാനക്കമ്മീഷനെ നിയമിച്ച രാജൻബാബു അതറിയാതെ പോയോ? ആന്ധ്ര സംസ്ഥാനത്തിനുവേണ്ടി വാദിക്കുന്ന ഡോ. പട്ടാഭിയും മി. പ്രകാശവും നാട്ടിലെ നില അറിഞ്ഞുകൂടാത്തവരോ?

കേരളത്തെ സംബന്ധിച്ചേടത്തോളം ഈ-വാദഗതിക്കത്ഥം തമിഴിനോടു തൂങ്ങി നിൽക്കുക എന്നാകുന്നു. നമ്മുടെ ജനപ്രതിനിധിസഭാ മെമ്പർമാർ അങ്ങനെ വാദിക്കുന്നതിൽ, ഒരുവശത്തൂടെ നോക്കുമ്പോഠം അത്ഭുതത്തിന്നവകാശമില്ല. അവർ ആരുടെ പ്രതിനിധികളാണ്? മദിരാശി നിയമസഭയുടെ—അത്ഥാൽ തമിഴ ഭൂരിപക്ഷത്തിന്റെ. പി. കുഞ്ഞിരാമന്റെ പേർ കെ. പി. സി. സി. അഭിപ്രായപ്പെട്ടിരുന്നതാണെന്നു ഒരു മെച്ചമുണ്ട്. പക്ഷേ അദ്ദേഹം കെ. പി. സി. സി. യുടെ അഭിപ്രായത്തെ ധിക്കരിച്ചിരിക്കയാണ്. മി. കെ. കരുണാകരമേനോനു അങ്ങിനെ ഒരാശങ്കക്കു തന്നെ അവകാശമില്ല. അദ്ദേഹം തികച്ചും തമിഴനാടിന്റെ വോട്ടുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം തമിഴനാട്ടിന്റെ യഥാർത്ഥാഭിപ്രായത്തെ വെളിപ്പെടുത്തുന്നുവെങ്കിൽ അതു ഒട്ടും അന്യായമല്ല.

—o—

# അണയാത്ത പ്രകാശം

തമ്മനത്തു് അരവിന്ദാക്ഷൻ.

"ധീരരാം തനയരേ, കാലകാലമായ് നിങ്ങൾ
ഘോര ചിന്തിയതെന്തി ന്നാ ദിനം സമാഗതം
ആടുവി,നാനന്ദത്തിൻ മംഗളമലർമാല്യം
ചൂടുവി നഭിമാന ഗാനങ്ങൾ പാടീടുവിൻ.
ഉയരെ പാറിപ്പാറി പ്പറന്നീടട്ടേ, നമ്മൾ-
ക്കുയിരായ് സംരക്ഷിച്ച നമ്മുടെ പതാകകൾ.
ആഗതം സ്വാതന്ത്ര്യത്തിൻ സുന്ദരവിഭാത"മെ–
ന്നാലപിക്കയായ് ഗാന മാർഷഭാരതമെങ്ങും.
രണ്ടു നാളുകൾക്കൂടി യാ ദിനമണയുവാ–
നുണ്ടിനി യുണർന്നുപോയ് കുടിലും കൊട്ടാരവും
ഉത്സവം തന്നെ ചുററും മാല, തോരണം, വാദ്യ–
മുത്തുംഗ സദ്യാമേളം ; വെളിച്ചമുടനീളം.
കമനീയാകാരമായ് മരുഭൂമികൾപോലു–
മമരാവതിയായി മാറിയീ മഹീതലം.
പരിശുദ്ധമാം ഖാദിവസ്ത്രത്തിൻ വേഷം പൂണ്ടു
സുരസുന്ദരമായ വണ്ണമോടികളെല്ലാം.
എഴുന്നള്ളുന്നു മുന്നി ലിന്നലെയോളം വെറും
വിഴുപ്പിൻ കൂലിക്കാരായ് വാണവരഖിലവും.
ചുംബനം ചെയ്തീടുന്നു തുപ്പിയ ജലം വററും-
മുമ്പതേ, ചുണ്ടാൽത്തന്നെ യപ്പാദയുഗ്മം തന്നെ.
ചൂടുവാൻ തിടുക്കമായ് സ്വാതന്ത്ര്യ നവസൂനം
വാടുവാൻ വിഷം വേരിൽ വച്ചവർക്കാദ്യം വേണം,
വിസ്മൃതരഹോ, കോടി കോടികൾ പണിപ്പെട്ടോർ
വിശ്രമവിഹീനന്മാ രില്ലവരാരും തന്നെ.
ഇന്നലെക്കഴിഞ്ഞപോ ലോർമ്മയുണ്ടെനിക്കെല്ലാ–
മിന്നു വത്സരമൊന്നു മിന്നൽപോൽ കഴിഞ്ഞാലും
ദൂരദൂരവേ യെൻെറ ജന്മദേശമാം പുണ്യ
കേരളഭൂവിൻ തുടിപ്പാർന്നിടും ഹൃദയത്തിൽ

പേരുകേട്ടോര കലാശാലയിൽ കണ്ടു ഞങ്ങൾ
ഭാരതസ്വാതന്ത്ര്യത്തിൻ പൂർണ്ണനഗ്നമാം ചിത്രം.
ഇന്നു മീ വിദൂരത്തി ലാസ്വദി ച്ചുവിറ–
ക്കുന്നു ഞാനതിൻ രൂപം തുടിക്കും ചിത്തത്തോടെ.
ആരുടെ നിരോധത്തി നുഗ്രമാം കരിമ്പാറ–
യാകവേ തകർത്തമ്മേ നിൻ ജയക്കൊടി ഞങ്ങൾ
ആരുടെ യന്ത്രത്തോക്കിൻ നേർക്കു പിഞ്ചുടലുകൾ
ധാരയായുതിർത്തമ്മേ, നിൻ ജയസ്തംഭം ഞങ്ങൾ
ചോരതന്നണക്കെട്ടിൽ നാട്ടിയെങ്കിലു മിന്നാ-
നാരകപ്പിശാചുക്കൾ ഞങ്ങളെച്ചവിട്ടുമ്പോൾ
നിൻമൂത്ത സന്താനങ്ങളവരെ സ്തുതിക്കുന്ന
നിത്യ മംഗളം പാടി വീരശൃംഖല നേടി.

II

കേൾക്കണോ കുററം ഞങ്ങൾ ജീവിതരുധിരത്തിൽ
മുക്തിയത്യനഘമായ് കാത്ത നിന്നടയാളം.
പരദാസ്യമാം കുപ്പ കുഴിയിൽ കിടക്കുന്ന
പഴകി ജ്ജീർണ്ണിച്ചുള്ള മാറാപ്പിൽപ്പുതപ്പിക്കാൻ
നിന്നംഗരക്ഷാസൈന്യ മതി ഗൂഢമായ്ച്ചെയ്ത
നിർല്ലജ്ജസന്ധിക്കൊപ്പം താളമിട്ടാടീടാതെ
കേവലം ബാലന്മാരാ ണെങ്കിലും തലപൊക്കി
മേവിനാർ ഞങ്ങൾ ധീര മെന്നുമെന്നതുപോലെ
ഇല്ല മേ പശ്ചാത്താപ മില്ലിനി ക്കാശാഭംഗ–
മല്ലലി നുമിനീരു നിറയെക്കുടിച്ചാലും
ആരു ഞാ,നഗണ്യരായ് ത്തെരുവീഥികൾ തെണ്ടു-
മായിരങ്ങളിലേകൻ ക്ഷുദ്രമാമൊരു കീടം.
എങ്കിലുമതേ ചിന്ത യിനിയും ഹൃദയത്തിൽ
തങ്കരശ്മികൾ ചിന്നി നിൽക്കയാണണയാതെ.
ഭാവിയിൽ ജ്വലിക്കേണ്ട ദീപനാളമേ നിന്നെ
ഭാസുരമാക്കാനെന്നെ യത്തേജസ്സൊരുക്കട്ടെ.

—o—

1947 ആഗസ്റ്റ് 14-ാംനു- മുതൽ അല്പമാഴ്ചകളിൽ കൊച്ചീരാജ്യമാസകലം വിറപ്പിച്ച വിദ്യാർത്ഥിപ്രക്ഷോഭണത്തെ അനുസ്മരിച്ചുകൊണ്ട് പൂനാ 'കേരള കോസ്മോ കംബയി'ൻെറ ആഭിമുഖ്യത്തിൽക്കൂടിയ സ്വാതന്ത്ര്യദിനാഘോഷവേളയിൽ വായിച്ചതു്.

# വിവാഹ ജീവിതം

ഡാക്ടർ ആഞ്ഞിലിവേൽ മാത്യു എം. ഇ. ഡി., പിഎച്ച്. ഡി.

(തുടൎച്ച)

ശൈശവകാലത്തുണ്ടായിരുന്ന ചില മനോഭാവങ്ങൾ തുടൎന്നു വിവാഹജീവിതത്തിലും നിഴൽ വീഴ്ത്തുന്ന പക്ഷം, അതു ദാമ്പത്യബന്ധത്തിന്റെ നിൎമ്മലമായ ആനന്ദത്തെ നശിപ്പിച്ചുകളയും. ചില പുരുഷന്മാർ തങ്ങളുടെ ഭാൎയ്യമാരെ, സ്നേഹിക്കുന്നമട്ടു കാണിക്കുമ്പോൾ വാസ്തവത്തിൽ തങ്ങളെത്തന്നേ ശിശുതുല്യരായി സ്നേഹിക്കു മാത്രമാണു ചെയ്യുന്നതു്. ജൂലിയസ്സ് സീസർ പണ്ടു പറഞ്ഞു: "സീസറുടെ ഭാൎയ്യ സംശയത്തിന്നു അതീതയായിരിക്കണം" എന്നു്. പല കാലങ്ങളിലും ആവൎത്തിക്കപ്പെട്ടിരിക്കുന്ന ഈ വാക്യം സീസർ തന്റെ ഭാൎയ്യയോടുള്ള ബഹുമാനംമൂലം പറഞ്ഞതല്ല; പ്രത്യുത, തന്റെ കീൎത്തിക്കു വാട്ടം തട്ടാതിരിക്കുന്നതിന്നുവേണ്ടിയാണു് അദ്ദേഹം അങ്ങിനെ പ്രഖ്യാപിച്ചതു്. സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും മൂൎത്തീകരണമാണു തന്റെ ഭാൎയ്യ എന്നു വാസ്തവത്തിൽ അറിയുന്ന ഒരു മനുഷ്യൻ, മററു് ആളുകൾ അവളിൽ അവിശ്വസ്തത ആരോപിക്കുന്നതുകൊണ്ടു മാത്രം അവളെ ഉപേക്ഷിക്കാൻ പ്രേരിതനാകുന്നുവെങ്കിൽ അയാൾ സ്വഭാൎയ്യയുടെ സുഖത്തെ തെല്ലും പരിഗണിക്കാത്ത ഒരു സങ്കുചിതബുദ്ധിയാണു്. ഈ നാട്ടിൽ പല സ്ഥലങ്ങളിലും കാണാറുള്ള ചില ഉദാഹരണങ്ങൾ നമുക്കു് എടുക്കാം. വില പിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും ഭാൎയ്യമാരെ അണിയിക്കുന്നതിൽ വലിയ താല്പൎയ്യം പ്രകടിപ്പിക്കുന്ന ചില ഭൎത്താക്കന്മാർ, വാസ്തവത്തിൽ സഹഭാവവും സ്നേഹവും പരബഹുമാനവും ഇല്ലാത്തവരാണെന്നു കാണാൻ കഴിയും. പക്ഷേ ഭാഗ്യഹീനരായ ആ സ്ത്രീകൾ വിശിഷ്ടവസ്ത്രാലങ്കാരങ്ങളെക്കാൾ കൂടുതൽ ആഗ്രഹിക്കുന്നതു് ഒരു കഴഞ്ചു സ്നേഹമാണു്. ഒരു പുരുഷൻ തന്റെ ഭാൎയ്യയെ പലപ്പോഴും സിനിമക്കു കൊണ്ടുപോയി എന്നും, പൊതുജനമദ്ധ്യത്തിൽവെച്ചു ശ്രദ്ധാപൂൎവ്വം അവളുടെകാൎയ്യങ്ങൾ അന്വേഷിക്കുന്നുഎന്നുംവരാം. എങ്കിലും അയാൾവീട്ടിലെ വൈവിദ്ധ്യശൂന്യമായ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ അവളുടെ ആഗ്രഹങ്ങളേയുംഅഭിപ്രായങ്ങളേയും തൃണസമാനം ഗണിച്ചു എന്നു വരാം. ഇത്തരം പ്രകടനങ്ങൾ താഴെപ്പറയുന്ന വാക്യങ്ങളുമായി തട്ടിച്ചു നോക്കുക. "ഞാൻ എനിക്കുള്ളതെല്ലാം വിററു ദരിദ്രൎക്കു കൊടുത്താലും, എന്റെ ശരീരം ദഹിപ്പിക്കുന്നതിന്നായി സമൎപ്പിച്ചാലും, സ്നേഹമില്ല എങ്കിൽ ഇതൊന്നുംകൊണ്ടു യാതൊരു പ്രയോജനവുമില്ല." ഒരു സമ്മാനം കൊടുക്കുന്നതും സ്നേഹംമൂലം തന്നെത്തന്നേ കൊടുക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ഭൎത്താവായാലും ഭാൎയ്യയായാലും, അഹംബുദ്ധി

യോടുകൂടിയുള്ള സ്നേഹത്തിനു വിധേയരായിരിക്കുന്നപക്ഷം തങ്ങളുടെ ജീവിതസഖാക്കളുടെ വ്യക്തിത്വത്തെ ഒരു വിധത്തിലും ധന്യമാക്കുന്നില്ല. അതു് ഒരുതരം കൃത്രിമസ്നേഹവുമാണു്.

ഭാര്യമാരോടു നിഷ്ഠുരണം പെരുമാറി തങ്ങളുടെ പ്രാമാണ്യം പ്രകടിപ്പിക്കാൻ മുതിരുന്ന ചില ഭർത്താക്കന്മാരുണ്ടു്. ഭർത്താവിന്റെ ആഗ്രഹങ്ങളും ആജ്ഞകളും അക്ഷരംപടി നിർവ്വഹിക്കാതിരുന്നാൽ അയാൾ ചെയ്യുന്ന നിർദ്ദയപ്രവർത്തനങ്ങൾക്കു അതിരൊന്നും ഇല്ല. റഷ്യൻസാഹിത്യകാരനായ ഡസ്റ്റൊവ്സ്കി തന്റെ ഒരു കഥാപാത്രം മുഖേന ഈ മനോഭാവം വിശദമാക്കുന്നുണ്ടു്. "എനിക്കു സ്നേഹം എന്നു പറഞ്ഞാൽ ക്രൂരത എന്നും ധാർമ്മികമായ അധീരത്വം എന്നുമാണു് അർത്ഥം. മറെറാരു സ്നേഹവും എന്റെ അനുഭാവപരിധിയിൽ ഉണ്ടായിട്ടില്ല. ഈ മർദ്ദനനയത്തിനുള്ള അവകാശം തരികയാണു സ്നേഹത്തിന്റെ കർത്തവ്യം. സ്നേഹം എന്നു പറയുന്നതു് വിരോധത്തിൽ തുടങ്ങി അപരന്റെ ധാർമ്മികമായ അടിമത്തത്തിൽ അവസാനിക്കുന്ന ഒരു മത്സരമായിട്ടാണു ഹൃദയാന്തർഭാഗങ്ങളിൽ ഇപ്പോഴും ഞാൻ കാണുന്നത്."* ഈ വാക്കുകളിൽ പ്രകടമാകുന്ന സ്വാധികാരപ്രമത്തത തങ്ങളുടെ ജീവിതത്തിൽ എത്രത്തോളം ഉണ്ടു് എന്നു ഭർത്താക്കന്മാർ ആത്മപരിശോധന ചെയ്തു മനസ്സിലാക്കാൻ ശ്രമിക്കുന്നപക്ഷം, പല ഭവനങ്ങളും കൂടുതൽ ആനന്ദപ്രദമാകുമെന്നുള്ളതിനു സംശയമില്ല. ചിലപ്പോൾ നേരേ മറിച്ചു ഭാര്യമാരായിരിക്കും ഇങ്ങനെ സ്വാധികാരമദം പ്രകടിപ്പിക്കുന്നതു്. പക്ഷേ പ്രായേണ ഭാര്യമാർ സാമ്പത്തികമായി ഭർത്താക്കന്മാരെ ആശ്രയിച്ചു കഴിയേണ്ടിവരുന്നതുകൊണ്ടു് ഇത്തരം അനുഭവങ്ങൾ താരതമ്യേന വളരെ കുറവായിരിക്കും. ഭാര്യയോ ഭർത്താവോ ഇത്തരം ദുർന്നയങ്ങൾ അനുവർത്തിക്കാൻ ശ്രമിക്കുന്നപക്ഷം ആ വീട്ടിൽ ആനന്ദം എത്തിനോക്കുക പോലുമില്ല. എന്നാൽ ഭാര്യയും ഭർത്താവും ഒരുപോലെ ഈ മനോഭാവത്തിനു അടിമകളായിരിക്കുന്നപക്ഷം അവിടെ അന്തമില്ലാത്ത ശണ്ഠയും ശല്യവും നടന്നുകൊണ്ടിരിക്കും. ചുരുക്കിപ്പറഞ്ഞാൽ അവർ മരണം തങ്ങളെ വേർപിരിക്കുന്നതുവരെ നരകജീവിതം തന്നെ അനുഭവിക്കേണ്ടിവരും.

ഇതിനു് എതിരായുള്ള മനോഭാവം കൊണ്ടും ഒരു ഭവനത്തിൽ സന്തോഷം നഷ്ടപ്പെടുന്നതാണു്. അതായതു ശിശുവിന്റെ സ്വഭാവമായ പരാശ്രയബുദ്ധി ഭാര്യയോ ഭർത്താവോ ജീവിതത്തിൽ പ്രദർശിപ്പിക്കുന്നപക്ഷം അതും അനർത്ഥകാരണമായിരിക്കും. സുപ്രസിദ്ധ മനഃശാസ്ത്രജ്ഞനായ ഫ്രായിഡ് ഇതിനു അനാക്ലിററിക്ക് മനോഭാവം (anaclitic attitude) എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്. അനാക്ലിനോ എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം എന്തിലെങ്കിലും ചാരി നില്ക്കുന്നതു് എന്നാണു്. മലയാളത്തിൽ 'കാച്ചിൽവള്ളിസ്വഭാവം' എന്നു പറഞ്ഞാൽ ഏതാണ്ടു് ആ അർത്ഥംവരും. ഇത്തരം കാച്ചിൽവള്ളി ഭർത്താക്കന്മാർ, തങ്ങളുടെ ഭാര്യമാരിൽ അമ്മയുടെ ഗുണങ്ങളും സ്വഭാവങ്ങളുമാണു പ്രതീക്ഷിക്കുന്നതു്. കാച്ചിൽവള്ളി ഭാര്യമാർ മറിച്ചു്, ഭർത്താവിൽക്രൂ

* Dostoevsky : Letters from the underworld P-II.

ടെ പിതാവിനെയാണു ആഗ്രഹിക്കുന്നതു്. ദമ്പതിമാരിൽ ഒരാൾക്കു ഈ പരാശ്രയഭാവവും മറേറ ആൾക്കു സാധാരണസ്വഭാവവും ആണെങ്കിൽ വലിയ തകരാറ് ഉണ്ടാകുന്നതല്ല. കാരണം ഇങ്ങനെ ഒരാൾ ആശ്രയഭാവം കാണിക്കുമ്പോൾ മറേറ ആളിനു കുറച്ചു പ്രാധാന്യം സഹജമായി ഉണ്ടാകുന്നു. അതു് ആക്കം സ്വാഗതാർഹവുമാണ്. ഭാര്യ തന്നേ ആശ്രയിച്ചാണു കഴിയുന്നതെന്നും, അവൾ ചെറുതും വലുതുമായുള്ള എല്ലാ കാര്യങ്ങൾക്കും ഉപദേശം അന്വേഷിക്കുന്നു എന്നും അറിയുന്നതു ഒരു ഭർത്താവിനു വളരെ സന്തോഷമുള്ള കാര്യമാണ്. അതുപോലെതന്നെ ഒരു ഭർത്താവു ഭാര്യയോടു അഭിപ്രായം ചോദിക്കുകയും ഗുണദോഷം അന്വേഷിക്കുകയും ചെയ്യുമ്പോൾ അവൾക്കുണ്ടാകുന്ന ആനന്ദത്തിനു അതിരില്ല.

ഒരു സാധാരണ ശിശുവിനു പ്രായമാകുമ്പോൾ ഈ പരാശ്രയഭാവം ഇല്ലാതാകുന്നു. എന്നാൽ ഈ മനോഭാവം മാറിക്കിട്ടാത്ത കുട്ടികൾ, കുറേക്കഴിഞ്ഞു പഴയ മാതിരി ശ്രദ്ധയും കരുതലും ലഭിക്കാതിരിക്കുമ്പോൾ ഭഗ്നാശരായി മററു ചില മാർഗ്ഗങ്ങൾ തേടുന്നതായിക്കാണാം. ചിലർ വല്ലാത്ത ക്ഷോഭകോപങ്ങൾക്കു വശംവദരാകുന്നു; മററു ചിലർ രോഗികളായിത്തീരുന്നു; ചിലർ സമുദായവിരോധികളായി പരിണമിക്കുന്നു. ഈ ഉപാധികളുടെയെല്ലാം അടിത്തട്ടിൽ കുടികൊള്ളുന്ന പ്രവണത മററുള്ളവരുടെ ശ്രദ്ധ പതിയണം എന്നുള്ളതാണ്. ഒരു വ്യക്തി എത്രത്തോളം വളരുന്നുവോ അത്രത്തോളം മററുള്ളവരുടെ ശ്രദ്ധയും കരുതലും അയാൾക്ക് അനാവശ്യമായിത്തീരും. കാച്ചിൽവള്ളിസ്വഭാവക്കാരനായ ഒരു ഭർത്താവിനു എപ്പോഴും പരാതികളും പിറുപിറുപ്പും മാത്രമേ കാണുകയുള്ളു. തൻെറ ആവശ്യങ്ങൾ ശരിക്കു നേരത്തേ പ്രതീക്ഷിക്കാഞ്ഞതു എന്താണ് എന്നു ഒരു ശിശുവിനേപ്പോലെ അയാളും പരിഭവിക്കുന്നു. ഇതുപോലെ പരാശ്രയബുദ്ധികളായ ഭാര്യമാരും, തങ്ങളുടെ ഭർത്താക്കന്മാർക്കു വലിയ ഭാരമായിട്ടു തീരുന്നതാണ്. ദമ്പതിമാർ രണ്ടുപേരും കാച്ചിൽവള്ളികളായാൽ ആ ഭവനത്തിലെ കാര്യങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞു താറുമാറായിക്കിടക്കുകയേ ഉള്ളു.

പരാശ്രയഭാവം ലീനമായി കിടക്കുന്നപക്ഷം ചിലപ്പോൾ അതു മർദ്ദനനയമായി പത്തി എടുത്തു എന്നും വരുന്നതാണ്. ദുർബ്ബലനായ ഒരു ഭർത്താവു തൻെറ ബലഹീനതകൾ മറയ്ക്കുന്നതിനായി ഭാര്യയോടു ക്രൂരമായി പെരുമാറുന്നതായി പലപ്പോഴും കാണുന്നുണ്ടു്. അയാളുടെ ക്രൂരനടപടികൾ ശക്തിയുടേയും അധികാരത്തിൻേറയും പ്രത്യക്ഷലക്ഷണമായി അയാൾ വ്യാഖ്യാനിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ വിവാഹജീവിതത്തിൻെറ ആനന്ദത്തേ കുറയ്ക്കുന്നതു ദമ്പതിമാരുടെ നിഷ്ഠൂരവും ദുഷ്ടവുമായുള്ള മനോഭാവങ്ങൾ അല്ല. പ്രത്യുത, ശൈശവകാലത്തുള്ള സ്വകാര്യപ്രാധാന്യവും, പരാശ്രയഭാവവും വിട്ടുകളയാതെ ജീവിക്കുന്നതു മാത്രമാകുന്നു. അതുകൊണ്ടു പുറന്നാൾ മുറയ്ക്കു മുറയ്ക്കു എണ്ണി വർദ്ധിപ്പിച്ചതു കൊണ്ടു നാം മാനസികമായി വളരണമെന്നില്ല. മാനസികമായ വളർച്ചയാണു ദാമ്പത്യസുഖത്തിനു പ്രധാനനിദാനമായിരിക്കുന്നതു്. അതിനാൽ ഭാര്യയും ഭർത്താവും മാനസികമായി

# ഐക്യകേരളം

വട്ടോളി കൊച്ചുകൃഷ്ണൻ നായർ.

കന്യാകുമാരിക്കടൽപ്പുറത്താ മണൽ-
കുന്നിലിരുന്നു ഞാൻ സായാഹ്നത്തിൽ.
ഓളങ്ങൾ തുള്ളിക്കളിക്കെ, സ്സകൗതുകം
താളം പിടിച്ചു രസിച്ചു ചിത്തം.
അന്തിതൻ ലാസ്യം കണ്ടുകൊണ്ടുന്മത്തനായ്
പൊൻതരി വാരി വിതറീടുന്നു.
സുന്ദരദൃശ്യാനുഭൂതിയിലാനന്ദ-
തുന്ദിലൻ ഞാനെന്നെ വിസ്മരിച്ചു........

നേരമൊട്ടേറെയായ്, ചക്രവാളാന്തരം
ദൂരത്തു മങ്ങിത്തുടങ്ങി മന്ദം.
അത്തവ്വിലത്ഭുതം! തേജസ്സ്വരൂപമൊ-
ന്നത്തിരക്കോളിൽനിന്നുത്ഭവിച്ചു!
ആരതു, ജലധിതൻ ഹസ്തത്തിൽ നിന്നുമി-
ക്കേരളം വീണ്ടോരു വീര രാമൻ!
ഉത്തുംഗമാം ജടാജൂടം, പരശ്വധം
വിസ്തൃതോരസ്സും തെളിഞ്ഞുകാണായ്....

ഭാർഗ്ഗവരാമനെ വന്ദിച്ചുരച്ചു ഞാൻ
"ഭാഗ്യമേ, ഭാഗ്യം! ഭവദ്ദർശനം!
ത്വൽപുത്രി തൻ ഭാവിനിർണ്ണയതർക്കത്തിൽ
തീർപ്പുനൽകേണമേ നീ കൃപാബ്ധേ! ........"

വക്ത്രം ചുവന്നു, രൂക്ഷാക്ഷനാം രാമനാ-
ലുക്തമായുത്തര മിത്തരത്തിൽ :—

---

വളൎന്നു മതിന്നു, തങ്ങളുടെ മക്കൾക്ക ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ
ആരോഗ്യപൂൎണ്ണമായി വളരത്തക്ക പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

—o—

"മംഗളം വത്സ, തേ, മൽപുത്രി, ജാതകാ-
തങ്കത്താലീ മട്ട കഷ്ടപ്പെട്ട.
കാരാഗാരത്രയവാസം വിധിയെന്നു-
നേരായ് ധരിച്ചു ക്ഷമിച്ചു ഞാനും."

" വാരുണസൗധത്തിൽ വാണ മൽ പുത്രിയെ-
യാരണസേവയ്ക്കായർപ്പിച്ചു ഞാൻ
കന്യാകുമാരിയെ—ഗോകർണ്ണനാഥനെ
മാന്യ മലയ, സഹ്യനേയും
പാർത്തലഫാല തിലകമാം പുത്രിയെ-
ക്കാത്തുരക്ഷിപ്പാൻ നിയോഗിച്ചു ഞാൻ."

"അന്യോന്യം മത്സരിച്ചാ വിപ്രർ കോമള-
കന്യയെ വിററു പെരുമാളിന്നായ്
നേരേ വളർന്നു യുവതിയായപ്പൊഴാ-
ച്ചേരമാൻ വിററു പലക്ഷമായി.
കാലത്തിൻ വേല കഠിനം ! പാഞ്ചാലിയെ-
പ്പോലെ മൽ പുത്രി പതിതയായി
ചേരമാനേററ മൽ ശാപ, മതുമൂലം
വേരോടെ വംശം മുടിഞ്ഞുപോയി."

" മൂന്നു പതികളെ സ്സേവിച്ചു മൽ പുത്രി-
യിന്നു മപഹാസ്യയായി വാഴ്വൂ !
കാവലാം കന്യയും കാലവകാശവും
കേവലം പാണ്ടികൾ ചോദിക്കുന്നു.
ക്രൂനിൽ കരുവിളു—നാരി കൈശൈശ്വര്യവും
മേനിസമ്പത്തു മാപത്തുതന്നെ."

ഒന്നു വിരമിച്ചുരച്ചു, "മൽ പുത്രിക്കാ-
യിന്നേക നാഥനെ വാഴിക്കേണം
ധീരരായ് നിങ്ങൾ പ്രയത്നിച്ചുട നൈക്യ-
കേരളം മംഗളം സാധിക്കേണം."

" അല്ലെങ്കിൽ നോക്കു "—പരശു നീട്ടിക്കൊണ്ടു
ചൊല്ലി മറഞ്ഞിതാ ദിവ്യരൂപം.

—:o:—

# ജീവചരിത്രസരണി

## "വ്യാഴവട്ടസ്മരണകൾ"

ഒരു നിരൂപണം.

കെ. എം. ജി.

(തുടർച്ച)

വിഷാദപൂർണ്ണമായ ഈ ജീവിതകഥയിലെ പല ഭാഗങ്ങളും അനുഭവപ്രേരിതമായ ഭാഷയിൽ വെച്ചുകെട്ടു കൂടാതെ പ്രതിപാദിച്ചിരിക്കയാൽ അത്യന്തം വികാരാത്മകമായിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ ഉടനീളം—പ്രത്യേകിച്ചു സ്മരണകൾ എന്ന രണ്ടാം ഭാഗത്തിൽ—കരുണരസത്തിന്റെ തിരത്തള്ളൽ അനുവാചകനു അനുഭവപ്പെടുന്നതാണ്. ഉദാഹരണങ്ങൾ അനവധിയുണ്ടെങ്കിലും ഒന്നോ രണ്ടോ ഭാഗങ്ങൾ മാത്രം ഉദ്ധരിക്കാം. ഉടുത്ത വസ്ത്രത്തോടെ മാത്രം നാടുകടത്തപ്പെട്ട രാമകൃഷ്ണപിള്ള സ്വഭാര്യയേയും കുഞ്ഞുങ്ങളേയും സ്വീകരിക്കുന്നതിനായി, തിരുനൽവേലി സ്റ്റേഷനിൽ, മലിനവസ്ത്രധാരിയായി വന്നു നിന്ന സംഭവം വിവരിക്കുന്ന ഭാഗത്തു കല്യാണിയമ്മ പറയുന്നു : "മുഖത്തു വളർന്നു നിന്നിരുന്ന ശ്മശ്രുശകലങ്ങൾ മുഖശോഭയേ ഏതാണ്ടു മറച്ചിരുന്നു ! എന്നാൽ ആ കണ്ണുകൾ! ഹാ! ആ തേജോഗോളങ്ങളുടെ പ്രഭയെക്കുറക്കുന്നതിനു യമദൂതന്മാർക്കല്ലാതെ മററാർക്കു കഴിയും ? ധൈര്യവും, സ്ഥൈര്യവും, സ്നേഹവും കരുണയും ഒന്നുപോലെ പ്രതിബിംബിച്ചിരുന്ന ആ പുണ്യനേത്രങ്ങളാൽ ചെയ്ത ഒരൊററ കടാക്ഷത്താൽ എന്റെ സകല ഭയങ്ങളും ആശങ്കകളും സൂര്യസാന്നിദ്ധ്യത്തിൽ ഇരുളെന്നപോലെ ഓടിയൊളിച്ചു." ഇതു അതിശയോക്തിയല്ല. പച്ചപ്പരമാർത്ഥമാണ്. ഇതുപോലെ ദുരന്തദുഃഖങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന കഥാനായകന്റെ അത്ഭുതകരമായ മനോനിയന്ത്രണത്തേയും, ദമശീലത്തേയും കുറിച്ചു പ്രഭ ചിതറുന്ന മറെറാരു ഭാഗം സൂചിപ്പിക്കാം.

"പുത്രദുഃഖത്താൽ കൃശയായി, ദീനയായി, മലിനവസ്ത്രധാരിണിയായി, പുറത്തളത്തിൽ തൂണും ചാരിയിരുന്നു 'രാമകൃഷ്ണാ' 'രാമകൃഷ്ണാ' എന്നു ജപിച്ചു കണ്ണുനീർ വാർത്തുകൊണ്ടിരുന്ന" അമ്മയേക്കുറിച്ചു ഒരു സ്നേഹിതൻ അയച്ചുകൊടുത്ത കത്തു വായിച്ചപ്പോഴും, മാതാവിന്റെ ചരമവൃത്താന്തം യദൃച്ഛയാ പത്രത്തിൽ കണ്ടറിഞ്ഞപ്പോഴും മാത്രമേ സ്വഭർത്താവിന്റെ കണ്ണുനീർ കാണ്മാൻ കല്യാണി

യമ്മയ്ക്കു സംഗതിയായിട്ടുള്ളു. ഈ ഭാഗം വായിക്കുമ്പോൾ ഹൃദയമുള്ള വരാരും കരഞ്ഞുപോകും. രോഗനിലയും ചരമഗതിയും വിവരിക്കുന്ന അവസാനഭാഗത്തുള്ള ഓരോ വരിയും തീക്ഷ്ണവികാരത്തിൻെറ ഉറവുകളാണ്. വികാരാത്മകമായ ഈ ജീവിതചിത്രീകരണത്തിൽ, സംഗതികളുടെ ഇരുവശവും പ്രകാശിപ്പിച്ചു വ്യക്തിസ്വഭാവത്തിൻെറ മൂല്യനിർണ്ണയനത്തിനു വായനക്കാരെ സഹായിക്കുന്ന ഭാഗങ്ങൾ ഇല്ലെന്നുതന്നെ പറയാം. രാമകൃഷ്ണപിള്ളയെപ്പററി ആ പ്രകാരം സമഗ്രമായ ഒരു ഗ്രന്ഥം ചമയ്ക്കുന്നതിന്നു ശ്രീമതി കല്യാണിയമ്മയ്ക്കു സാധിച്ചിരുന്നുവെങ്കിൽ അതായിരിക്കും അത്ഭുതകരം. സ്വഭത്താവിൻെറ ചില പ്രവൎത്തനങ്ങളെ തടയുന്നതിനായി കല്യാണിയമ്മയെ പ്രേരിപ്പിച്ചവരോടു അവൎക്കുള്ള മറുപടിയിതാണ്. "ഭത്താവിനെ അനുസരിക്കുകയല്ലാതെ ഉപദേശിക്കുക എന്ന കടമ ഒരിക്കലും ഞാൻ നിൎവ്വഹിക്കുന്നതല്ല." ഇതിൽനിന്നും ആ മഹതിയുടെ മനോഭാവം വിശദമാകുന്നുണ്ടു്. ഭർത്തൃസ്നേഹപരവശയായ ഒരു സ്ത്രീക്കു, സ്വകാന്തൻെറ ഗുണദോഷങ്ങൾ സമത്ഥമായി വിശകലനം ചെയ്യുന്നതിനും, സമഗ്രമായി വിശദീകരിക്കുന്നതിനും, നിഷ്പക്ഷമായി വിമൎശിക്കുന്നതിനും പ്രാപ്തിയുണ്ടാകുന്നതെങ്ങനെ? ഒരു ജീവചരിത്രത്തിൽ ഇപ്രകാരമുള്ള വിശകലനവും, വിമൎശനവും നാം പ്രതീക്ഷിക്കുന്നു. അതിനാൽ വ്യാഴവട്ടസ്മരണകളിൽ ഒരു വികാരാത്മകജീവചരിത്രത്തിൻെറ ഗുണങ്ങളും ദോഷങ്ങളും കാണാനുണ്ടു്.

ശ്രീമതി കല്യാണിയമ്മ 'ലളിത' യെന്ന പേരിൽ ഒരു ചെറുകഥ 'രസികരഞ്ജിനി' മാസികയിൽ പ്രസിദ്ധീകരിച്ചതു രാമകൃഷ്ണപിള്ളയുടെ ശ്രദ്ധയെ ആകൎഷിച്ചു. അതിനെക്കുറിച്ചു അവർ തമ്മിൽ തുടങ്ങിയ കത്തിടപാടുകൾ, താല്പര്യം, അഭിനിവേശം, പ്രേമം, വിവാഹം എന്നീ അവസ്ഥകളിൽ പെട്ടെന്നു വളൎന്നു വികസിച്ച കഥകൾ ഏററവും ഹൃദയാവൎജ്ജകമായി വൎണ്ണിച്ചിട്ടുണ്ടു്.

വ്യാഴവട്ടസ്മരണകളിലെ കലാശില്പത്തിനു മാററു വൎദ്ധിപ്പിക്കുന്ന ഭാഗങ്ങളാണവ. ചരിത്രസാമഗ്രികൾ അനാകൎഷകമായി വിവരിച്ചാലും മതി എന്നുള്ള അഭിപ്രായം അവർ ആദരിച്ചിരുന്നില്ല. അതുപോലെ തന്നെ രാമകൃഷ്ണപിള്ളയുടെ അവസാനരംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ചൈതന്യപൂൎണ്ണങ്ങളായ ഭാഗങ്ങൾ ജീവചരിത്രത്തിൽ സത്യത്തിൻെറ മാററു കുറയ്ക്കാതെ കലാംശം എത്രത്തോളം മനോരഞ്ജകമായി സംഘടിപ്പിക്കാൻ സാധിക്കുമെന്നു തെളിയിക്കുന്നു. പ്രഥമദൃഷ്ടിയിൽ അപ്രധാനമെന്നു തോന്നിക്കുന്ന പല സംഭവങ്ങളും ഈ ജീവചരിത്രത്തിൽ ചേൎത്തിട്ടുണ്ടു്. എന്നാൽ വാസ്തവത്തിൽ ആദ്യവസാനം രസവും ചൈതന്യവും ചിതറുന്ന സംഭവകഥനങ്ങളാണ് അവയെല്ലാം. ഫലിതപൂൎണ്ണങ്ങളായ ചില വിവരങ്ങളും അങ്ങിങ്ങായി കാണുന്നുണ്ടു്. അവ സ്ഥായിയായ കരുണത്തിന്നു് ഒരുവിധത്തിലും അപകൎഷം വരുത്തുന്നില്ല. എന്നു മാത്രമല്ല ഉജ്ജ്വലത വൎദ്ധിപ്പിക്കുന്നുണ്ടുതാനും. നാലു വയസ്സു മാത്രമുള്ളപ്പോൾ കഥാനായകൻ, ഹനുമാൻ ലങ്ക ചുട്ട കഥ കേട്ടു് ഒരു വലിയ കോണകമെടുത്തു വാലാക്കി, തീകത്തിച്ചു ചാടി നടന്നതും, സ്കൂളിൽ പഠിക്കുന്ന കാല

ത്തു ജ്യോമട്ടിയിൽ പഠിച്ച സൂത്രങ്ങൾ ഉരുവിട്ട ഒരു മൂകവസ്ത്രീയെ ഒളിച്ചതും മററും ഉദാഹരണങ്ങളാണ്.

പ്രതിപാദ്യത്തെ പ്പോലെതന്നെ പ്രതിപാദനവും അകൃത്രിമവും, അവക്രവുമായിട്ടുള്ള ഒരു വിശിഷ്ടജീവചരിത്രമാണ 'വ്യാഴവട്ടസ്മരണകൾ'. ഇതിലെ ഭാഷാരീതി ആദ്യന്തം ലളിതവും വിഷയത്തിന്നനുഗുണവും ആയിട്ടുണ്ട്. അങ്ങുമിങ്ങും കാണുന്ന ചില പഴയ പ്രയോഗങ്ങൾ പരിഷ്കരിക്കപ്പെടേണ്ടവയാണെങ്കിലും, മുന്തിരിച്ചാറുപോലെ മധുരമായ ഇതിലെ ആവിഷ്കരണരീതിയിൽ മദിച്ചുപോകുന്ന വായനക്കാരൻ അതു് അറിയുന്നതേയില്ല. നൂറിൽപ്പരം വശങ്ങളുള്ള ഈ കൃതിയെ അദ്ധ്യായങ്ങളായി തിരിച്ചിട്ടില്ല. കേവലം സ്മരണകൾ മാത്രമല്ലേ എന്നായിരിക്കാം ഇതിന്നുള്ള സമാധാനം. ജീവിതകഥ ആനുക്രമികമായുള്ള രീതി വിടാതെയാണ ചിത്രീകരിച്ചിരിക്കുന്നതു്. രാമകൃഷ്ണപിള്ളയുടെ പ്രത്യേകാദർശങ്ങൾ, അദ്ദേഹം ഭാഷയ്ക്കു സമ്മാനിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ, രാഷ്ട്രീയസാമൂഹ്യമണ്ഡലങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനം, സ്വഭാവത്തിൻെറ പ്രത്യേകതകൾ ഇവയെക്കുറിച്ചുള്ള നിരൂപണം ഒരു സമ്പൂർണ്ണജീവചരിത്രത്തിൽ അനുപേക്ഷണീയമാണ്. അങ്ങനെയൊരു പൂർണ്ണ ജീവചരിത്രം രചിക്കാനുള്ള ശ്രമമല്ല 'വ്യാഴവട്ടസ്മരണ'കളിൽ കാണുന്നതു്. ചരിത്രപുരുഷനെ നാടുകടത്തിയതിനുള്ള കാരണങ്ങൾപോലും ഈ സ്മരണകളിൽ ചേർത്തിട്ടില്ല. അതു് "എൻെറ നാടുകടത്തൽ" എന്ന പുസ്തകം വായിച്ച് അറിഞ്ഞുകൊള്ളട്ടെയെന്നാണ ഗ്രന്ഥകർത്രിയുടെ അഭിമതം. തൻമൂലം രാമകൃഷ്ണപിള്ളയെക്കുറിച്ചു സമഗ്രമായ ഒരു ജീവചരിത്രം ഇനിയും എഴുതുന്നതു വളരെ പ്രയോജനകരമായിരിക്കും. കണ്ണൂർ കടപ്പുറത്തു കിടക്കുന്ന അദ്ദേഹത്തിൻെറ അസ്ഥികൾ മാതൃദേശത്തു ഒരു ശവകുടീരത്തിൽ വിശ്രമിപ്പിക്കാൻ ചെയ്ത ശ്രമം ശ്ലാഘനീയമാണ്. പക്ഷെ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണമായൊരു ജീവ ചരിത്രമുണ്ടാകയെന്നുള്ളതാണ അടിയന്തിരമായ ആവശ്യം.

അതുകൊണ്ടു 'വ്യാഴവട്ടസ്മരണകൾ' സാധാരണ സ്മരണകളുടെ കൂട്ടത്തിൽ പതിക്കുന്നുവെന്നു ധരിച്ചുകൂടാ. അതു് ഒരു ജീവചരിത്രമാണ്. അല്ലെങ്കിൽ ജീവചരിത്രത്തിൻെറ തായിത്തടിയിൽ തളിത്തു ശോഭിക്കുന്ന അത്യന്ത സുന്ദരങ്ങളായ സ്മരണകളാണ്. ചരിത്രപരമായ ഒരു രേഖയെന്ന നിലയിലും വ്യാഴവട്ടസ്മരണകളുടെ സ്ഥാനത്തിനു ഒരു മങ്ങലും നേരിടുന്നതല്ല. പാശ്ചാത്യരുടെ ഇടയിലുള്ള ഓരോ മഹാന്മാരെയും അധികരിച്ച് എത്ര ജീവചരിത്രങ്ങളാണുണ്ടാകുന്നതു്! അതുപോലെ നമുക്കും നമ്മുടെ ആളുകളെ ആദരിക്കാനും, വേണ്ടവണ്ണം പഠിക്കാനും താല്പര്യമുണ്ടായിരുന്നെങ്കിൽ ! രാമകൃഷ്ണപിള്ളയേക്കുറിച്ച് ഇനി ഒന്നോ രണ്ടോ ചരിത്രഗ്രന്ഥങ്ങൾ ഉണ്ടായാലും 'വ്യാഴവട്ടസ്മരണകൾ' 'സ്മരണകളുടെ മാധുര്യം നിറഞ്ഞുവഴിയുന്ന ഒരു വിശിഷ്ടജീവചരിത്രമായി എന്നും കൊണ്ടാടപ്പെടും. മലയാളത്തിലെ ആദ്യത്തെ ജീവചരിത്രമെന്ന നിലയിലും കലാപരവും സത്യപൂർണ്ണവുമായ പ്രതിപാദനത്തിനു ഒരു വിശിഷ്ടോദാഹരണം എന്ന നിലയിലും പ്രസ്തുത കൃതിക്കു മഹനീയമായ ഒരു സ്ഥാനം എന്നും ഉണ്ടായിരിക്കും.

# ഞങ്ങളുടെ കഥ

കൈനിക്കര കുമാരപിള്ള

ഞങ്ങൾ—എന്നു വച്ചാൽ, 'ലോകവാണി' പത്രാധിപർ, ശ്രീ. ജോർജ്ജും ഞാനും. ഞങ്ങൾക്കു് ഒരു കഥയുണ്ടു്. അതു പൂർത്തിയായിട്ടില്ല. അതിന്റെ പരിണ്ണാമത്തെപ്പററി ഞങ്ങൾ ഏകാഭിപ്രായക്കാരല്ല. ആരുടെ പ്രതീക്ഷയാണു ഫലിക്കാൻ പോകുന്നതെന്നു കാലം തെളിയിക്കും.

കഴിഞ്ഞ ജനുവരിയിൽ, 'കേരള സമാജ'വാർഷികാഘോഷം സംബന്ധിച്ചു ഞാൻ മദിരാശി പട്ടണം സന്ദർശിച്ചപ്പോഴാണു ഞങ്ങൾ തമ്മിൽ കണ്ടതു്. കണ്ടു പരിചയമായി ; അദ്ദേഹത്തിന്റെ ഏതാനും ലഘുനാടകങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം * എനിക്കു സമ്മാനിച്ചു ; അതിനെപ്പററി എന്റെ അഭിപ്രായം അറിയണമെന്നു പറഞ്ഞു ; ലോകവാണി ആരംഭിക്കുന്ന കാര്യം അറിയിച്ചു ; അതിൽ എന്റെ സഹകരണം നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. ഞാൻ എല്ലാം കേട്ടു. നിരുപാധികമായ ഒരു പ്രതിജ്ഞയും — ഇതു വായനക്കാർ പ്രത്യേകം ശ്രദ്ധിക്കണം — ഞാൻ ചെയ്തില്ല. ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

അദ്ദേഹത്തെ എനിക്കു ആകെപ്പിടിച്ചു. കൊള്ളാം. എന്തോ ചിലതൊക്കെ ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള ഊർജ്ജസ്വലനായ ഒരു യുവാവു്. ഉത്സാഹമുണ്ടു്, സാമർത്ഥ്യമുണ്ടു്. പരാജയം എളുപ്പം പററുകയില്ല ; പററിയാലും നിരാശനാകയില്ല, പററിയെന്നു സമ്മതിക്കുമെന്നും തോന്നുന്നില്ല. ജേതാവാകാൻ ജനിക്കുന്ന അപൂർവ്വം ചിലരിൽ ഒരാൾ.

ഇതൊന്നും അദ്ദേഹത്തോടു് അന്നു ഞാൻ പറഞ്ഞില്ല. ഇപ്പോഴും പറയാൻ വിചാരിക്കുന്നില്ല.

മടങ്ങുന്നവഴി ടെയിനിൽവച്ചു് അദ്ദേഹത്തിന്റെ ഗ്രന്ഥം ഒന്നോടിച്ചു വായിച്ചു. അതുംഎനിക്കു പിടിച്ചു. അതിൽ മിന്നിത്തിളങ്ങുന്ന ഹാസ്യബോധം എന്നെ രസിപ്പിച്ചു. കനമുള്ള ഒരു ഗ്രന്ഥമല്ല അതു്. പക്ഷേ മുനയുള്ളതാണു്. മുറിവേല്പിക്കുന്ന മുനയല്ല. ആസ്വാദ്യമായ ഒരു മൃദുവേദനയേ പ്രായേണ ഏല്പിക്കുകയുള്ളു. അപൂർവ്വം ചിലതു പുറംതൊലി തുളച്ചു് അല്പനേരത്തേക്കു ഒരു ചെറിയ ചുടിച്ചിൽ ഉണ്ടാക്കിയേക്കും. അത്രേയുള്ളു. അതുപോലും സഹിക്കാൻ വയ്യാത്തവർ, അതേററാൽ മരിക്കുന്നവർ, മരിക്കുന്നതുതന്നെയാണു നന്നു്.

ഇങ്ങനെയൊക്കെ ഒരഭിപ്രായം അതിനെപ്പററി തോന്നി. എന്നാൽ അതും ഇതേവരെ അദ്ദേഹത്തെ അറിയിച്ചിട്ടില്ല. അറിയിക്കാൻ ഇപ്പോഴും ഉദ്ദേശിക്കുന്നുമില്ല. എന്താണു് ഇങ്ങനെയൊരു നിബ്ബന്ധം എന്നു ചോ

* ഏകാങ്കമണ്ഡലം.

ഭിച്ചാൽ, അതിനു മതിയായ കാരണമുണ്ട്. അതു വഴിയേ വ്യക്തമാകും.

താമസിയാതെ 'ലോകവാണി'യുടെ ആദ്യലക്കം വന്നു. പുറകേ ശല്യവും (1) തുടങ്ങി. 'ലോകവാണി'യെപ്പററിയുള്ള അഭിപ്രായം അറിയണം. എന്നെ ഏററവും ആകർഷിച്ചിട്ടുള്ള ഗ്രന്ഥം എന്താണെന്നു അറിഞ്ഞേ കഴിയൂ. ലേഖനം അയയ്ക്കാൻ ഇനിയും അമാന്തിക്കരുത്....... ഞാൻ അനങ്ങിയില്ല.

'ലോകവാണി' മുറയ്ക്കു വന്നുകൊണ്ടിരുന്നു. പന്ത്രണ്ടാം ലക്കവും വന്നു. അതിൻെറകൂടെ വന്നു ഒരു കാർഡ്. മട്ടൊന്നു മാറിയാണതു്. ശ്രുതി ഒന്നുയർത്തി, താളമൊന്നു മുറുക്കി ഒരു പ്രയോഗം. ഒരു തുറന്ന ഭീഷണി! കാർഡ് ഒരു രഹസ്യമായ കത്തല്ല. അതു സ്വാഭാവികമായിത്തന്നെ പരസ്യമാണ്. അതു ഇവിടെ ഉദ്ധരിക്കുന്നതു അതുകൊണ്ടു ഒരു തരത്തിലും ഒരു മര്യാദകേടാകയില്ല. എങ്കിലും ഞാൻ അതു ചെയ്യുന്നില്ല. കാര്യം ഇത്രയുള്ള—എന്നെക്കൊണ്ട് എഴുതിച്ചല്ലാതെ അദ്ദേഹം അടങ്ങുകയില്ല!

ഷേക്സ്പീയറുടെ ആ ഹാസ്യഹിമാലയൻ ഫാറംസ്റ്റാഫ് (2) പറഞ്ഞതുപോലെയൊരു മറുപടിയാണു എനിക്കും നൽകുവാനുള്ളതു് :— "എന്തു്? ലേഖനമോ? നിർബ്ബന്ധം കൊണ്ടോ? നിങ്ങളുടെ നിർബന്ധംകൊണ്ടു ഞാൻ ലേഖനം എഴുതുകയോ? ലേഖനങ്ങൾ ഞാറപ്പഴം പോലെ സമൃദ്ധമായിരുന്നാൽപോലും ഒരൊററയെണ്ണം നിങ്ങളുടെ നിർബന്ധംകൊണ്ടു ഞാൻ നിങ്ങൾക്കു തന്നു എന്നു വരുന്നതല്ല!"

ഇല്ല. ഈ മാത്സര്യത്തിൽ ഞാൻ തോല്ക്കാൻ നിശ്ചയിച്ചിട്ടില്ല. എനിക്കുമുണ്ട് വീറും വാശിയും!....പക്ഷേ ഇതു വെറുംവീറും വാശിയും മാത്രമല്ല. എൻെറ പ്രതിഷേധം മൗലികമാണ്, യുക്തിയുക്തമാണ്.

അദ്ദേഹത്തിനു ആദ്യമായി വേണ്ടതു 'ലോകവാണി'യെപ്പററിയുള്ള അഭിപ്രായമാണു. പത്രങ്ങളും മാസികകളും നടത്തുന്നവർ വേറെയുമുണ്ട്. ഇങ്ങനെ ആരെങ്കിലും വായനക്കാരുടെ മേൽ ഒരു നിർബന്ധം പ്രയോഗിച്ചു കേട്ടിട്ടുണ്ടോ? മുറയ്ക്കു വരിസംഖ്യ അയച്ചുകൊടുക്കണം എന്നു ചില പണക്കൊതിയന്മാർ ആവശ്യപ്പെടാറുണ്ട്. അതിൽ കുറച്ചു ന്യായമുണ്ട്. അല്പം കഠിനമാണെങ്കിലും അതു നമുക്കു കഷ്ടിച്ചു മനസ്സിലാക്കാം. കൊടുത്തില്ലെങ്കിലും കൊടുക്കേണ്ടതാണെന്നു സമ്മതിക്കാം. വി. പി. മടങ്ങിച്ചെല്ലുമ്പോൾ മാനമുള്ളവർ മിണ്ടാതിരുന്നുകൊള്ളുകയും ചെയ്യും. 'ലോകവാണി'യുടെ അധിപർ വരിസംഖ്യ ചോദിക്കാൻ ഭാവമില്ല. അതോ, അതും പുറകേ ഉണ്ടാകുമോ? ആവോ! ആക്കറിയാം? ഏതായാലും

---

(1) ഒന്നേകാൽ കോടി മലയാളികളുടെ കൂട്ടത്തിൽ, ലോകവാണി പത്രാധിപർ ഒരാളേ മാത്രമേ ശല്യപ്പെടുത്തിയതായി പരാതി ഉണ്ടായിട്ടുള്ളൂ. പരാതിയുണ്ടായിട്ടില്ലെങ്കിലും അപൂർവ്വം ചിലരെ ശല്യപ്പെടുത്തിയിട്ടുണ്ടായിരിക്കണം. അവരെല്ലാം മുമ്പു നല്ല ചില കൃതികൾ രചിച്ചിട്ടുള്ളതിൻെറ ശിക്ഷയാണ് അതു്—പ.

(2) വാസ്തവത്തിൽ ഇതു വരുമെന്നു വിചാരിച്ചില്ല—പ.

ഇതേവരെ അതു ചോദിച്ചിട്ടില്ല. പിന്നെ എന്താണദ്ദേഹത്തിനു വേണ്ടതു്? ആദ്യമായി ലോകവാണിയെപ്പററിയുള്ള അഭിപ്രായം അറിയണം!

ഞാൻ ഉറപ്പിച്ചു പറയുന്നു, അതു ചോദിക്കാൻ അദ്ദേഹത്തിനവകാശമില്ല. അതു നൽകാൻ ഞാൻ തയ്യാറുമില്ല. പത്രം കൈപ്പററുന്നുണ്ടോ എന്നു വേണമെങ്കിൽ അന്വേഷിച്ചുകൊള്ളട്ടെ. അതു വായിക്കുന്നുണ്ടോ, അതിനെപ്പററി അഭിപ്രായം രൂപപ്പെടുത്തുന്നുണ്ടോ, ഉണ്ടെങ്കിൽ അതെന്താണ്, ഇതൊന്നും ആരായാൻ അദ്ദേഹത്തിനു കാര്യമില്ല.

'ലോകവാണി' ഞാൻ വായിക്കാഞ്ഞിട്ടല്ല; എനിക്കു് അതിനെപ്പററി അഭിപ്രായം ഇല്ലാഞ്ഞിട്ടുമല്ല. പുറന്താളു മുതൽ പുറംതാളുവരെയല്ലെങ്കിലും എല്ലാത്തിൻേറയും പുറംതാൾ ഞാൻ കണ്ടിട്ടുണ്ടു്. അതിൻെറ വർണ്ണവൈചിത്ര്യവും ചിത്രാലങ്കാരഭംഗിയും എന്നെ ആകർഷിച്ചിട്ടുണ്ടു്. പലതും മറിച്ചു നോക്കിയിട്ടുണ്ടു്. അകത്തെ കടലാസ്സു മോശമല്ലെന്നും അച്ചടി നന്നെന്നും ധരിച്ചിട്ടുണ്ടു്. ആകപ്പാടെ ഒരു പുതുമയും മോടിയുമൊക്കെ അതിനുണ്ടെന്നു്, ഏതാണ്ടൊരു Strand-ലേക്കോ മറേറാ വളരാൻ അതു മോഹിക്കുന്നും ശ്രമിക്കുന്നും ഉണ്ടെന്നു എനിക്കു തോന്നിയിട്ടുണ്ടു്. ലേഖനങ്ങളുടെ വൈവിദ്ധ്യവും,അവയിൽ കൊള്ളരുതാത്തവയുടെ വൈരളൃവും കൊള്ളാവുന്നവയുടെ ബാഹുല്യവും എൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു് വാഗ്ഭടൻെറ കഷായവും പപ്പുപിള്ളയുടെ പരിസേവയും മനസ്സിനു പലപ്പോഴും ഉന്മേഷം ഉയററിയിട്ടുണ്ടു്.... അതെ, എനിക്കു ഇങ്ങനെയൊക്കെ ചില അഭിപ്രായങ്ങൾ തോന്നിയിട്ടുണ്ടു്. ഇതെല്ലാം എഴുതി അയച്ചിരുന്നെങ്കിൽ അദ്ദേഹം ഒരു പക്ഷേ പ്രസാദിക്കുകയും ചെയ്യുമായിരുന്നു.

പക്ഷെ, ഞാൻ അതു ചെയ്തില്ല; ചെയ്യാൻ നിശ്ചയിച്ചിട്ടുമില്ല. 'ഒരു തത്വത്തിന്മേലാണു് എൻെറ നില ഉറപ്പിച്ചിരിക്കുന്നതു്. എൻെറ അഭിപ്രായങ്ങൾ എൻേറതാണു്. അതു പരസ്യമാക്കണമെന്നു പറയാൻ ആർക്കും അവകാശമില്ല. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തേക്കാൾ മൗലികമായ ഒരു അവകാശമാണു അഭിപ്രായസംയമനസ്വാതന്ത്ര്യം.

കൂടാതെ, പലരും ചെയ്യുന്നതുപോലെ ഒരു ഒഴുക്കൻ അഭിപ്രായം പറയാൻ ഞാൻ തയ്യാറില്ല. പറയുകയാണെങ്കിൽ ശരിക്കു പറയണം. ഓരോ ലക്കത്തിലേയും ഓരോ ലേഖനത്തെപ്പററിയും സമഗ്രമായി നിരൂപണം ചെയ്യണം. അതിനു്, ഇക്കൊല്ലത്തിൽ ഇനിയുള്ള പതിനൊന്നു ലക്കം ലോകവാണിയുമെങ്കിലും—പതിമൂന്നാം ലക്കംകൂടി പുറത്തായിപ്പോയതുകൊണ്ടു— എൻെറ തൂലികയുടെ വിഹാരത്തിനായി വിട്ടു തരേണ്ടിവരും. മുഴുവൻ ശമ്പളത്തിനു പുറമേ, ഒരു കാമ്യമായ അലവൻസോടുകൂടി മൂന്നു മാസത്തെ 'സ്പെഷൽ ഡ്യൂട്ടി' യിൽ എന്നെ ഏടുക്കേണ്ടതായും വരും. (1) അതിനു തയ്യാറാണോ പത്രാധിപരദ്ദേഹം ? അല്ലെങ്കിൽ ഈ നിരർത്ഥകമായ നിർബന്ധം ഉപേക്ഷിച്ചു അടങ്ങിയിരിക്കണം.....ഒരു കാര്യം കൂടി പറഞ്ഞേക്കാം. അദ്ദേഹം അഥവാ ഇനി ഈ സാഹസത്തിനു മുതിന്നാലും—അദ്ദേഹത്തിൻെറ കാര്യമാ

(1) അഭിപ്രായസംയമനം തന്നെ അഭിലഷണീയം—പ.

ക കൊണ്ടു ഒന്നും നിശ്ചയിക്കാൻ പാടില്ല!—ഞാൻ അതിനു വഴിപ്പെടാൻ സന്നദ്ധനല്ല. ഒന്നാമതു്, അതു വളരെ പ്രയോജനമുള്ള ഒരു വ്യവസായമായി ഞാൻ കരുതുന്നില്ല. രണ്ടാമതു് അതു എന്നെ സംബന്ധിച്ചിടത്തോളം തികച്ചും ആപൽകരമായ ഒരു സംരംഭമായിരിക്കുമെന്നു എനിക്കു നിശ്ചയവുമുണ്ടു്. ഒരുത്തൻ എഴുതിയ ഒരു ഗ്രന്ഥം വിമർശിച്ചാൽ ഒരു ശത്രുവേ ഉണ്ടാകയുള്ളു. ഒരു ദ്വൈവാരികയുടെ പതിമൂന്നു ലക്കങ്ങളിലെ ലേഖനങ്ങളെല്ലാം വിമർശിക്കുന്നതിൽ എന്തുകൊണ്ടും ഭേദം ഒരു വൻപിച്ച കടന്നൽക്കൂട്ടിനു കല്ലെറിയുന്നതാണു്! അങ്ങനെ ഒരു അവിവേകം കാട്ടാതിരിക്കുന്നതിനുള്ള ബുദ്ധി ദൈവം എനിക്കു തന്നിട്ടുണ്ടു്.

പുസ്തകത്തിൽ, 'ലോകവാണി'യെപ്പററിയുള്ള എൻെറ അഭിപ്രായം, അതിൻെറ പ്രഗത്ഭനായ അധിപർ എത്ര നിർബന്ധിച്ചാലും എത്ര ഭയപ്പെടുത്തിയാലും ഞാൻ നൽകുകയില്ല. ഇതു് എൻെറ സുചിന്തിതവും സുദൃഢവുമായ നിശ്ചയമാണു്. കടലു മലയായാലും അതിനു മാററമില്ല.

അദ്ദേഹത്തിൻെറ രണ്ടാമത്തെ ആവശ്യം ഇതിലും അന്യായമാണു്. എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം ഏതാണെന്നു അദ്ദേഹത്തിനറിയണം. വ്യക്തിസ്വാതന്ത്ര്യത്തിൻെറ മേൽ ഇതിനേക്കാൾ ഘോരമായ ഒരു കൈകടത്തലുണ്ടോ? സ്വൈരജീവനത്തിൻെറമേൽ ഇതിനേക്കാൾ കഠോരമായ ഒരു കൈയേററമുണ്ടോ?

ഇപ്പോൾ എന്നെ ഏററവും കൂടുതൽ ആകഷിച്ച ഗ്രന്ഥത്തെപ്പററി അറിഞ്ഞാൽ മതി. അടുത്ത പടി എന്നെ ഏററവും കൂടുതൽ ആകഷിച്ച മററു പലതിനേപ്പററിയും അന്വേഷണം തുടങ്ങുകയില്ലെന്നു ആരറിഞ്ഞു! അദ്ദേഹത്തിൻെറ അദമ്യമായ ഈ ജിജ്ഞാസയെ മുളയിലെ നുള്ളിയില്ലെങ്കിൽ ആപത്താണു്!

പോരെങ്കിൽ, ആ ശീഷകത്തോടു തന്നെ എനിക്കു എതിപ്പുണ്ടു്. നിങ്ങളെ ഏററവും കൂടുതൽ 'ആകഷിച്ച ഗ്രന്ഥം'! രമിപ്പിച്ച ഗ്രന്ഥം എന്നല്ല, ഉത്തേജിപ്പിച്ച ഗ്രന്ഥം എന്നല്ല, നിങ്ങൾ ഏററവും കൂടുതൽ ഇഷ്ടപ്പെട്ട ഗ്രന്ഥമോ വിലമതിക്കുന്ന ഗ്രന്ഥമോ എന്നല്ല, നിങ്ങളെ 'ആകഷിച്ച ഗ്രന്ഥം'. അനവധി ഗ്രന്ഥശാലകളിൽ കയറി ഇറങ്ങാൻ ഇടവന്നിട്ടുള്ള എന്നെ 'എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കാ' തുടങ്ങി അനവധി ഗ്രന്ഥങ്ങൾ 'ആകർഷി'ച്ചിട്ടുണ്ടു്. പക്ഷേ അതെല്ലാം ഞാൻ വായിച്ചിട്ടില്ല. പലതും തുറന്നുനോക്കിയിട്ടുപോലുമില്ല. വായിച്ചിട്ടുള്ളതിൽ തന്നെ പലതും എന്നെ ഇച്ഛാഭംഗപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ പ്രത്യേകിച്ചു ആകഷകത്വമൊന്നുമില്ലാത്ത പുറംചട്ടയും ആകൃതിയും, അകത്തോട്ടു എത്തിനോക്കുന്നവരെ പേടിപ്പിച്ചു പിന്നാക്കം പായിക്കത്തക്ക വിധം പരുഷവും കഠിനവുമായ ഉള്ളടക്കവും ഉള്ള അസംഖ്യം ഗ്രന്ഥങ്ങൾ എൻെറ ഹൃദയത്തിലും ബുദ്ധിയിലും ഗംഭീരങ്ങളായ പരിവത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്(1)-മിന്നുന്നതെല്ലാം പൊന്നല്ല—ഗ്രന്ഥങ്ങളുടെ കൂട്ടത്തിലും. ആകഷിച്ചതെല്ലാം ആകർഷിപ്പി

(1) ഏററവും ആകഷിച്ച ഗ്രന്ഥം, സ്പശിച്ച ഗ്രന്ഥം എന്നിങ്ങനെ പറയുമ്പോൾ ഇതാണുദ്ദേശിച്ചിരിക്കുന്നതു്. അല്ലാതെ പുറംചട്ടയുടെകാഴ്ചയല്ല—പ.

ച്ചു എന്നു വരികയില്ല.

അദ്ദേഹം പറയുമായിരിക്കും ഞാൻ തലനാരു കീറുകയാണെന്നു്, അദ്ദേഹം ഉദ്ദേശിച്ചതു ഗ്രന്ഥത്തിന്റെ ബാഹ്യസൗന്ദര്യമല്ല അന്തസ്സൗന്ദര്യം തന്നെ ആണെന്നു്. ആവട്ടെ. ആണെങ്കിലോ ? ഞാൻ ഏററവും വിശിഷ്ടമായികരുതുന്ന ഗ്രന്ഥം ഏതു്, എന്നാകും അപ്പോൾ ചോദ്യത്തിന്റെ അർത്ഥം. ഉത്തരം മുട്ടിക്കുന്ന ചോദ്യമാണതു്. കഴിഞ്ഞ ലക്കം ലോകവാണിയിൽ തനിക്കു താൻചോന്ന കുററിപ്പുഴ ചാണക്കയറു പിടിക്കുന്നതു നാം കണ്ടില്ലേ ? വിഷമിച്ചുപോകും, ആരും വിഷമിച്ചുപോകും! ഗ്രന്ഥങ്ങളോടു പരിചയവും പ്രണയവും ഉള്ളവർ പ്രത്യേകിച്ചും. കടൽക്കരെ കൊണ്ടുനിർത്തിക്കൊണ്ടു ചോദിക്കുകയാണു്, നിങ്ങളെ ഏററവും രസിപ്പിക്കുന്ന അല ഏതെന്നു്. നാനാ സൂനനിബിഡമായ നന്ദനോദ്യാനത്തിൽ കൊണ്ടു നിർത്തിക്കൊണ്ടു ചോദിക്കുകയാണു്, ഏതു പുഷ്പമാണു്—ഏതു് ഇനം പുഷ്പമാണെന്നുമല്ല—നിങ്ങൾ ഏററവും ഇഷ്ടപ്പെടുന്നതെന്നു്! (1) എന്നെക്കൊണ്ടാവില്ല അതിനുത്തരം പറയാൻ.

കുറച്ചുകാലം മുൻപു തിരുവനന്തപുരം പ്രക്ഷേപണകേന്ദ്രത്തിന്റെ നായകൻ എന്നോടു ആവശ്യപ്പെട്ടു. 'My favourite author' (ഞാൻ ഏററവും ഇഷ്ടപ്പെടുന്ന ഗ്രന്ഥകർത്താവ്)-നെപ്പററി ഒരു പ്രഭാഷണം നടത്താൻ. 'ലോകവാണി'യുടെ അധിപരെക്കാൾ കാരുണ്യവാനായിരുന്നു അദ്ദേഹം. ഗ്രന്ഥത്തെപ്പററിയല്ല ഗ്രന്ഥകാരനെ പററി പറഞ്ഞാൽ മതിയായിരുന്നു. എന്നിട്ടും എന്റെ പ്രഭാഷണവിഷയം "In search of my favourite author" (എനിക്കേററവും ഇഷ്ടമുള്ള ഗ്രന്ഥകാരനെത്തേടി) എന്നു ഞാൻ മാററി. ആ അന്വേഷണത്തിന്റെ വൈഷമ്യം (2) ഞാൻ വിശദമാക്കുകയും ചെയ്തു. അന്വേഷത്തിന്റെ അവസാനത്തിൽ ഒരു ഗ്രന്ഥകാരനിൽ ഞാൻ ചെന്നുചേൎന്നു. പക്ഷേ, അസംഖ്യം ഉപാധികൾകൊണ്ടു് എന്റെ അന്വേഷണപഥം ഏററവും സങ്കുചിതമാക്കിയതിനു ശേഷമാണു അതു സാധിച്ചതു്.

'ലോകവാണി'പത്രാധിപരുടെ രണ്ടാമത്തെ നിർബന്ധത്തിനും ഞാൻ വഴങ്ങാൻ നിശ്ചയിച്ചിട്ടില്ലെന്നു സാരം.

അങ്ങനെ അദ്ദേഹം ആവശ്യപ്പെട്ടതു യാതൊന്നും ഞാൻ ചെയ്തിട്ടില്ല, ചെയ്യാൻ വിചാരിക്കുന്നില്ല. എങ്കിലും അദ്ദേഹം പറയുന്നു എന്നെക്കൊണ്ടു അതെല്ലാം ചെയ്യിച്ചേ അടങ്ങു എന്നു്. അരയും തലയും മുറുക്കി ഞങ്ങൾ അങ്കത്തട്ടിൽ കയറിയിരിക്കുകയാണു്. നാട്ടാരും നാടുവാഴുന്നവരും നോക്കിക്കണ്ടു നിശ്ചയിച്ചുകൊള്ളുവിൻ ആരു ജയിക്കുന്നു ആരു തോല്ക്കുന്നു (3) എന്നു്.

(1) അനേകം തിരകളിൽ ഒരു തിര ആയിരിക്കും നിങ്ങളെ സമുദ്രത്തിലേക്കു വലിച്ചുകൊണ്ടു പോകുന്നതു്. അനേകം പുഷ്പങ്ങളിൽ ഒരു പുഷ്പമായിരിക്കും നിങ്ങൾ മുടിയിൽ തിരുകുന്നതു്—പ.

(2) ഈ വൈഷമ്യത്തിൽ ലേഖകന്റെ പ്രതിയോഗിയെ അടിപെടുത്താൻ നിശ്ചയിച്ചുകഴിഞ്ഞു—പ.

(3) ഇതു തോൽവിയാണെങ്കിൽ മാസന്തോറും ഇത്തരം ഓരോ തോൽവിക്കായി പത്രാധിപർ ആഗ്രഹിക്കുന്നു—പ.

# പുസ്തകങ്ങൾ



# അമൃതഗംഗ.

[ഗ്രന്ഥകർത്താ : ശ്രീ. വി. വി. കെ.]

പ്രസാധകന്മാർ :

കേരള പ്രിൻറിംഗ് ആൻറ് പബ്ളിഷിങ്ങ് കമ്പനി-ലിമിററഡ്, തലശ്ശേരി.

വില 8 ണ.

(കെ. പി. ബി.)

മനുഷ്യന്റെ സാംസ്കാരികമായ പുരോഗതി ഈ ഇരുപതാം നൂററാണ്ടിലും സംതൃപ്തിജനകമല്ലെന്നതു് കേവലം ഒരു യാഥാത്ഥ്യം മാത്രമാണു്. വ്യക്തിപരവും സാമുദായികവുമായ സ്വാത്ഥത ആധുനികകാലത്തും പല കലാപങ്ങൾക്കും വിത്തുപാകുന്നുണ്ടു്. മതത്തിന്റെ പേരിൽ പാവനമായ പ്രേമത്തെ ബലികഴിക്കുക എന്നതു് ഇന്നും നമ്മുടെ നാട്ടിലെ ഒരു സാധാരണ സംഭവമാണു്. അമൃതഗംഗയിലെ ഇതിവൃത്തവും അത്തരമൊരു സാങ്കല്പിക കഥയാണു്.

ശ്രീ. വി. വി. കെ. യുടെ ഭാഷാശൈലി കേരളീയക്കു് സുപരിചിതമാണു്. അത്ഥപുഷ്ടിയും ഭാവഗാംഭീര്യവും, ശബ്ദമാധുര്യവും ഒന്നുപോലെ ഓളംതുളുമ്പുന്ന ആ കവിതാരീതിക്കു് ഒരു വ്യക്തിത്വമുണ്ടു്. ആശയം ശരിക്കു് പ്രകാശിപ്പിക്കുവാനല്ലാതെ അനാവശ്യമായി ഒരൊററവരി വി. വി. കെ. എഴുതുകയില്ല. പക്ഷെ, അത്രമതി. ആ ലളിതമായ പ്രതിപാദനരീതി നിങ്ങളെ തികച്ചും അങ്ങോട്ടാകർഷിക്കും.

“ ലോകവിഗതിയെയുററുനോക്കി

ഏകലോകത്തെയും ലക്ഷ്യമാക്കി

ധീരതയിങ്കൽ ഹിമാചല” മായ

ഭാരതശീർഷം ഉച്ചത്തിലുൽഘോഷിക്കുന്ന ആ പരിപാവനമായ സന്ദേശം തന്നെയാണു് അമൃതഗംഗയിലെ ശബ്ദതരംഗങ്ങൾ ആവത്തിക്കുന്നതു്.

'ദൈവം നമുക്ക ശ്വസിക്കവാൻ വേണ്ടത്ര ശുദ്ധവായു തരുന്നു—പക്ഷെ നാം (മനുഷ്യൻ) അതിനെ സ്വാർത്ഥലാഭത്തിനുവേണ്ടി കൈകാര്യം ചെയ്യുന്നു.' ആ സ്വാർത്ഥത്തിന്റെ ചില വകഭേദങ്ങളല്ലെങ്കിൽ മറെറന്താണ് ജാതിമതവ്യത്യാസങ്ങൾ ?

അതാണ്,

"മനുജതൻ മലർത്തോപ്പിലുണ്ടോ
മതവുമാജാതിയും കള്ളിമുള്ളും?''

എന്ന വരികളിൽക്കൂടി കവിക്ക് ചോദിക്കവാനുള്ളത്. എന്നാൽ മനുജതയുടെ ആ മലർത്തോപ്പ്

"ശൈശവപ്പൊൻ പ്രഭാതാഭവീശു
മൈശ്വരസ്നേഹം വിരിഞ്ഞിട്ട–
മ്പോഠം"

നാം കാണുന്ന ലോകം മാത്രമായി ഇന്ന് ഇടുങ്ങിപ്പോയിരിക്കുന്നു.

എന്തുകൊണ്ടെന്നറിഞ്ഞില്ല, വർഗ്ഗീയമാത്സര്യങ്ങൾ ഇന്ന് അടിയ്ക്കടി വർദ്ധിച്ചുകൊണ്ടു വരികയാണ്. അററുകിടക്കുന്ന നമ്മുടെ ഐക്യശൃംഖല വീണ്ടുമൊന്നു വിളക്കിച്ചേർത്താൽ മാത്രമേ ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം സാമ്പത്തിക സാമൂഹ്യസ്വാതന്ത്ര്യങ്ങളിലേക്ക് ഒരു പടിയെങ്കിലും ഉയരുകയുള്ളു. അതിനുവേണ്ടിയുള്ള പരിശ്രമത്തിൽ വലിയൊരു പങ്കുവഹിക്കേണ്ടവരാണ് സാഹിത്യകാരന്മാർ.

ഈ ചുമതല ശ്രീ. വി. വി. കെ. മനസ്സിലാക്കിയിട്ടുണ്ടെന്നതിന് അമൃതഗംഗയ്ക്കു പുറമെ അദ്ദേഹത്തിന്റെ കാവ്യസമാഹാരങ്ങളിലെ മററു ചിലകൃതികളും സാക്ഷ്യം വഹിക്കുന്നു.

"അഴകുമാനന്ദവും വന്നണയു–
മഴിമുഖ''മായ ഒരുഗ്രാമഭാഗത്തിൽ അമീറും സുഭദ്രയും — ഒരു മുസ്ലീം ബാലനും ഒരു ഹിന്ദുബാലികയും വർഗ്ഗചിന്തയുടെ മൂർച്ചയാലോചിക്കാതെ സർഗ്ഗകാന്തിയാൽ ഇണങ്ങിച്ചേർന്നു. അവരുടെ വളർച്ചയ്ക്കനുസരിച്ച് ആ ചേർച്ച ദൃഢപ്രണയത്തിൽ കലാശിച്ചു. അതിനിടയിൽ കുറെ വർഷവും വേനലും പാഞ്ഞുപോയതോടൊപ്പം അവരുടെ ജീവിതത്തിലും പല പരിവർത്തനങ്ങളും വന്നുചേർന്നു – ശിശു പാഠശാലയിൽ നിന്നു് ഹൈസ്കൂളിലെത്തി. അവിടെനിന്നു കോളേജിലും.

"അക്കലാലയജീവിതം പൂർണ്ണമായ് വെക്കമുദ്യോഗലാളിത"രുമായി. പല വിവാഹാലോചനകളും അവർക്കുണ്ടായി, എന്നാൽ പാവനപ്രേമത്താൽ ബന്ധിക്കപ്പെട്ട അവരുടെ ഹൃദയങ്ങൾ അവയൊക്കെ പല ഒഴികഴിവുകളും പറഞ്ഞു നിരസിച്ചു–ഒടുവിൽ,

"പൂതമാം പ്രേമത്തിന്റെ
തീർപ്പിനാലുടൻതന്നെ
ജാതകം ഭദ്രംപോലെ
ഭാവിയെക്കൂട്ടിക്കെട്ടി.''

ഒരു മുസ്ലീംയുവാവും ഹിന്ദുയുവതിയും അങ്ങിനെ ദാമ്പത്യവേദിയിലേക്കു പ്രവേശിച്ചു - സമുദായനീതിയുടെ ക്രൂരമ്പുകൾ അവരെ കുത്തിക്കീറുവാൻ ചീററിയടുത്തുവെങ്കിലും,

പ്രേമത്തിൻ പടച്ചട്ട
യണിഞ്ഞോരൈക്യത്തോടാ
ഭീമവിക്രിയയെല്ലാം." തോൽക്കുകതന്നെ ചെയ്തു. എന്നാൽ സമുദായനന്മയുടെ പേരിൽ നാട്ടിൽ കൊല്ലലും കൊല്ലിക്കലും നീതിഭൂഷണം തന്നെയാണല്ലോ. പെട്ടെന്നുണ്ടായ വർഗ്ഗീയകലാപത്തിൽ, തരം പാർത്തു പകവീട്ടുവാൻ വെമ്പി

യിരുന്ന, അനശ്വരപ്രേമമെന്തന്ന റിയാത്ത ആ നരനായാട്ടുകാരുടെ കരവാളിന്നിരയായി,

"വിശ്വമാനവലക്ഷ്യ
ശ്ലൊൻ പതാകയിലന്ത്യ
നിശ്വാസം പകർന്നമീ–
റമരാത്മാവായ് മിന്നി!"

എന്നാൽ ഗർഭിണിയായ സുഭദ്രയെ, നാളെക്ക വാളിനു രണ്ടിരയാകുമല്ലോ എന്ന സംതൃപ്തിയോടെ വിട്ടയക്ക ന്നു. ആ സാദ്ധ്വിയാകട്ടെ അടുത്തു ള്ള ഒരു നദിയിൽച്ചാടി ഭർത്താവി നെ അനുഗമിക്കുന്നു..................... ...ഇത്രയുമാണ് അമൃതഗംഗയിലെ ഇതിവൃത്തം.

ചില പ്രത്യേക രംഗങ്ങൾ ചിത്രീ കരിക്കുന്നതിന് വി. വി. കെ.യ്ക്കുള്ള കഴിവ് പ്രശംസാർഹമാണ്. ആ ഗ്രാമത്തിൻെറ ചിത്രം തന്നെയൊന്നു നോക്കുക.

"അഴകുമാനന്ദവും വന്നണയു
മഴിമുഖം തന്നെയാഗ്രാമഭാഗം.
മരതകപ്പട്ടുന്നിക്കൊരച്ച പാട–
ക്കരയിലൊരുവശമൊട്ടുതള്ളി
പരിചോട'മീറം''സുഭദ്ര'യുംചേ–
ന്നൊരുപാർശ്വേ പാറിയ്ക്കുമെഴുത്തു–
പള്ളി
ഹരിതപതാകയെപ്പുതമാക്കും
ഹരിണാങ്കലേഖയായ് ലാല–
സിപ്പൂ"

അത്തരം ചിത്രങ്ങൾ നമ്മുടെ ഹൃദ യത്തിൽ മായാതെ നിലനിൽക്കു വാൻ സമർത്ഥങ്ങളാണ്.

ഭദ്രയേയും അമീറിനേയുംപോലെ എല്ലാവർക്കും വിശ്വവിശ്വാസത്തി ൻെറ പീയൂഷപുളിനത്തിൽ മത ത്തിൻെറ വിശാലമായ മറുകര കാ ണാവുന്ന ആ സുന്ദരലോകം സമുൽ ഭാവനം ചെയ്തുകൊണ്ട് കവി ചോ ദിക്കുന്നു.

"ഓണവും പെരുന്നാളും
ചേർന്നൊരാഘോഷം മാത്രം
കാണുവാൻ നാട്ടിന്നില്ലേ
കൌതുകമതിമാത്രം ?"

അന്ധമായ മതവ്യത്യാസത്തെ ഇന്നും വെച്ചുപോററുന്നവരുടെ ഹൃദയഭി ത്തികളിൽ ഈ വരികൾ വെളി ച്ചം വീശുകയില്ലേ ?

"ഇണയെ പ്രിയംപോലെ
വരിക്കാൻ, ജീവിക്കുവാൻ
പ്രണയം തിരുക്കിന്നും
വെളിച്ചം വിതയ്ക്കുമ്പോൾ
ബുദ്ധിയാൽ, സംസ്കാരത്താൽ
സിദ്ധനെന്നുൽഘോഷിക്കും
മാർത്ത്യൻെറയുള്ളെല്ലാമോർത്താൽ
കാലനും നടുങ്ങില്ലേ ?"

എന്നു കുങ്കുമമണിഞ്ഞ ഭർതൃശീർ ഷം മടിയിൽ വെച്ചുകൊണ്ട് ധൈർ്യ ധീരയായ സുഭദ്ര ചോദിക്കുമ്പോൾ തീർച്ചയായും ലോകമൊന്നു നടുങ്ങി യിരിക്കണം.

ആ സാദ്ധ്വി നദിയിൽച്ചാടി ആ ത്മഹത്യചെയ്യുന്ന അന്ത്യരംഗം കവി ഹൃദയസ്പൃശികളായ വരികളിൽ കോ ർത്തിണക്കിയിരിക്കുന്നു.

"ആർദ്രതേ, നീയേപാവം !
ജീവിതരണാബ്ധിയിൽ
ബുൽബുദങ്ങളെക്കണ്ടോ
ലത്ഭുതപ്പെടാനുണ്ടോ ?"

എന്നു കവി ചോദിക്കുന്ന അതേ ചോ ദ്യം തന്നെയാണ് അനുവാചകനും സാഹസം ചെയ്യുന്ന സുഭദ്രയോടു ചോദിക്കുവാനുള്ളത്.

സമത്വസുന്ദരമായ ഒരു സാമൂഹ്യ വ്യവസ്ഥയാണല്ലോ ഉൽപ്പതിഷ്ണുക്ക ളായ നാം അഭിലഷിക്കുന്നത്. അ തിനു വിലങ്ങടിച്ചു നിൽക്കുന്ന ഏതു മാമൂലിനേയും തട്ടിനിരത്തേണ്ടതു് ഇന്നു് അത്യാവശ്യമാണ്. അന്ധ

# എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം

കെ. എം. ജോർജ്ജ്.

"നിങ്ങളെ ഏററവും സ്പർശിച്ച ഗ്രന്ഥം ഏതു്?" ഭാഷാസാഹിത്യത്തിൽ പ്രതിഷ്ഠ നേടിയിട്ടുള്ള ഏതാനും വ്യക്തികളോടു ഞാൻ ഈ ചോദ്യം ചോദിച്ചു. അവരിൽ ചിലർ ഈ ചോദ്യത്തിനു യാതൊരു പ്രയാസവും കൂടാതെ മറുപടി തന്നു; മററു ചിലർ അതിലുള്ള വൈഷമ്യം ചൂണ്ടിക്കാണിച്ചു് ഗ്രന്ഥപരിചയത്തെക്കുറിച്ചു സാമാന്യമായി എഴുതി; വേറേ ചിലർ ഈ ശീർഷകം തന്നെ ചോദ്യംചെയ്തുകൊണ്ടു പിന്മാറി നില്ക്കുന്നു. ഇപ്രകാരമുള്ള പ്രതികരണവൈവിദ്ധ്യത്തിൽ തെല്ലും അത്ഭുതപ്പെടേണ്ടതില്ല. കാരണം, ആത്മകഥാസ്പർശം കൂടാതെ ഈ ചോദ്യത്തിനു ശരിയായ മറുപടി കൊടുക്കാൻ സാധിക്കയില്ല; അനുഭവങ്ങൾ പല വിധത്തിൽ ആയിരിക്കയുംചെയ്യും. എല്ലാവർക്കും എല്ലാ വിഷയത്തെക്കുറിച്ചും എഴുതാൻ സാധ്യമല്ലല്ലോ. എങ്കിലും ഈ ഒരു തലക്കെട്ടിൽ ആർക്കും തന്നെ സത്യപൂർണ്ണമായി ഒരു ലേഖനം എഴുതാൻ കഴികയില്ല എന്നു ചില പണ്ഡിതന്മാർ സൂചിപ്പിക്കുമ്പോൾ, അതു ചോദ്യം ചെയ്യാതെ വിടാനും നിവൃത്തിയില്ല. അതാണു് ഇപ്പോൾ ഈ പംക്തിയിൽ വാദി പ്രതിയായി മാറാൻ കാരണം.

"നിങ്ങൾ ഏററവും സന്തോഷപൂർണ്ണമായി കഴിച്ച ദിവസം ഏതാണു്?" ഈ വിധത്തിൽ മുമ്പു ചിന്തിച്ചിട്ടില്ലാത്ത ഒരാളോടു ഈ ചോദ്യം ചോദിക്കുന്നപക്ഷം, അയാൾ കുറേ നേരം ഒന്നു പരുങ്ങാതിരിക്കയില്ല. പക്ഷേ പൂർവ്വാനുഭവങ്ങളുടെ ഇരു

---

മായ വർഗ്ഗവൈരുദ്ധ്യത്താൽ പൊട്ടിച്ചിതറിയ ഐക്യം പുനഃസ്ഥാപിക്കുവാൻ വൈകിയിരിക്കുന്ന ഈ അവസരത്തിൽ അതിനു സഹായിക്കുന്ന ഇത്തരം ലഘുകാവ്യങ്ങൾ ഭാഷക്കും രാഷ്ട്രത്തിനും ഒരുപോലെ അനുഗ്രഹങ്ങളാണു്.

—o—


## കൈപ്പററി

1. സി. വി. രാമൻപിള്ള. 4–0–0
2. ഭാവരശ്മികൾ. 1–8–0

ഗ്രന്ഥകർത്താ: പി. കെ. പരമേശ്വരൻ നായർ.

ട്ടറയിലേക്ക വെളിച്ചവുമായി കടന്നു നോക്കുമ്പോഠം അങ്ങനെ ഒരു ദിവസം കണ്ടെത്താൻ കഴിഞ്ഞുവെന്നു വരാം. ഒരു ദിവസത്തെ പ്രത്യേകിച്ചു എടുത്തുപറയാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ പരിശോധനയ്ക്കു ശേഷം മടങ്ങി വന്നു എന്നും വരാം. ഇതു ദിവസങ്ങളുടെയോ ആളിന്റെയോ പ്രത്യേകത കൊണ്ടല്ല എന്നും സ്പഷ്ടമാണ്. എന്നാൽ അങ്ങനെ ഒരു ദിവസത്തെ, സ്മരണയിൽ വീണ്ടും വീണ്ടും ഓമനിച്ചു വെച്ചുകൊണ്ടിരിക്കുന്ന ഒരാളിനോടു ആ ചോദ്യം ചോദിച്ചാൽ മറുപടി കിട്ടുക എത്ര എളുപ്പമായിരിക്കും ! അതു കൊണ്ട് ആ ചോദ്യത്തിൽ വിശേഷിച്ചു ഒരു അനൗചിത്യവുമില്ല.

'എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം ഏതു് ? " എന്ന ചോദ്യത്തിനു ഉത്തരം നൽകുമ്പോഠം ഒരു വ്യക്തിയും ഒരു ഗ്രന്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു പറയേണ്ടതു്. ലോകത്തിൽ ഗ്രന്ഥങ്ങഠം വളരെയുണ്ട്. ഉത്തമഗ്രന്ഥങ്ങളും എണ്ണത്തിൽ ഒട്ടും കുറവല്ല. അവയെല്ലാം ഒരാഠം വായിച്ചിരിക്കാൻ ഇടയില്ല. ഉത്തമങ്ങളെന്നു പ്രസിദ്ധി നേടിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ഒന്നു മാത്രമേ ഒരാളെ അധികം സ്പർശിക്കയുള്ളുവെന്നും വിധിച്ചുകൂടാ. ചിലപ്പോഠം പ്രസിദ്ധിയും പ്രചാരവും കുറഞ്ഞ ഒരു രണ്ടാം തരം ഗ്രന്ഥമായിരിക്കും ഒരു വ്യക്തിയെ ഏററവുമധികം സ്പർശിക്കുന്നതു്. ഇതിനു കാരണം അയാളുടെ രുചിഭേദം മാത്രമാണെന്നു പറഞ്ഞുവിട്ടന്നതു ശരിയായിരിക്കയില്ല. പുസ്തകത്തിന്റെ പ്രത്യേക ഗുണങ്ങളേയും, വായനക്കാരന്റെ സംസ്കാരവിശേഷത്തേയും ആശ്രയിച്ചാണു ഇങ്ങനെയൊരു വിശിഷ്ടബന്ധം ഉണ്ടാകുന്നതു് എന്നു പറഞ്ഞാലും അതിൽ സത്യം മുഴുവനും ഉണ്ടായിരിക്കയില്ല. മറെറാരു വിധത്തിൽ ഇതു വിശദീകരിക്കാം. ആകർഷണം വസ്തുനിഷ്ഠമാണ് എന്നു പറഞ്ഞാൽ പകുതി സത്യമേ ആകുന്നുള്ളു. ആത്മനിഷ്ഠമാണ് എന്നു പറഞ്ഞാലും അർദ്ധസത്യമാണ്. ആത്മനിഷ്ഠവും വസ്തുനിഷ്ഠവും കൂടിയാണ് എന്നു പറഞ്ഞാലും മുക്കാൽ സത്യമേ ആകുന്നുള്ളു. ആകർഷണത്തെക്കുറിച്ചുള്ള പൂർണ്ണസത്യം അറിയണമെങ്കിൽ ഇനിയൊരു കാൽ ഭാഗം കൂടി വേണ്ടിയിരിക്കുന്നു. അതിനു ഞാൻ സന്ദർഭനിഷ്ഠം എന്നു തൽക്കാലം പേരു കൊടുക്കുന്നു. ഒരു വ്യക്തിയും ഒരു ഗ്രന്ഥവും തമ്മിലുള്ള മേളനത്തിന്റെ ഫലവും, അതുമൂലമുണ്ടാകുന്ന ബന്ധത്തിന്റെ ശക്തിയും ഒരു നല്ല പങ്ക് ആ സമ്മേളനസന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നു. എന്നെ ഏററവും സ്പർശിച്ച ഒരു ഗ്രന്ഥമുണ്ട്. എന്തുകൊണ്ടാണു ആ പ്രത്യേകഗ്രന്ഥം എന്നെ ആകർഷിച്ചതു് എന്നു അപഗ്രഥിച്ചു ചിന്തിച്ചതിന്റെ ഫലമായിട്ടാണ് എനിക്കു സന്ദർഭത്തിന്റെ ശക്തി എത്രമേൽ പ്രബലമാണെന്നു ബോധപ്പെട്ടതു്.

ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കാൻ എനിക്കും ചില വൈഷമ്യങ്ങഠം ഇല്ലാതില്ല. അതു പക്ഷേ ഏതു പുസ്തകമാണു എന്നെ ഏററവും സ്പർശിച്ചതു് എന്നു കണ്ടുപിടിക്കുന്നതിലല്ല. ആത്മകഥാപരമായ ചില കാര്യങ്ങഠം പറയാനുള്ള സങ്കോചമാണു അതിനു പ്രധാന ഹേതു. എന്റെ ചില ബലഹീനതകഠം വെളിക്കു കാണിക്കാതെ ഇവിടെ രക്ഷപ്പെടാൻ നിവൃത്തിയുമില്ല. ഒന്നാമതു്, ഞാൻ

അധികം ഗ്രന്ഥങ്ങരം വിയിച്ചിട്ടില്ല—നല്ലതും തിയ്യതും. എൻെറ ചില സ്നേഹിതന്മാർ "അതു വായിച്ചിട്ടില്ലേ ? ഇതു വായിച്ചിട്ടുണ്ടോ? " എന്നിങ്ങനെ ചോദിക്കമ്പോഴൊക്കെ ഞാൻ വല്ലാതെ ലജ്ജിക്കാറുള്ളതു്. എങ്കിലും നല്ല ആഗ്രഹങ്ങരംക്കു യാതൊരു കുറവുമില്ല. വായിക്കേണ്ട പല നല്ല ഗ്രന്ഥങ്ങളുടെയും ലിസ്റ്റ് കൈയിലുള്ളതു വർദ്ധിച്ചുവരുന്നുവെങ്കിലും വായന വേണ്ടതുപോലെ പുരോഗമിക്കുന്നില്ല. അപ്പോരം വായിക്കാനുള്ള മഹാഗ്രന്ഥങ്ങളിൽ ഒന്നു എന്നേ വളരെയധികം ആകർഷിക്കാൻ ഇടയില്ലേ, ഇപ്പോഴേ മറെറാന്നിനെ അവരോധിക്കണമോ എന്നിങ്ങനെ ചില സംശയങ്ങളും സഹജമായി ഉണ്ടാകുന്നു. കൂടാതെ നിത്യമെന്നവണ്ണം പരായണം ചെയ്യുന്ന ചില വിശിഷ്ടഗ്രന്ഥങ്ങരം ഉണ്ടു്. അവയേ കുറച്ചു പുറകിലേക്കു തള്ളി, നാലഞ്ചുകൊല്ലം മുമ്പു മനസ്സിൽ ചില വേലിയേററങ്ങരം ഉണ്ടാക്കിയ ഒരു ചെറുഗ്രന്ഥത്തേ, ആ വേലിയേററങ്ങരം എത്രതന്നേ ശക്തങ്ങളായിരുന്നാലും, സിംഹാസനത്തിൽ അവരോധിക്കുന്നതു മനസ്സിൻെറ അടിത്തട്ടിലേ ചില മൃദുലതന്ത്രികളേ അല്പം വേദനിപ്പിക്കയില്ലേ ? എന്നിങ്ങനെ ചില വൈഷമ്യങ്ങളാണു എനിക്കനുഭവപ്പെടുന്നതു്.

മർമ്മസ്ഥാനം നോക്കി പെട്ടെന്നു് ഒരു ചെറുസൂചികൊണ്ടു ഒന്നു കുത്തുന്നതു്, ഒരു ബാററൻതടികൊണ്ടു അടിക്കുന്നതിനേക്കാരം, ഒരു ചുമടു തലയിൽ വെയ്ക്കുന്നതിനേക്കാരം നമുക്കുവേദനാജനകമായിരിക്കും. പക്ഷേ ശാസ്ത്രനിയമം അനുസരിച്ചു നോക്കുമ്പോരം ബാററൻെറയും ചുമടിൻെറയും സമ്മർദ്ദം മററതിനേക്കാരം വളരെ മടങ്ങു വർദ്ധിച്ചതായിരിക്കും. പക്ഷേ അതു പരന്നു വ്യാപിക്കുന്നതിനാൽ സമ്മർദ്ദഭാരം അറിയുന്നില്ല. വളരെ വർഷങ്ങളായി തുടൻ ശാന്തമായി എന്നാൽ ദൃഢമായി നമ്മിൽ സ്വാധീനശക്തി ചെലുത്തുന്ന ചില ഗ്രന്ഥങ്ങളുണ്ടു്. അവ നമ്മേ ഒരു പ്രത്യേക സന്ദർഭത്തിൽ അടിമുടി ഇളക്കിക്കളഞ്ഞു എന്നു വരികയില്ല. അതുകൊണ്ടു നമ്മേ ഏററവും സ്പർശിച്ച ഗ്രന്ഥം എന്ന സ്ഥാനത്തിൽനിന്നും അവയെ മാററിനിത്തിയാൽ തെറെറാന്നുമില്ല. ഒരു പ്രത്യേക സന്ദർഭത്തിൽ വായിക്കുന്ന ഒരു പ്രത്യേക ഗ്രന്ഥം നമ്മുടെ വികാരങ്ങളേയും ആലോചനകളേയും ഉടനീളം ഉലച്ചു കളഞ്ഞതായി വരാം. അതു പ്രായേണ താല്കാലികമാണെങ്കിൽകൂടെ ഏററവും സ്പർശിച്ചതായ ഗ്രന്ഥം എന്നു അതിനേ ഗണിക്കുന്നതു അനുചിതമല്ല. ഇത്തരത്തിൽ എന്നേ സ്പർശിച്ച ആ ഗ്രന്ഥത്തേക്കുറിച്ചും, അതു ഞാൻ ആദ്യം വായിച്ചപ്പോഴത്തെ സാഹചര്യങ്ങളേക്കുറിച്ചുമാണു് ഇനി പറയാൻ പോകുന്നതു്.

അന്നു ഞാൻ ക്രസ്ത്യൻ കോളജിൽ മലയാളം ലക്ചറർ ഉദ്യോഗത്തിൽ സ്ഥിരത നേടിക്കഴിഞ്ഞു. 1942-ലാണെന്നു തോന്നുന്നു. വിദ്യാഭ്യാസകാലം കഴിഞ്ഞു സാമാന്യം നല്ല ഒരു ഉദ്യോഗവും ഉറച്ചുകഴിഞ്ഞാൽ ഒരു അവിവാഹിതൻെറ ചിന്ത സഹജമായി ചരിക്കുന്ന മാർഗ്ഗത്തിൽതന്നേ എൻെറ ചിന്തയും സഞ്ചരിച്ചുതുടങ്ങി. എൻെറ ഭാവിജീവിതസഖിയേക്കുറിച്ചും, ആ ആളിനു ഉണ്ടായിരിക്കേണ്ട യോഗ്യതകളേക്കുറിച്ചും, അങ്ങനെയൊരു ബന്ധത്തിൽ ഏപ്പെട്ടുമ്പോരം ആദരിക്കേണ്ട ആദർശങ്ങ

ളേക്കുറിച്ചും, സിദ്ധാന്തപരമായിട്ടാണെങ്കിൽ തന്നെയും, ചിന്തിച്ചുകൊണ്ടിരിക്കുന്നതു് അക്കാലത്തു വളരെ രസകരമായിരുന്നു. അങ്ങനെയിരിക്കുന്ന ഘട്ടത്തിലാണു ആ ഗ്രന്ഥം യാദൃച്ഛികമായി എന്റെ കൈവശം വന്നു ചേർന്നതു്. മഹാകവി ടാഗോറിന്റെ "ചിത്രാ'' എന്ന ലഘുനാടകം. ഏറിയേറി വരുന്ന ഉന്മേഷത്തോടും, മാറിമാറി വരുന്ന ഭാവസ്തോഭാദികളോടും കൂടി ഞാനതു വായിച്ചു. വീണ്ടും വായിച്ചു. എന്നിട്ടും തൃപ്തിയായില്ല. അതിൽനിന്നും ഉണ്ടായ അനവദ്യമായ ആനന്ദം മററു ചിലരോടു ചേർന്നു പങ്കുകൊള്ളുന്നതിനു വലിയ ആഗ്രഹമുണ്ടായി. ഒരു ആഴ്ചയ്ക്കുള്ളിൽ രണ്ടു മൂന്നു ക്ലാസ്സുകളിൽ ആ നാടകം വായിച്ചുകേൾപ്പിച്ചു. മലയാളം ക്ലാസ്സുകളിൽ ഇംഗ്ലീഷുപുസ്തകം വായിക്കുന്നതു അത്ര സാധാരണമല്ല. പക്ഷേ എനിക്കു്, അതൊന്നും ചിന്തിക്കാൻ തോന്നിയില്ല. വായിക്കുന്നതിന്റെ ഇടയ്ക്കു, വികാരവിക്ഷോഭംമൂലം ക്ലിഷ്ടകണ്ഠനാകുന്നതും, ചെറുതുള്ളികൾ കണ്ണിൽ പൊടിക്കുന്നതും ഇപ്പോഴും ഞാൻ നല്ലവണ്ണം ഓർക്കുന്നു. അന്നത്തെ വിദ്യാർത്ഥികൾ ഏതാണ്ടു എന്നെപ്പോലെ തന്നേ അതിൽ ഔത്സുക്യം പ്രദർശിപ്പിക്കയാൽ എനിക്കു ഈ ദൗർബല്യം ലജ്ജാകരമായി അനുഭവപ്പെട്ടില്ല.

ഒരു നാലഞ്ചുമാസക്കാലംകൊണ്ടു ഈ നാടകം കുറഞ്ഞതു ഒരു പതിനഞ്ചു പ്രാവശ്യമെങ്കിലും ഞാൻ വായിച്ചിട്ടുണ്ടാവും. അങ്ങനെ അതിലെ പല ഭാഗങ്ങളും മനഃപാഠമായിക്കഴിഞ്ഞു. എന്റെ ചില പ്രശ്നങ്ങളേക്കുറിച്ചു ടാഗോറിന്റെ തലച്ചോറുകൊണ്ടു ചിന്തിക്കാൻ സാധിച്ചു. ടാഗോറിന്റെ ജ്ഞാനദീപവും, ഭാവനാരശ്മിയും എന്റെ ഉള്ളിൽ ഉജ്ജ്വല പ്രകാശം ചൊരിഞ്ഞുതുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ ഞാനും 'ചിത്ര'യുമായി ഒരു പുതിയ ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. ഗീതാഞ്ജലി മുതലായി ടാഗോറിന്റെ പല കൃതികളും ഞാൻ അതിനുമുമ്പു വായിച്ചിട്ടുണ്ടു്. അവ എന്നേ സ്പർശിച്ചിട്ടുമുണ്ടു്. അവയിൽ ചിലതു് നിരൂപകദൃഷ്ടിയിൽ ചിത്രയേക്കാൾ മെച്ചവുമായിരിക്കാം. എങ്കിലും അവയൊന്നും ചിത്രയേപ്പോലെ എന്നേ സ്പർശിക്കാൻ കഴിഞ്ഞിട്ടില്ല. കോളജിലെ ഗ്രന്ഥശേഖരത്തിൽനിന്നാണു ചിത്രാ ആദ്യം ഞാൻ എടുത്തു വായിച്ചതു്. അവിടെനിന്നും ആവശ്യമുള്ള പുസ്തകങ്ങൾ എപ്പോൾ വേണമെങ്കിലും എടുക്കാൻ സൗകര്യവുമുണ്ടു്. എങ്കിലും, പുസ്തകം പണംകൊടുത്തു വാങ്ങി വലിയ തഴക്കമില്ലാതിരുന്ന ഞാൻ, ഒരാഴ്ചയ്ക്കുള്ളിൽ ചിത്രായുടെ ഒരു പ്രതി വില കൊടുത്തു വാങ്ങി. അതു് ഒരു ചെറിയ നിധിപോലെ താല്പര്യപൂർവ്വം സൂക്ഷിച്ചുവച്ചു. എന്താണു ചിത്രാ എന്നെ ഇത്ര വളരെ ആകർഷിക്കാൻ കാര്യം?

(ബാക്കി അടുത്ത ലക്കത്തിൽ)

—:o:—

# വിദ്യാർത്ഥിലോകം

(കൊച്ചേട്ടൻ)

നിങ്ങളോടു സഹകരിച്ചുകൊണ്ടുള്ള ഈ ജീവിതം കൊച്ചേട്ടന്നു് എത്രമാത്രം സുഖകരമാണെന്നോ ? ഹാ ! നിത്യവും നമുക്കിങ്ങിനെ ഒന്നിച്ചുചേർന്നു പല വിഷയങ്ങളെക്കുറിച്ചും ചിന്തിക്കുകയും പഠിക്കുകയും ചെയ്യുവാൻ കഴിയുമെങ്കിൽ എത്ര നന്നായിരുന്നു.

ആട്ടെ, ഇന്നെന്തിനേക്കുറിച്ചാണു് കൊച്ചേട്ടൻ നിങ്ങൾക്കു പറഞ്ഞു തരേണ്ടതു്. ഇടയ്ക്കൊന്നു പറയാം. പല വിഷയങ്ങളെക്കുറിച്ചും നിങ്ങൾക്കു സംശയമുണ്ടാകാം. അവയൊക്കെ ഏട്ടനോടു തുറന്നു പറയുവാൻ മടിക്കേണ്ട. എന്നാൽ കഴിവുള്ളവയ്ക്കൊക്കെ ഞാൻ ഉത്തരം പറയാം. നിങ്ങൾക്കു വേണ്ടി നിർദ്ദേശങ്ങളും നൽകാം. കേട്ടോ!

എൻ കെ. ഗംഗാധരൻെറ (കൊടുങ്ങല്ലൂർ) " ചിന്തിക്കേണ്ടവശങ്ങൾ" എന്ന ലേഖനം കൊച്ചേട്ടൻ വായിച്ചു. ഗംഗാധരന്നു് സ്വതന്ത്രമായി ചിന്തിക്കുവാൻ വശമുണ്ടു്. ഭാഷകുറെക്കൂടി പരിഷ്ക്കരിക്കുവാൻ ശ്രമിക്കണം കേട്ടോ ഗംഗാധരാ !

പിന്നെത്തേതു് പി. വി. കുരിയാക്കോമ്പിൻെറ (കോതമംഗലം) "ഒരു കപ്പു കാപ്പി"യാണു്. പ്രിയപ്പെട്ട അനുജാ എനിക്കാ 'കാപ്പി' വളരെ രുചിച്ചു. എഴുതു! ഉത്സാഹിച്ചെഴുതു ! ഒരു നല്ല കഥാകാരനു വേണ്ട കഴിവുകൾ സമ്പാദിക്കു!

എം. കുഞ്ഞി അഹമ്മദ് (ബാലുശ്ശേരി) "വിധവ" എന്ന തലക്കെട്ടിൽ എഴുതിയ കവിതയും കൊച്ചേട്ടൻ വായിച്ചു. കവിത നന്നായിട്ടുണ്ടു്. കഴിയുന്നതു ചുരുങ്ങിയ വരികളിൽ കാര്യം പറയുന്നതല്ലേ നല്ലതു്. മി. കുഞ്ഞി മഹമ്മദ് കൂടുതൽ ഗൌരവമുള്ള വിഷയങ്ങളെക്കുറിച്ചു് നല്ലപോലെ ചിന്തിച്ചെഴുതുവാൻ ശ്രമിക്കു !

നിങ്ങളിൽ പലരും നല്ലവണ്ണം ഉത്സാഹിക്കുന്നുണ്ടു്. പരിശീലനം കൊണ്ടു് തീർച്ചയായും ഒരു നല്ല ഭാവിയിലേക്കുയരുവാൻ നിങ്ങൾക്കു കഴിയും. അതിനുള്ള സൌകര്യങ്ങളാണു് നിങ്ങൾക്കു വേണ്ടതു്. കൊച്ചേട്ടൻ കഴിയുന്നതു നിങ്ങളെ സഹായിക്കാം.

നിങ്ങളയക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ താമസിച്ചു പോയെന്നു വരാം. ചിലപ്പോൾ ചിലവ പ്രസിദ്ധീകരിച്ചില്ലെന്നും വരാം. പക്ഷെ, അതുകൊണ്ടൊന്നും എൻെറ പ്രിയപ്പെട്ട അനുജന്മാരും അനുജത്തികളും നിരാശരാകരുതു്. വീണ്ടും വീണ്ടും ഉത്സാഹിച്ചെഴുതുക. നമുക്കു ജീവിതത്തിൽ എന്നും ഒരു മധുരപ്രതീക്ഷയാണു് വേണ്ടതു്. നൈരാശ്യമല്ല. നിങ്ങൾക്കെന്നും ശുഭപ്രതീക്ഷയോടുകൂടി മുന്നോട്ടു പോകാമോ ? എങ്കിൽ വിജയിക്കുമെന്നതിനു സംശയമില്ല. ഇത്രയും സംഗതികൾ മറക്കാതിരിക്കുക.

പല മഹാന്മാരുടെയും ജീവചരിത്രങ്ങൾ നിങ്ങൾക്ക പാഠമായിത്തീരണം. നിങ്ങൾ ജീവചരിത്രം വായിക്കാറുണ്ടോ? ഇല്ലെങ്കിൽ വായിക്കണം. പ്രസിദ്ധസാഹിത്യകാരന്മാരുടെ, ചിന്തകന്മാരുടെ, രാഷ്ട്രീയനേതാക്കന്മാരുടെ, ശാസ്ത്രജ്ഞന്മാരുടെ—എല്ലാം. അവരുടെ ആദർശങ്ങളുമായി നിങ്ങളുടെ ജീവിതത്തെ കൂട്ടിയിണക്കുവാൻ ശ്രമിക്കണം.

നിങ്ങൾക്കൊരു നോട്ടുപുസ്തകം വേണം. കവിതയാകട്ടെ, കഥയാകട്ടെ, ജീവചരിത്രമാകട്ടെ........... വായിക്കുമ്പോൾ നിങ്ങൾക്കേററവും ഹൃദ്യമായിത്തോന്നുന്ന ഭാഗങ്ങൾ അതിൽ അപ്പപ്പോൾ കുറിച്ചിടണം. വിവിധവിഷയങ്ങളെക്കുറിച്ചുള്ള മഹാന്മാരുടെ അഭിപ്രായങ്ങൾ, നല്ല കകവിതാശകലങ്ങൾ, നിങ്ങൾക്കേററവും രസകരമായിത്തോന്നുന്ന ചില ഭാഗങ്ങൾ, തുടങ്ങിയവകൊണ്ടു അതിൻെറ പേജുകൾ നിറയ്ക്കണം. പിന്നീടു നിങ്ങൾക്ക ആവശ്യം വരുമ്പോൾ ആ പുസ്തകം നിങ്ങളെ സഹായിക്കും.

കേവലം പുസ്തകപ്പുഴുക്കളായി ജീവിക്കണമെന്നു കൊച്ചേട്ടൻ നിങ്ങളെ ഒരിക്കലും ഉപദേശിക്കയില്ല. പ്രകൃതിയും നിങ്ങൾക്കൊരു വലിയ ഗുരുനാഥനാണ്. പ്രപഞ്ചത്തെ നോക്കി നിങ്ങൾക്ക പലതും പഠിക്കുവാനുണ്ട്. എത്ര ഗൌരവതരമായ വിഷയത്തേക്കുറിച്ചും സ്വതന്ത്രമായി ചിന്തിച്ചു അഭിപ്രായം രൂപീകരിക്കുവാനുള്ള കഴിവു നിങ്ങൾ സ്വയം സമ്പാദിക്കണം.

ഇത്രയും കാര്യങ്ങൾ മാത്രമേ ഇന്നു ഞാൻ നീങ്ങളോടു പറവാനുദ്ദേശിക്കുന്നുള്ളു നിങ്ങളെ ഭാവിലോകത്തിനു പ്രയോജനമുള്ളവരായിക്കാണുവാൻ കൊച്ചേട്ടൻ ആത്മാർത്ഥമായി ആശിക്കുന്നു.

വ്യത്യസ്തവിഷയങ്ങളിലായിരിക്കും നിങ്ങളുടെ വാസന. അതനുസരിച്ചു നിങ്ങളുടെ കഴിവുകളെ വിപുലമാക്കുവാനാണ് നിങ്ങൾ ശ്രമിക്കേണ്ടതു. കഥയെഴുത്തിൽ വാസനയുള്ളവർ കഥയെഴുതുവാൻ തന്നെ പരിശ്രമിക്കണം. ചിത്രമെഴുത്തിൽ കൂടുതൽ അഭിരുചിയുള്ളവർ ചിത്രമെഴുതുകയും വേണം. നിങ്ങളുടെ അഭിരുചിക്കും യുക്തിക്കുമനുസരിച്ചു നല്ലതാണെന്നു തോന്നുന്ന വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കുക! കൊച്ചേട്ടൻ നീങ്ങൾക്കെല്ലാവക്കും മംഗളം നേരുന്നു.

—o—

# ശ്രീ. വാഗ്ഭടാനന്ദഗുരുദേവൻ

(ഐ. വി. ദാസ് – വിദ്യാത്ഥി.)

—അനാചാരപ്പാഴ്ക്കണ്ടിൽ കിടന്നു് നരകിച്ചിരുന്ന കേരളത്തെ സാംസ്കാരികമായി ഉദ്ധരിക്കാൻ വേണ്ടി അനവരതം പ്രയത്നിച്ച ഒരു ഉത്തമ ത്യാഗിവര്യൻ——


ഏകദേശം, അര നൂററാണ്ടിനു മുമ്പെ, 'ഭ്രാന്തന്മാർ' നിവസിച്ചിടും നിലയ'മെന്നു വിദ്യുത് പ്രഭാവൻ വിവേകാനന്ദൻ പ്രകൃതിമനോഹരമായ കേരളത്തെപ്പററി പ്രവചിച്ചിരുന്നു.

വല്ലോ? ശ്രീ വിവേകാനന്ദസ്വാമിജി കളപോലും അത്തരമൊരഭിപ്രായംതോന്നിക്കമാറു് സാംസ്കാരികമായി അധഃപതിച്ച കേരളരാജ്യത്തെ ഉയർത്തുവാനും, വളർത്തുവാനും ഒരു കാൽ നൂററാണ്ടു് മുമ്പു് രണ്ടു് സാമുദായ സേവകന്മാർ — ത്യാഗിവര്യന്മാർ— കേരളത്തിലുണ്ടായി. അവരിൽ ഒരാഠം ധർമ്മപ്രവാചകനായ ശ്രീ നാരായണഗുരുസ്വാമികളും, മറേറയാഠം ഈ ലേഖനത്തിന്നു് വിഷയമായ ആത്മവിദ്യാരഹസ്യവേദി, ശ്രീ വാഗ്ഭടാനന്ദ ഗുരുദേവരും ആയിരുന്നു. ഒരേകാലത്തു ജീവിക്കുകയും, പ്രവൎത്തിക്കുകയും ചെയ്ത ഈ രണ്ടു പേർ തമ്മിൽ——അവരുടെ ആദർശമാർഗ്ഗങ്ങഠം തമ്മിൽ——അജഗജാന്തരമുണ്ടായിരുന്നുവെന്നു് പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയോ, അത്യുക്തിയോ കലൎന്നിട്ടില്ല.

ശ്രീ വാഗ്ഭടാനന്ദൻ, ഒരു പ്രവാചകനായിരുന്നു. അതെ സമയത്തു, അദ്ദേഹം, ഒരു വിപ്ളവകാരിയും കൂടിയായിരുന്നു. അതിനെപ്പററി, നല്ലൊരു സാഹിത്യചിന്തകനായ മി. സുകുമാർ, അഴീക്കോടു് പറയുന്നു 'ഉണരുവിൻ അഖിലേശനെസ്മരിപ്പിൻ; എന്ന ഉപദേശത്തിലൊതുങ്ങിയ പ്രവാചകത്വവും, 'ക്ഷണമെഴുന്നേല്പിൻ; അനീതിയോടെതിർപ്പിൻ' എന്ന ഉദ്ബോധനത്തിലടങ്ങിയ വിപ്ളവപരത്വവും സമഞ്ജസമാംവണ്ണം സമ്മേളിച്ച അത്യാശയനായൊരു സമരോത്സുകനാണു്' വാഗ്ഭടാനന്ദ ഗുരുദേവൻ. ഗുരുദേവൻ 'ഇസ'ങ്ങളുടെ പ്രവാചകനല്ല പ്രത്യുത, അദ്ദേഹം, 'ഭാരതനാട്ടിലെ പൂൎവ്വരാമൃഷീന്ദ്രന്മാർ' ഉദ്ഘോഷിച്ച 'ആത്മവിദ്യ'യുടെ പ്രവാചകനാണു്, വിപ്ലവകാരിയാണു്.

നാനാ ശാസ്ത്രങ്ങളിലും ഗുരുദേവന്നു് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. തനിക്കുണ്ടായിരുന്ന നൈസർഗ്ഗികമായ ആത്മജ്ഞാനത്തെ, അഭ്യാസലബ്ധമായ നാനാ ശാസ്ത്രവൈദുഷ്യം കൊണ്ടു് ദ്വിഗുണീഭവിപ്പിക്കുകയും, അതിന്മൂലം കേരള നാട്ടിൽ പടൎന്നുപിടിച്ചിരുന്ന അനാചാരങ്ങളെ പാടെ വിപാടനം ചെയ്കയും ചെയ്തു. ഗുരുദേവർ, അധർമ്മങ്ങഠംക്കെതിരായുള്ള സമരം നടത്തിയതു് 'ആത്മവിദ്യ' മുഖേനയായിരുന്നു. വളരെക്കാലത്തോളം കറപിടിച്ചു് കിടന്നിരുന്ന 'ആത്മവിദ്യ'യെ പ്രായോഗികമാക്കി. ഈ ഇരുപതാം നൂററാണ്ടിൽ—ഭൌതിക പരിഷ്ക്കാരം അതിൻെറ ഉച്ചത്തിൽ എത്തിയിരിക്കുന്ന ഈ പരിഷ്കൃതയുഗത്തിൽ——ആ മഹത്തായ 'ആത്മവിദ്യ'യെ പ്രയോഗികമാക്കി ജനങ്ങഠംക്കു കാണിച്ചുകൊടുത്തു. അതായിരുന്നു അദ്ദേഹത്തിൻെറ വമ്പിച്ച ഒരു നേട്ടം. തൎക്കം, വ്യാകരണം, പുരാണനികരം, സാഹിത്യമിത്യാദിയാൽ 'തൎക്കം തെല്ലുമിയന്നിടാത്ത നിലയിൽ ജ്ഞാനം' പരത്തുകയും കേരളത്തിലെ അനാചാരമുഠംവേലികളെ പറിച്ചു നീക്കുകയും മാത്രമല്ല, ഗുരുദേവൻ ചെയ്തതു്.

ശ്രീ വാഗ്ഭടാനന്ദഗുരുദേവൻ ഒരു വടക്കേമലബാർകാരനാണല്ലോ? അങ്ങിനെയുള്ള ഗുരുദേവൻ തൻെറ ആദർശപ്രചരണം അധികവും നടത്തിയതു് തിരുവിതാംകൂറിലാണു്. അതിനെപ്പററി, ശ്രീ. കലവറ നാരായണപിള്ള പറഞ്ഞതിപ്രകാരമാണു്. "കാലാന്തരം കൊണ്ടു് മല




# അവകാശവാദം.

[കുഞ്ഞുനാൾ മുതൽക്കേ എന്നോട്ട എന്റെ മുത്തശ്ശി പറയാറുണ്ട് ആർഷഭാരതത്തിന്റെ മഹത്വങ്ങൾ. അവയിലൊന്നു നമ്മുടെ താളിയോലഗ്രന്ഥങ്ങളും : മററു കവന്നെട്ടത്തിട്ടാണ പാശ്ചാത്യരാജ്യങ്ങളിൽ ശാസ്ത്രീയലബ്ധികൾ സിദ്ധമായതെന്നതാണ് ആററാമിക് ബോ

ബാററം, തിരുവിതാംക്രമമായി അകന്ന് തുടങ്ങിയ നിലയെ വീണ്ടും ലംഘിച്ച്, ബന്ധിക്കാൻ പുറപ്പെട്ടിരിക്കുന്ന ദേശബന്ധുവാണ് ശ്രീ. വാഗ്ഭടാനന്ദഗുരുദേവൻ.' ഈ ഒരഭിപ്രായത്തിൽ നിന്ന്, ശ്രീ. വാഗ്ഭടാനന്ദഗുരുദേവൻ ഒരൈക്യകേരളത്തെ വിഭാവനം ചെയ്തിരുന്നുവെന്നും മററും നല്ലപോലെ തെളിയുന്നുണ്ട്.

അനാചാരധ്വംസനത്തിന്നായി, ശ്രീ വാഗ്ഭടാനന്ദഗുരുദേവൻ സ്ഥാപിച്ച ഒരു ധാർമ്മിക സംഘമാണല്ലോ 'ആത്മവിദ്യാസംഘം.' ആര്യസമാജം, ബ്രഹ്മസമാജം, എസ്സ് എൻ. ഡി. പി. മുതലായ മഹാസംഘങ്ങളേപ്പോലുള്ള ഒരു സമുന്നസ്ഥാനം പ്രസ്തുത 'ആത്മവിദ്യാസംഘ'ത്തിന്നും ലോകരംഗത്തിലുണ്ട്. അത്രയ്ക്കും ആദർശപ്രഫുല്ലമാണ് ആ സംഘം. എങ്കിലും, നിസ്വാർത്ഥരായ പ്രവർത്തകന്മാർ ആ സംഘത്തിൽ ഇല്ലാത്തതുകൊണ്ട് അതിന്ന് സർവ്വലൌകികമായ ഒരു പദവി കിട്ടിയില്ല. അതു ദൌർഭാഗ്യകരം തന്നെ! സ്വാർത്ഥതല്പരന്മാരായ വ്യക്തികളാണ് ഇന്നു 'ആത്മവിദ്യാസംഘ'ത്തിന്റെ കടിഞ്ഞാൺ പിടിക്കുന്നത്. അങ്ങിനെയുള്ള ദുർവ്യക്തികൾ എത്രത്തോളം സംഘത്തിനെ നയിക്കുന്നുവോ, അക്കാലത്തോളം വാഗ്ഭടാനന്ദഗുരുദേവരുടെ സുന്ദരാദർശങ്ങൾ സംഘത്തിലൂടെ പ്രചരിപ്പിക്കാൻ സാദ്ധ്യമല്ല, തീർച്ചതന്നെ.!

—o—

ന്ന് കണ്ടുപിടിച്ച അവസരത്തിൽ ആയുർവേദാചാര്യനായ ഡോക്ടർ ലക്ഷ്മീപതി പ്രസ്താവിക്കയുണ്ടായി പതഞ്ജലി സൂത്രങ്ങളിൽ ആണവ ശക്തിയേക്കുറിച്ചുള്ള അഭിപ്രായങ്ങൾ അടങ്ങിയിട്ടുണ്ടെന്ന്. ഞാൻ ഈ വിഷയത്തിൽ കുറെക്കൂടി ഗവേഷണം നടത്തി, പാശ്ചാത്യപൌരസ്ത്യപരിഷ്കാരങ്ങളുടെ താരമ്യപഠനവും. അപ്പോഴല്ലേ കള്ളി വെളിച്ചത്താവുന്നതു്; നമ്മുടെ മുത്തശ്ശിക്കഥകൾ മുഴവനും ശാസ്ത്രീയസത്യങ്ങളായി രൂപമെടുക്കുന്നതു്! എല്ലാം ആർഷസിദ്ധികൾ തന്നെ. ഉള്ളൽപ്ലാട്ടിലൂടെ എൻെറ കണ്ടുപിടുത്തങ്ങൾ പൊതുജനങ്ങളെ അറിയിച്ചു കൊള്ളട്ടെ.

ആററംബോമ്പുകൾ കണ്ടുപിടിച്ചതി–
ലൂററം ചെററം കരുതേണ്ടാരും
പുതുതായ് കണ്ടുപിടിച്ചതുമല്ലിതു;
പുരളിയിൽ നമ്പീടല്ലേ നിങ്ങൾ!
പണ്ടുവിമാനം കണ്ടപ്പോഴും
തെണ്ടികളോതി താന്തോന്നിത്തം.
'പുഷ്പക'മെന്നവിമാനം പണ്ടേ
വൈശ്രവണൻെറ 'സൂപ്പർ–ഫോർട്ടാം.'
നമ്മുടെ നാട്ടിലെയാചാര്യന്മാർ
നന്മകൾ തിങ്ങിയ മുനിവര്യന്മാർ
എല്ലാം കണ്ടോർ, എല്ലാം ക–ണ്ടോർ
എല്ലാംകൊണ്ടും മെച്ചപ്പെട്ടോർ.
പണ്ടുപതഞ്ജലിയെന്നൊരുമാ–മുനി–
കണ്ടുപിടിച്ചതാണാണവശക്തി
യൂറോപ്യന്മാർക്കിതു കണ്ടറിവാൻ
നൂറാണ്ടേറെയെടുത്തിതുപാവം
ലാമ്പർട്ടറികൾ 'സൈൻറി–ഫിക്കാം'
സാധനമെന്നിവസർവ്വമൊരുക്കി
ശാസ്ത്രജ്ഞന്മാർ പലരും കൂടി
സൂത്രം പലതും കണ്ടുപിടിച്ചു.
എന്നാൽ നമ്മുടെയാചാര്യ–ന്മാ
വയ്യാവേലികൾ വല്ലതുമുണ്ടോ?
ദർഭപ്പുല്ലും,കൊച്ചുകമണ്ഡലു
ഗർഭിണിയാം തന്നാശ്രമമൃഗ–വും
ഇവയോടൊന്നിച്ചമ്മുനിദേ–വൻ
അവിടെ വസിച്ചു കാന്താര–ത്തിൽ.
കണ്ടുപിടിച്ചു ശാസ്ത്രം, വേദം,
കൊണ്ടുപിടിച്ചു ജ്യോത്സ്യം,–വൈദ്യം.
എഴുതിസൂത്രം സർവ്വജ്ഞന്മാർ
പനയോലകളിൽ പണിപ–ററിച്ചു !
മന്ത്രത്തേക്കാൾ വലുതായില്ലൊരു–
യന്ത്രവുമിന്ത്യക്കാർക്കെന്നറിവിൻ.
മന്ത്രക്കാരാം മറുനാടന്മാർ
തന്ത്രക്കാരാം യൂറോപ്യന്മാർ,
നമ്മുടെ ഗ്രന്ഥം കട്ടുകവർന്നു;
വന്നൂശാസ്ത്രവുമവരുടെ നാട്ടിൽ.
ശാസ്ത്രം വെറുമൊരു പിട്ടതിലി–ല്ലൊരു
ചുക്കും;സത്യംമഹർഷിപ്രോക്തം!!
ആയുർവ്വേദം വായിച്ചിട്ടവ–
ര'പ്പോത്തിക്കിരി'മാരായ്ത്തീർന്നു.
'മിഡ്‌വൈഫറി'യോ?വേലത്തി–ച്ചെഴു–
മത്തുതവിദ്യ കവന്നതുമാത്രം.
ദ്രാക്ഷാരിഷ്ടംമോന്തിയവന്മാർ
'ആസ്ത്രേല്യൻവൈൻ'കണ്ടുപിടി–ച്ചു.
വാകയിൽ നിന്നുവളർന്നു സോ–പ്പുകൾ
ഭൂതിയിൽനിന്നോ'കുട്ടിക്കൂറ'കൾ
ചാണം കണ്ടിട്ടതിൽ നിന്നല്ലേ

ചായം കണ്ടുപിടിച്ചക്കട്ടർ?
വാസ്സേൻ,'വാണ്ണീഷെ'ന്നിവസ-
ർവ്വം.
ഗോമലമൂത്രക്കുട്ടകളത്രെ.
ശസ്ത്രക്രിയയോ, ചരകഗ്രന്ഥം
കട്ടമൂടിച്ചതിൽ നിന്നു പഠിച്ചു.
'കാകമുഖി'യ്ക്കൊത്തുള്ളൊരു സാ-
ധന-
മാണോ'ഫോർസെപ്സെ'ന്ന'രചെ-
യ്തിൻ
എല്ലാം നമ്മുടെ കണ്ടുപിടുത്തം
എല്ലാം വിദ്യകൾ നമ്മുടെമാത്രം
തക്കം നോക്കിത്തട്ടിയെടുത്തു
പാശ്ചാത്യന്മാർ ശാസ്ത്രവുമാക്കി.
വാലില്ലാത്തൊരു വാനരനെ-
പ്പോർ
ഗോഷ്ഠികളിങ്ങനെ കണ്ടതുനേരം,
ഡാർവിൻധാരയങ്ങെഴുതിഗ്രന്ഥം
സായ്പിൻപൂർവ്വികർമൊച്ചകളത്രേ.
കണ്ടതുകാട്ടും കൂട്ടക്കാരെ
യെന്തുവിളിയ്ക്കും മറെറാരുനാമം?
ആററംബോമ്പുകൾ കണ്ടുപി-
ടിച്ചതി-
ലൂററം കരുതേണ്ടാരുംചെററും.
എല്ലാമാർഷം;ലോകംമുഴുവനു-
മിന്നാടാണൊന്നു മാതൃകയോ-
ർപ്പിൻ !!

* * *

അമേരിക്കൻ മുരാച്ചികളുടെ

ശ്രദ്ധയ്ക്കു്.

**ആററംബോമ്പുകൾകണ്ടുപിടിച്ചതി-
ലൂററം ചെററും കരുതീടേണ്ടാ !**

ഭൂമാന്നു മാത്രമല്ല ആററം ബോമ്പുള്ളു. മററു പല നാട്ടുകാർക്കുമുണ്ടു്. 'ഫോറം' പത്രത്തിൻെറ പത്രാധിപർ 'ജോക്കിം ആൽവ' ചെക്കോസ്ലവോക്യയിൽപ്പോയി വന്നതിന്നു ശേഷം ആ പത്രത്തിലെഴുതിയിരിക്കുന്നു "ചെക്കോസ്ലവോക്യക്കാർക്കുമുണ്ടു് ആററം ബോമ്പ്." മദാം കഷ്ടം! എന്താണിതു സാധനം ? ഏതോ വിദേശവകുപ്പിലുള്ള ഒരു ഉദ്യോഗസ്ഥൻെറ ഭാര്യ. അമ്പമ്പോ! ജോക്കിമിൻെറ ഈ 'ജോക്കി'ൽ എത്രമാത്രം നേരുണ്ടാവോ !

ഇന്ത്യക്കാർക്കും ആററംബോമ്പുണ്ടു്. വിജയലക്ഷ്മി പണ്ഡിററല്ല. നിങ്ങളാരും തെററിദ്ധരിക്കേണ്ട. ഇപ്പോഠം തന്നെ ഏഴു ലക്ഷം ആററംബോമ്പുകൾ ഇന്ത്യയുടെ നാനാഭാഗത്തുമായുണ്ടെന്നു മദിരാശി മന്ത്രി ഗുരുപാദം (നമസ്തേ!– ഗുരുപാദത്തിൽ വന്ദിക്കണമെന്നുണ്ടല്ലോ– വാഗ്ഭടൻ) പ്രഖ്യാപിച്ചിരിക്കുന്നു. അദ്ദേഹം എന്തു പറഞ്ഞു ? '' ഇന്ത്യയിലെ ആററം ബോമ്പുകളാണു ഗ്രാമങ്ങൾ.''

കൂട്ടത്തിൽപ്പറയട്ടെ: വാഗ്ഭടൻെറ കയ്യിൽ വിഷവാതകം വമിപ്പിക്കുന്ന ഒരു വലിയ യന്ത്രുണ്ടു്—എൻെറ സൈക്കിളിൻെ പമ്പ് !

* * *

ചിയാങ്ങിൻെറ നാട്ടിൽ

പെക്കിങ്ങ് ചൈനയിലെ ഒരു പ്രധാന നഗരമാണ്. അവിടത്തെ തെരുവുകളിൽ വിളക്കു വെച്ച കഥ കേൾക്കേണ്ട ?

ഗവണ്മെൻറ അതിന്നായി പത്തു കോടി ഡോളർ നീക്കിവെച്ചു. ഒരു ഗവണ്മെൻറുദ്യോഗസ്ഥൻ പെക്കിങ്ങ് നഗരമുൾക്കൊള്ളുന്നു സംസ്ഥാനത്തിലെ മാർഷലിനെ വിളിച്ചു പറഞ്ഞു "നിങ്ങളുടെ സംസ്ഥാനത്തിൽ പെട്ടതാണു പെക്കിങ്ങ്. ഇതാ അവിടെ വിളക്കുകൾ വെക്കുന്നതിന്നു ഏഴര ലക്ഷം ഡോളർ."

# അഭിപ്രായങ്ങളും കത്തുകളും

പ്രിയ സുഹൃത്തേ,

ഓരോ ലക്കവും കഴിയുന്നതിനു കഴിയുന്നതിനു ലോകവാണി കൂടുതൽ കൂടുതൽ പ്രകാശിക്കുന്നതായാണു എനിക്കു തോന്നിയിട്ടുള്ളതു്. ക്രമാനുഗതമായ ഈ വളച്ച്ച പരിരക്ഷിച്ചു പോകുവാൻ നമ്മുടെ ഇടയിൽ ചുരുക്കം പ്രസിദ്ധീകരണങ്ങൾക്കു മാത്രമേ കഴിയുന്നുള്ളു. ലേഖനങ്ങളുടെ തെരഞ്ഞെടുപ്പിലും, സംവിധാനത്തിലും, ഒരു പക്ഷേ, എഴുത്തുകാരുടെ വാസനയനുസരിച്ചു പ്രത്യേക നിർദ്ദേശങ്ങൾ നല്കി പ്രബന്ധങ്ങൾ എഴുതിക്കുന്നതിലും താങ്കൾ കാണിക്കുന്ന നിഷ്കർഷ, ലോകവാണിക്കു ഒരു പ്രത്യേക വ്യക്തിത്വം തന്നെ നൽകുന്നതായി തോന്നുന്നു. എനിക്കും ആ പംക്തികളിൽ ഈയിടെയെങ്ങും ഒന്നുൾപ്പെടുവാൻ കഴിയാതെ വന്നതിൽ വ്യസനിക്കുന്നു. താമസിയാതെ ഞാനും പ്രവേശിക്കാം.

പി. കെ. പരമേശ്വരൻനായർ
തിരുവനന്തപുരം.

---

മാർഷൽ തന്റെ സിക്രട്ടറിയെ വിളിച്ചു "ഇതാ അഞ്ചുലക്ഷം ഡോളർ. പെക്കിങ്ങിൽ വിളക്കു വെക്കുന്നതിന്."

സിക്രട്ടറി പെക്കിങ്ങ് സംസ്ഥാനത്തിലെ മേയറെ സന്ദർശിച്ചു "നമ്മുടെ ഗവണ്മെൻറ ദയാപുരസ്സരം പെക്കിങ്ങ് നഗരത്തിൽ വൈദ്യുതവിളക്കുകൾ വെക്കുന്നതിന്നു രണ്ടര ലക്ഷം ഡോളർ നൽകിയിട്ടുണ്ടു്. ഇതാ പണം. മേയറാണല്ലോ ആ ഉത്തരവാദിത്വം ഏൽക്കേണ്ടതു്."

മേയർ അതു സ്വീകരിച്ചു. പോലീസു മേധാവിയെ സമീപിച്ചു "ഇതാ അൻപതിനായിരം ഡോളർ. പെക്കിങ്ങിൽ വിളക്കുവെക്കുന്നതിന്നു ഗവണ്മെൻറ തന്ന പണം.''

പോലീസുദ്യോഗസ്ഥൻ. പണം സ്വീകരിച്ചതിന്നു ശേഷം, കീഴുദ്യോഗസ്ഥന്മാരെ വിളിച്ചു ആജ്ഞാപിച്ചു ''ഗവണ്മെൻറ് ഒരു പുതിയ നിയമം പാസ്സാക്കിയിട്ടുണ്ടു്. പെക്കിങ്ങിൽ മുഴുവനും വിളക്കുകൾ ഏർപ്പെടുത്തണം. എല്ലാ പീടികക്കാരോടും കൊട്ടിയറിയിക്കണം, പീടികയുടെ മുമ്പിൽ വിളക്കുകാലുകൾ നാട്ടി എല്ലാ കടികൾ വിളക്കു സ്ഥാപിക്കണമെന്നു്. അല്ലെങ്കിൽ കൂട്ടപ്പിഴയിടുമെന്നു പറയണം."

പോലീസുദ്യോഗസ്ഥന്മാർ അങ്ങിനെ ചെയ്തു. പെക്കിങ്ങ് തെരുവിൽ വിളക്കുകളുമായി

*　　*　　*

### പഴഞ്ചൊല്ലിൽ പതിരില്ല

'' എന്റെ കുഞ്ഞേ! " പ്രാചീന ഗ്രീസിലെ രാജ്യതന്ത്രജ്ഞനും ഭടാധിപനുമായ തെമിസ്റ്റോക്കിൾസു പുത്രനോടു പറഞ്ഞു '' ഗ്രീസിലെ ഏററവും ശക്തനായ വ്യക്തി നീയാണ്."

" അച്ഛാ! അതെങ്ങിനെയാണ്?''

'' അതോ! " പിതാവു വിശദീകരിച്ചു ''അത്തീനിയക്കാർ ഗ്രീസിനെ അടക്കിയിരിക്കുന്നു. അത്തീനിയക്കാർ എന്റെ കീഴിലാണ്. ഞാൻ നിന്റെ അമ്മയുടെ അധീനതയിൽ നിന്റെ അമ്മ നിന്റെ ചൊല്പടിക്കും.''

## സുഹൃത്തുക്കളോടു രണ്ടു വാക്ക്

'ലോകവാണി'യെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു വ്യക്തിയാണു ഞാൻ. മലയാളഭാഷയിൽ ഇന്നു പ്രചരിച്ചുകൊണ്ടിരിക്കുന്ന പത്രികകളിൽവച്ച് ഏററവും ഉൽകൃഷ്ടമായ ഒരു സ്ഥാനമാണു ലോകവാണിക്കുള്ളത്. ചില അമേരിക്കൻ മാസികകളോടോ അല്ലെങ്കിൽ തമിഴ ആനന്ദവികടനോടോ കിടനില്ക്കുന്ന അതിന്റെ കെട്ടും മട്ടും മനോഹരംതന്നെയെന്നു പറയാതെ തന്നെ വ്യക്തമാണല്ലോ. ഉള്ളടക്കത്തിലും— മററു മലയാളമാസികകളെ അപേക്ഷിച്ച്— ലോകവാണി ഒട്ടുംതന്നെ പിന്നോക്കമല്ല. എങ്കിലും കുറേക്കൂടി പുരോഗമിച്ചുകാണാൻ ആഗ്രഹിക്കുന്നു. ലോകവാണിയുടെ പേജുകളെ അല്പംകൂടി വർദ്ധിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട പത്രാധിപരോടും, രസകരങ്ങളായ ചെറുകഥകളേയും മനോഹരങ്ങളായ ലേഖനങ്ങളേയുംകൊണ്ട് ലോകവാണിയെ അനുഗ്രഹിക്കുവാൻ ഭാഷാപ്രേമികളായ സാഹിത്യകാരന്മാരോടും, ആയിരക്കണക്കിനു വരിക്കാരായി ചേർന്നു ലോകവാണിയുടെ സദുദ്ദേശ്യത്തേയും, ഭാഷാസേവനത്തേയും വിജയകരമാക്കിത്തീർക്കുന്നതിനു മാന്യസുഹൃത്തുക്കളോടും അപേക്ഷിക്കുക മാത്രമേ തൽക്കാലം ഞാൻ ചെയ്യുന്നുള്ളു.

വിദ്യാർത്ഥിലോകം എന്നൊരു പുതിയ പംക്തി ലോകവാണിയിൽ ആരംഭിച്ചിട്ടുള്ളതു സ്തുത്യർഹം തന്നെ. മനോഹരങ്ങളായ ചെടികൾ ആരും സഞ്ചാരമില്ലാത്ത വനങ്ങളിൽ പുഷ്പിച്ച് ആക്കും യാതൊരു ഫലവുമില്ലാതെ നശിക്കാറുണ്ട്. അവയെ ശരിയായ സ്ഥലങ്ങളിൽ കൊണ്ടുവന്നു നട്ടു വളർത്തിയാൽ അതു നമുക്കു സൗന്ദര്യത്തേയും നയനസാഫല്യത്തേയും പ്രദാനം ചെയ്യും. അതുപോലെ പ്രകൃത്യാ തന്നെ സാഹിത്യവാസനയുള്ള ചില വിദ്യാർത്ഥികൾ ശരിയായ പ്രോത്സാഹനമില്ലാതെ അന്യർക്ക് ഉപയോഗശൂന്യരായി തീരാറുണ്ട്. അപ്രകാരമുള്ള വിദ്യാർത്ഥികൾക്കു പ്രോത്സാഹനം നല്കാൻ ഒരു പംക്തി ആദ്യമായി ആരംഭിച്ചതു് ലോകവാണിയാണെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്. ലോകവാണിക്കു സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

കെ. എസ്സ്. മാധവൻ പിള്ള.
കടമക്കോട്.

(6–ാം പേജിൽനിന്നും തുടർച്ച)

കാര്യമായി ഗണിക്കേണ്ടതുമാണ്.

പക്ഷേ അതിനു പകരം നമുക്കു ലഭിക്കുന്നതെന്താണെന്നു നോക്കുക. ഒരു റേഡിയോനാടകമത്സരത്തിൽ പങ്കുകൊള്ളാൻതന്നേ നമ്മുടെ ആളുകൾക്കു അവകാശമില്ല. ഇതിനെക്കുറിച്ചു കഴിഞ്ഞ ലക്കത്തിൽ ശ്രീ. എം.ഗോവിന്ദന്റെ ഒരു കത്തു ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഒറിയാ ഭാഷക്കൂടെ ഉൾപ്പെടുത്തിയിട്ടും മലയാളത്തിനു സ്ഥാനമില്ല. തികച്ചും അനാശാസ്യമായുള്ള മനോഭാവമാണു ഇതിൽ റേഡിയോ അധികൃതന്മാർ പ്രദർശിപ്പിച്ചിരിക്കുന്നതു്. ഇതിനെക്കുറിച്ചു നാം മൗനമായിരുന്നാൽ അതു നമ്മുടെ ചുണകേടും അനർഹതയുമായി വ്യാഖ്യാനിപ്പപ്പെടുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്.

—o—

(8-ാം പേജിൽനിന്നും തുടർച്ച)

ഭജിതമായ ഇന്ത്യയിൽ മുസ്ലീങ്ങൾക്കുണ്ടായിരുന്ന മിക്ക അവകാശങ്ങളും ഇപ്പോൾ നഷ്ടമായെന്നുതന്നെയല്ല ജനിച്ചു വളർന്ന നാട്ടിൽ അവർ അന്യരായി തീർന്നിരിക്കുന്നു. പഞ്ചാബികൾക്കും പഠാന്മാർക്കും സ്വന്തമെന്നു അഭിമാനിക്കാനായി ഒരു രാഷ്ട്രം സ്ഥാപിച്ചതുകൊണ്ട് ഇന്ത്യയിൽ അവശേഷിച്ചിരിക്കുന്ന അനേക ലക്ഷം മുസ്ലിങ്ങൾക്കു യാതൊരു സായൂജ്യവും ഉണ്ടായിട്ടില്ലെന്നു് ഇപ്പോൾ അനുഭവംകൊണ്ടു് അവർക്കു ബോദ്ധ്യമായിരിക്കുന്നു. കാലക്രമത്തിൽ ഇറാനിനേപ്പോലെയോ ഈജിപ്റ്റിനെപ്പോലെയോ ഒരു വെറും വിദേശരാഷ്ട്രമായി ഇന്ത്യൻ മുസ്ലിങ്ങളുടെ ദൃഷ്ടിയിൽ പക്കിസ്ഥാൻ ആയിത്തീരുമെന്നുള്ളതു സ്വാഭാവികം മാത്രമാണു്. ലോകരാഷ്ട്രങ്ങളുടെ എണ്ണത്തിൽ ഒന്നു കൂടെ വർദ്ധിപ്പിക്കുന്നതിനു ഇന്ത്യൻമുസ്ലിങ്ങൾ വെറുതെ ബദ്ധപ്പെട്ടുവെന്നല്ലാതെ അവരുടെ താൽപര്യങ്ങൾക്കു അതുമൂലം യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മി. ജിന്നായുടെ സേവനങ്ങളെപ്പററി വിധി പറയുന്നതിന് ഇന്നത്തെ മുസ്ലിം തലമുറയ്ക്കു പ്രയാസം തോന്നിയേക്കാം. പക്ഷേ ചരിത്രം അദ്ദേഹത്തിന്റെ മേൽ നിഷ്പക്ഷമായ ഒരു വിധി രേഖപ്പെടുത്തിക്കൊള്ളും.

*　　*　　*

## ഇന്ത്യയുടെ ബന്ധുക്കൾ

കാഷ്മീറിലും ഹൈദ്രബാദിലും നടന്ന സംഭവങ്ങൾ അതിപ്രധാനമായ ഒരു പരമാർത്ഥം വെളിപ്പെടുത്തിയിട്ടുണ്ടു്—അതായതു ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയ്ക്കു സഹായികളും ബന്ധുക്കളും ആരും ഇല്ലെന്നുള്ളതാണ്. ഇന്ത്യയോടു് ഇതര രാഷ്ട്രങ്ങൾക്കു എന്തെങ്കിലും പ്രത്യേക വിരോധമോ മത്സരമോ ഉണ്ടെന്നുള്ളതല്ല ഇതിന്റെ കാരണം. പിന്നെയോ, ലോകത്തിലെ ചില വലിയ ശക്തികളുടെ ചരടുപിടുത്തമനുസരിച്ചു തുള്ളുന്നതിനു ഇന്ത്യ തയ്യാറില്ലെന്നുള്ളതു മാത്രമാണ്. ഇന്നത്തെ പരിതസ്ഥിതികളിൽ സ്വന്തമായും സ്വതന്ത്രമായുമുള്ള ഒരു വിദേശനയം സ്വീകരിച്ചിരിക്കുന്നതിനു ഇന്ത്യ കൊടുക്കേണ്ട വിലയാണിതു്. പക്കിസ്ഥാനെ സംബന്ധിച്ചിടത്തോളം അതിന്റെ വിദേശനയത്തിൽ ഇന്ത്യയ്ക്കുള്ളതുപോലെയുള്ള ആശങ്കയ്ക്കു് അവകാശമില്ല. ആംഗ്ലോ-അമേരിക്കൻ രാഷ്ട്രങ്ങളുടെ കക്ഷിയിൽ അടങ്ങി ഒതുങ്ങി അനുസരണമായി നില്ക്കുന്നതിനു "ലോകത്തിലെ അഞ്ചാമത്തെ വലിയ രാഷ്ട്രവും ഒന്നാമത്തെ വലിയ മുസ്ലിംശക്തി"യുമെന്നു എപ്പോഴും ഉദ്ഘോഷിക്കുന്ന പക്കിസ്ഥാൻ തികച്ചും തയ്യാറാണ്. ഇന്ത്യയും പക്കിസ്ഥാനും തമ്മിൽ ഏതെങ്കിലും തർക്കമുണ്ടായാൽ അമേരിക്കയുടേയും ഇംഗ്ലണ്ടിന്റേയും സഹതാപസഹായങ്ങൾ പക്കിസ്ഥാനുണ്ടാകുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ലല്ലോ. പക്ഷേ, ഇതര രാഷ്ട്രങ്ങളുടെ സഹതാപവും അനുകമ്പയും ആർജ്ജിക്കുന്നതിനു വിദേശനയത്തിലുള്ള സ്വാതന്ത്ര്യം കൈവെടിയണമെന്നു ഇന്ത്യ ആഗ്രഹിക്കുന്നില്ല. അന്യരാജ്യങ്ങളുടെ സഹായത്തിലല്ല, സ്വന്തശക്തിയിൽ മാത്രമാണ് ഇന്ത്യ ആശ്രയിക്കുന്നതു്. ഇന്ത്യയുടെ ശക്തി പ്രവൃദ്ധമാകുമ്പോൾ ഇന്ത്യയുടെ സഹഭാവവും സഹായവും മററുള്ളവർക്കും ആവശ്യമായി വരുന്നതാണ്.

## കോമൺവെൽത്ത് കോൺഫറൻസ്

"ബ്രിട്ടീഷ് കോമൺവെൽത്ത് ഓഫ് നേഷൻസ്" എന്ന പേരിനാൽ അറിയപ്പെടുന്ന രാഷ്ട്രസംഘടന പലതുകൊണ്ടും ഒരു വിചിത്ര സൃഷ്ടിയാണ്. ഇതുവരെ, ബ്രിട്ടീഷുകാരുമായി സംസ്കാരത്തിലും, ഭാഷയിലും, ആചാരങ്ങളിലും, ജാതിസ്വഭാവങ്ങളിലും ബന്ധമുള്ള വെളുത്ത വർഗ്ഗക്കാരുടെ ഒരു കുടുംബ കൂട്ടുകെട്ടായി ഇതിനെ പരിഗണിച്ചിരുന്നു എന്നാൽ ഇന്ത്യ, പക്കിസ്ഥാൻ, സിലോൺ എന്നീ ഏഷ്യൻ രാഷ്ട്രങ്ങൾ കോമൺവെൽത്തിൽ അംഗങ്ങളായതോടു കൂടെ കോമൺവെൽത്തിന്റെ കുടുംബ സ്വഭാവത്തിനു ഒരു വലിയമാററം വന്നിട്ടുണ്ട്. ആഭ്യന്തര ഭരണ കാര്യങ്ങളിലും വിദേശ കാര്യങ്ങളിലും പരിപൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്ന ഈ ഡൊമിനിയനുകൾ ബ്രിട്ടീഷുകോമൺവെൽത്തിൽ അംഗങ്ങളായിരിക്കുന്നതിന്റെ ഏക വ്യവസ്ഥ അവർ എല്ലാവരും ഒരു രാജാവിനെ ഭരണാധിപനായി അംഗീകരിച്ചിരിക്കണമെന്നുള്ളതാണ്. ഇംഗ്ലണ്ടിലെ രാജാവായ ജോർജ്ജ് ആറാമൻ കാനഡ, ആസ്ത്രേലിയ, തെക്കെ ആഫ്രിക്ക, ഇന്ത്യ മുതലായ സകല ഡൊമിനിയനുകളിലും രാജാവാണ്. പൊതു രാജ്യഭരണത്തിൽ അടിസ്ഥാപിതമായിരിക്കുന്ന ഈ കോമൺവെൽത്തു സഖ്യത്തിനു ഈ അടുത്തകാലത്തു ചില വാട്ടങ്ങൾ തട്ടിയിട്ടുണ്ട്. ഹിററ്ലറുമായുള്ള യുദ്ധത്തിൽ കോമൺവെൽത്തിലെ ഒരു അംഗമായിരുന്ന അയർലണ്ടു നിഷ്പക്ഷത പാലിച്ചതു കോമൺവെൽത്തു കൂട്ടുകെട്ടിന്റെ ബലഹീനതയ്ക്കു ഒരു നല്ല ഉദാഹരണമാണ്. തന്നെയല്ല, സാങ്കേതികമായ പല കുഴഞ്ഞ പ്രശ്നങ്ങളും അയർലണ്ടിന്റെ നിഷ്പക്ഷത ഉന്നയിച്ചിട്ടുണ്ട്. ബ്രിട്ടനിലെ രാജാവായ ജോർജ്ജ് ആറാമൻ ഹിററ്ലറുമായി യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ, അയർലണ്ടിലെ രാജാവായ ജോർജ്ജ് ആറാമൻ ഹിററ്ലറുമായി സഖ്യത്തിൽ ഇരിക്കുകയെന്നതാണ് ഈ ബന്ധവൈജാത്യത്തിന്റെ ഫലം. ഒരു രാജാവിനു പല രാജ്യങ്ങളിൽ രാജാവായിരിക്കാമെങ്കിലും, ആ രാജ്യങ്ങളിൽ പരസ്പരവിരുദ്ധമായ നയം സ്വീകരിക്കുകയെന്നതു വളരെ വിചിത്രമായിതോന്നും. പക്ഷേ ഇപ്പോൾ അയർലണ്ടുതന്നെ ഈ കുഴഞ്ഞ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കിയിരിക്കുന്നു. ബ്രിട്ടീഷുരാജാവുമായി അയർലണ്ടിനുണ്ടായിരുന്ന സകല വ്യവസ്ഥാപിത ബന്ധങ്ങളും അവസാനിപ്പിക്കുന്ന ഒരു ബില്ലാണു കഴിഞ്ഞ ആഴ്ചയിൽ അവിടുത്തെ പ്രധാന മന്ത്രി അവതരിപ്പിച്ചതു് രാജാവില്ലാത്ത ഒരു പരിപൂർണ്ണ റിപ്പബ്ലിക്കായിട്ടാണു അയർലണ്ടു ഇപ്പോൾ രൂപപ്പെടുത്തിയിരിക്കുന്നതു്. ഇന്ത്യയിലും റിപ്പബ്ലിക്ക് ആദർശത്തിനു വളരെ പ്രാബല്യമുണ്ടെന്നു ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിൽ പാസ്സാക്കിയ റിപ്പബ്ളിക്കൻ പ്രമേയം ശരിയായി തെളിയിക്കുന്നുണ്ടല്ലോ. രാജാധികാരം അംഗീകരിക്കാത്ത ഒരു രാഷ്ട്രത്തിനു കോമൺവെൽത്തിൽ സ്ഥാനമുണ്ടോ എന്നുള്ളതു ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോൺഫ്രൻസിലെ ഒരു പ്രധാന ചർച്ചാവിഷയമായിരിക്കും.

—o—

# ലോകവാണിയെപ്പററി

അഭിപ്രായങ്ങൾ:

**ഏ. ബാലകൃഷ്ണപിള്ള.**

ലോകവാണിയ്ക്കുള്ളതു വ്യക്തിമുദ്രയുള്ള ഏതാനും ലേഖകരും അതുള്ള ഒരു പത്രാധിപരുമാണു്........

**ഇ. എം. കോവൂർ.**

മലയാളത്തിൽ പ്രത്യക്ഷപ്പെടുന്ന ഒന്നാംകിട പ്രസദ്ധീകരണങ്ങളിൽ ഒന്നായി ഞാൻ ലോകവാണിയെ ഗണിക്കുന്നു.... ....ഭാവനാശക്തിയും, മേധാശക്തിയും, ചിന്താശക്തിയുമുള്ള എഴുത്തുകാരേ ലോകവാണിയ്ക്കു എങ്ങനേയോ എല്ലാ ലക്കത്തിലും കിട്ടുന്നുണ്ടു്.........

**കാരൂർ നീലകണ്ഠപ്പിള്ള.**

സാഹിത്യപരവും ദേശീയവുമായി ഒരു വലിയവിജയം അതു (ലോകവാണി) കരസ്ഥമാക്കിയിട്ടുണ്ടു്. ഓരോറിഷയ്ക്കുളിൽ പാഗത്ഭ്യമുള്ള എഴുത്തുകാരേ ലോകവാണി അണിനിരത്തിയിരിക്കുന്നു. വിജ്ഞാനത്തിനും വിനോദത്തിനും വേണ്ട വിഭവങ്ങൾ ധാരാളമുണ്ടു് എല്ലാലക്കങ്ങളിലും .......

**എസ്. ഗുപ്തൻനായർ.**

ലോകവാണിക്കു എപ്പോഴും ഒരു ചിട്ടയുണ്ടു് – അടുക്കുണ്ടു്. പ്രസാധനത്തെപ്പററി ശുഭകരങ്ങളായ ചില അഭിപ്രായങ്ങൾ അതിന്റെ പത്രാധിപക്കുണ്ടെന്നു ലോകവാണിയുടെ പല പംക്തികളും നമ്മേ അറിയിക്കുന്നു. മുഖലേഖനങ്ങൾക്കു തന്നെ എപ്പോഴും ഒരന്തസ്സുണ്ടു്. അവ പത്രാധിപക്കുറിപ്പുകളല്ല, സാഹിത്യഖണ്ഡനങ്ങൾ തന്നെയാണു്........

Regd. No. M. 5100.

# ലോകവാണി

## ഏജൻസി വ്യവസ്ഥകൾ

1. ഓരോ പ്രതിക്കും 8 ണ. വീതം ഡിപ്പോസിററ് അടയ്ക്കേണ്ടതാണ്.

2. 25% കമ്മീഷൻ അനുവദിക്കപ്പെടും.

3. വില്ക്കാത്ത പ്രതികൾ 10% വരെ തിരിച്ചെടുക്കുന്നതാണ്.

4. പ്രതികൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നെങ്കിൽ പ്രസിദ്ധീകരണത്തീയതിക്കു പത്തു ദിവസം മുമ്പേ ആഫീസിൽ അറിയിക്കേണ്ടതാണ്.

5. ബില്ലുകളനുസരിച്ചുള്ള തുക ഓരോ മാസവും 5–ാംനു-ക്കകം അടയ്ക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയാൽ ഏജൻസി നിറുത്തിയതായി ഗണിക്കുന്നതാണ്.

കത്തിടപാടുകൾ താഴെ ചേർക്കുന്ന വിലാസത്തിൽ :

The Manager,
Lokavani Office,
Tambaram.

Printed by V. Balasubramanian at The Raja Power Press. 16/1 Royapetta High Road, Madras. Edited and published by K. M. George M. A., 16/1 Royapetta High Road, Madras.